വീട്ടിലെ കാറിന്റെ പിന്നിൽ മുത്തച്ഛനെ താങ്ങിയിരുത്തി ആസ്പത്രിയിലേക്കു പുറപ്പെടാറായപ്പോൾ അച്ഛൻ പറഞ്ഞു "ഉണ്ണി, നീയും പുറപ്പെട്ടോ. നിനക്കിപ്പോൾ ഒഴിവല്ലേ. കോളേജിൽ പോവണ്ടല്ലോ"

ആസ്പത്രിയിൽ കിട്ടിയതു് പെയ്‌വാർഡിലെ രണ്ടു കിടക്കകൾ വിരിച്ചിട്ടുള്ള ഈ മുറിയാണു്. ഇന്നലെവരെ മറ്റേ ബെഡ്ഡു് ഒഴിഞ്ഞു കിടന്നിരുന്നു. ഇന്നലെയാണു് രാമകൃഷ്ണനെ പ്രവേശിപ്പിച്ചതു്—

കിടന്ന കിടപ്പിൽ മുത്തച്ഛനൊന്നു ഞരങ്ങി. കണ്ണുകൾ പതുക്കെ തുറന്നടയ്ക്കുകയും ചെയ്തു.

അയാൾ മുത്തച്ഛനെ സൂക്ഷിച്ചു. ഈശ്വരാ, ഇതവസാനത്തെ ചലനങ്ങളാണോ ?

ശ്വാസം നേരെ വീണതു്, സാധാരണ പോലെ ശ്വാസഗതി തുടങ്ങുന്നതു കണ്ടപ്പോഴാണു്.

ജീവിതത്തിന്റെയും മരണത്തിന്റെയും ലോലമായ അതിർത്തിരേഖയ്ക്കുള്ളിൽനിന്നുകൊണ്ടു്, ജീവിതത്തിനുവേണ്ടി, മരണവുമായി മല്ലടിക്കുന്ന മുത്തച്ഛനെ കണ്ടപ്പോൾ ഉണ്ണിയുടെ കണ്ണുകൾ നിറഞ്ഞു.

ഈശ്വരാ, കഠിന വേദനയിൽ നിന്നു് നിഷ്കളങ്കനായ ഈ മനുഷ്യനെ ഒഴിവാക്കി സമാധാനത്തിന്റെ പാതയിലേക്കു നയിക്കണേ— ഒന്നുകിൽ ജീവിതത്തിന്റെ പാതയിലേക്കു്, അല്ലെങ്കിൽ........

അതോർത്തപ്പോൾ മനസ്സു് പതറിപ്പോയി.

മുത്തച്ഛൻ മരിക്കുന്നതിനെപ്പറ്റി ഓർക്കുവാൻ പോലും കഴിയുന്നില്ല—

ഓർമ്മ വച്ച അന്നുമുതൽ, തനിക്കു് മുത്തച്ഛൻ, കേവലം അമ്മയുടെ അച്ഛൻ മാത്രമായിരുന്നില്ല. കുട്ടിക്കാലത്തു് മുത്തച്ഛനോടൊന്നിച്ചു് "ഈശ്വരകൊട്ടാരം" കളിച്ചിട്ടുണ്ടു്. തന്നെ അക്ഷരങ്ങൾ പഠിപ്പിച്ചതു് മുത്തച്ഛനാണു്. കുട്ടിക്കാലത്തു് മുത്തച്ഛനുമൊന്നിച്ചാണു് കിടന്നിരുന്നതു്. അപ്പോൾ മുത്തച്ഛൻ പല പുരാണ കഥകളും പറഞ്ഞു തരും. കഥ പറഞ്ഞുതരാൻ, ഒരു മുത്തശ്ശിയില്ലാത്ത കോട്ടം അങ്ങനെ തീരുകയായിരുന്നു.

താൻ വലുതായതിനു ശേഷവും ഈ ഗാഢമായ ബന്ധത്തിനു് കോട്ടം തട്ടിയില്ല; ഓരോ തവണയും പരീക്ഷക്കു കിട്ടിയ മാർക്ക് അന്നന്നു് മുത്തച്ഛനെ അറിയിക്കണമെന്നു് നിർബന്ധമാണു്. രണ്ടു വർഷങ്ങൾക്കു മുമ്പു് ഒരു രോഗിയായതിനുശേഷവും ഇടക്കു തന്നെ വിളിച്ചു് കോളേജിലെ വിശേഷങ്ങളന്വേഷിക്കുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്യാറുണ്ടു്—

മുത്തച്ഛൻ തനിക്കു് ഒരു കാരണവർ മാത്രമല്ല, അദ്ധ്യാപകനും, സുഹൃത്തും, വത്സലനായ രക്ഷിതാവും കൂടിയാണു്.

മുത്തച്ഛൻ മരിക്കുമോ? മരിക്കുകയില്ലെന്നു സ്വയം സമാധാനിക്കാൻ ഉണ്ണി ശ്രമിച്ചു.

പക്ഷെ ഒരു മണിക്കൂർ മുമ്പു് മുത്തച്ഛനെ പരിശോധിക്കാൻ വന്ന ഡോക്ടർ എന്താണു പറഞ്ഞതു് ? അദ്ദേഹം പരിശോധനയ്ക്കു ശേഷം പറഞ്ഞു "വളരെ ഗുരുതരമാണു്; ലംഗ്സിൽ പഴുപ്പുണ്ടു്. ഹാർട്ട് വളരെ വീക്കാണു്. രണ്ടു മണിക്കൂർ ഇടവിട്ടു് മരുന്നു കൊടുക്കണം. മരുന്നു് നേഴ്സ് കൊടുത്തോളും. എന്തായാലും വളരെ ശ്രദ്ധയോടുകൂടി ശുശ്രൂഷിക്കണം".

മുത്തച്ഛന്റെ രോഗം വേഗം മാറണേ.

എന്നാൽ ചില സമയത്തു് മുത്തച്ഛൻ വേദനകൊണ്ടു പിടയുന്നതു കാണുമ്പോൾ, മുത്തച്ഛന്റെ സകല ദുരിതവും വേഗം അവസാനിച്ചാൽ നന്നായിരുന്നേനെ എന്നു തോന്നിപ്പോകുന്നു.

ഉണ്ണി വാച്ചിൽ നോക്കി. സമയം രണ്ടരയോടടുക്കുന്നു. സൂര്യരശ്മികൾ ജനാലയിലൂടെ മുറിയിലേക്കു കടന്നു വന്നിരുന്നു.

മനസ്സിനു് എന്തെന്നില്ലാത്ത ഒരു മ്ലാനത അനുഭവപ്പെടുന്നു!

ഊണു കഴിച്ചിട്ടു വേഗം വരാം എന്നു പറഞ്ഞു് പുറത്തേക്കു പോയ, വീട്ടിലെ വേലക്കാരൻ രാമൻ നായരുടെ പൊടിപോലുമില്ല പരിസരത്തിലെങ്ങും. അയാൾ വന്നിരുന്നെങ്കിൽ ഈ മടുപ്പിക്കുന്ന അന്തരീക്ഷത്തിൽ നിന്നു് പുറത്തു കടക്കാമായിരുന്നു.

അച്ഛൻ സന്ധ്യയോടുകൂടിയേ വരികയുള്ളൂ. ഇന്നലെ വൈകുന്നേരം വീട്ടിലേക്കു മടങ്ങിയപ്പോൾ പറഞ്ഞതങ്ങനെയാണു്.

രാമകൃഷ്ണനെ പരിചരിക്കുവാൻ വന്ന ജോസഫ് തന്നെ വിളിക്കുന്നതു കേട്ടു് ഉണ്ണി മുഖമുയർത്തി നോക്കി.

ജോസഫ് പറഞ്ഞു "ഉണ്ണികൃഷ്ണൻ, ഒരു മിനിട്ടു് നേരത്തേക്കു പുറത്തേക്കു വരാമോ ?"

ഉണ്ണി ജോസഫിനോടൊത്തു് മുറിക്കു പുറത്തിറങ്ങി. ജോസഫ് പറഞ്ഞു: "ഞാൻ ഒരു മണിക്കൂറിനകം, ലോഡ്ജിൽപ്പോയി മടങ്ങി വരാം. ഇന്നലെ ഉറങ്ങാത്തതു കാരണം തലനേരെ നില്ക്കുന്നില്ല. ഒന്നു കുളിക്കണം. അതുവരെ താങ്കൾ രാമകൃഷ്ണന്റെ കാര്യത്തിലൊന്നു ശ്രദ്ധ പതിപ്പിക്കണം. നിങ്ങൾക്കു് രാമകൃഷ്ണനുമായി പരിചയമില്ലേ ?"

"ആവാം" ഉണ്ണി മറുപടി പറഞ്ഞു.

"അയാളുടെ ചേട്ടന് കമ്പിയടിച്ചിട്ടുണ്ട്. ചേട്ടൻ വരുന്നതു വരെ, ഞങ്ങൾ, ഓഫീസിലെ സഹപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കേണ്ടി വരും" ജോസഫ് പറഞ്ഞു.

തിരിച്ചു മുറിയിൽ വന്നപ്പോൾ മുത്തച്ഛൻ കണ്ണടച്ചു്. ഒരക്ഷരമൊന്നും പുറപ്പെടുവിക്കാതെ കിടക്കുന്നുണ്ടായിരുന്നു. ആ മുഖം അല്പം ശാന്തമായ പോലെ തോന്നി. അപ്പുറത്ത ബെഡ്ഡിൽ, രാമകൃഷ്ണൻ വേദന കൊണ്ടു ഞരങ്ങി. ഉണ്ണി രാമകൃഷ്ണന്റെ അടുക്കലേക്കു ചെന്നു. അയാൾ പുലമ്പുന്നുണ്ടായിരുന്നു "അയ്യോ വേദന!

അല്പനേരം കഴിഞ്ഞ്, കണ്ണു തുറന്നു നോക്കിയപ്പോൾ ഉണ്ണിയെക്കണ്ട് അയാൾ മന്ദഹസിച്ചു.

നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി......

മുറിയിലെ കനത്ത നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് രാമകൃഷ്ണൻ ഇടറിയ സ്വരത്തിൽ ചോദിച്ചു: "ഡോക്ടർ എന്തു പറഞ്ഞുവെന്ന് നിങ്ങൾക്കറിയാമോ? എന്റെ നെഞ്ചു വേദന ഭേദമാകുമോ?"

"ഭേദമാകും."

എന്തോ ഓർത്തിട്ടെന്ന പോലെ രാമകൃഷ്ണൻ പറഞ്ഞു: "ഞാൻ മരണത്തെ ഭയപ്പെടുന്നു. എനിക്ക് മരണത്തെപ്പററി ചിന്തിക്കാൻ പോലും ധൈര്യമില്ല. പറയൂ. ഞാൻ മരിച്ചു പോകുമോ?"

ഉണ്ണിക്ക് എന്തു മറുപടി പറയണമെന്ന് നിശ്ചയമില്ലായിരുന്നു. ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു: "നിങ്ങൾ, മരണത്തെപ്പററിയല്ലാതെ ജീവിതത്തെപ്പററിച്ചിന്തിക്കൂ. നിങ്ങളുടെ രോഗം ഭേദമാകും. ഇപ്പോൾ വല്ലവിഷമവുമുണ്ടെങ്കിൽ എന്നോടു പറയൂ"

മുക്കാൽ മണിക്കൂറിനുശേഷം രാമൻ നായർ തിരിച്ചു വന്നു. രാമൻ നായരെ കാര്യങ്ങളെല്ലാം തിരിച്ചേല്പിച്ച് മുറിക്കു പുറത്തു കടന്നു.

തിരിച്ചു മുറിയിലെത്തിയപ്പോൾ സന്ധ്യയാകാറായിരുന്നു. അച്ഛൻ എത്തിയിട്ടുണ്ട്.

അച്ഛൻ ചോദിച്ചു "ഉണ്ണീ, എവിടെയായിരുന്നു ഇത്ര നേരം"

"പുറത്തുണ്ടായിരുന്നു."

"ഇന്നു ഞാനിവിടെയിരുന്നോളാം. രാത്രി നീയുറങ്ങിക്കോ. രാമൻ നായർ തിരിച്ചു നാട്ടിലേക്കു പൊയ്ക്കോളൂ. നാളെ ഉണ്ണി നേരത്തെ ഇവിടെ വരണം. നിന്റെ അമ്മാവൻ ഒരു പക്ഷെ കാലത്തിവിടെ വരും."

അല്പനേരം കൂടി മുത്തച്ഛന്റെ കട്ടിലിനു സമീപം നിന്നു. അതിനു ശേഷം രാമൻ നായരോടൊത്ത് പുറത്തു കടന്നപ്പോഴാണോർത്തത്, രാമകൃഷ്ണന്റെ കാര്യമന്വേഷിക്കാൻ മറന്നുപോയി. ഇനി നാളെയന്വേഷിക്കാം.

രാമൻ നായർ ചോദിച്ചു "അവിടേക്കുണ്ടോ, ആവോ"

"ഇല്ല" അയാൾ മറുപടി പറഞ്ഞു.

രാമൻ നായരോടു യാത്ര പറഞ്ഞ് ഹോട്ടലിലേക്കു നടക്കുമ്പോൾ പുറം ഇരുട്ടു പരന്നിരുന്നു.

* * *

ഉന്മേഷരഹിതമായ മററൊരു ദിനം......

ഉണ്ണി ജനാലയിലൂടെ പുറത്തേക്കു നോക്കി. ആസ്പത്രിയിലെ പൂന്തോട്ടത്തിൽ പൂക്കൾ വിടർന്നു നില്ക്കുന്നു. മുററത്തെ തേന്മാവിന്റെ ചില്ലകൾ കാററിലിളകിയപ്പോൾ, ജലകണികകൾ താഴേക്കു വീണു. പ്രകൃതി കണ്ണീർ പൊഴിക്കുകയാണോ?

മുത്തച്ഛന്, ഇന്നലത്തേക്കാൾ രോഗം കൂടുതലാണ്. ഈ ജനാലയ്ക്കൽ നിന്നാൽ മുത്തച്ഛൻ ബുദ്ധിമുട്ടി ശ്വാസം കഴിക്കുന്ന ശബ്ദം കേൾക്കാം.

അടുത്ത കട്ടിലിൽനിന്ന്, രാമകൃഷ്ണൻ സംസാരിക്കുന്ന ശബ്ദം കേട്ടപ്പോൾ ഉണ്ണിക്ക് സന്തോഷം തോന്നി. ഇന്നലത്തെപ്പോലെ ജോസഫ് വേവലാതിപ്പെട്ടു നടക്കുന്നില്ല. കാരണം, രാമകൃഷ്ണന്റെ ചേട്ടൻ വന്നിരിക്കുന്നു.





Mary George, Class III
(Member of the State Athletic team)



Rachel Mathew
(University Volley ball Player)



T. A Sathar
(Junior State Basket-ball Player)

(Runners-up in the Ernakulam District knock-out tournament and Trichur zone Inter-collegiate tournament)



WINNERS OF THE UNIVERSITY
SINGLES AND DOUBLES TOURNAMENT IN TENNIS



TENNIS TEAM 1966—'67

(Runners-up in the Ernakulam District knock-out tournament and Trichur zone Inter-collegiate tournament

*Sitting (L to R)*:—M/s. Abraham T. Koruthu (Captain), Thomas Mathew, Dr. P. M. Mathai (Principal), M. P. Stephen.

*Standing* :—Dr. A. K. Baby (President), Mr. C. P. Andrews (Lecturer in Physical Education).

WINNERS OF THE UNIVERSITY
SINGLES AND DOUBLES TOURNAMENTS IN TENNIS

*Sitting (L to R)*:—Meena Ranganathan, Principal, Krishna Ranganathan.

*Standing* :—Miss P. Kalyanikutty, Mr. C. P. Andrews.

ഉണ്ണി മുത്തച്ഛനെ നോക്കി. ശ്വസിക്കുമ്പോൾ ആ മാറും കരിവാളിച്ച മുഖവും വല്ലാതെ ചലിക്കുന്നു. അനുജത്തിയേയും കൂട്ടിയിരിക്കുന്ന അമ്മ നിറഞ്ഞ കണ്ണുകളോടെ മുത്തച്ഛനെ നോക്കി നില്ക്കുന്നു. അച്ഛനും അമ്മാവനും ഇരിക്കുന്ന കസേരകളുടെ സമീപത്തു് അനിയനും രാമൻ നായരും നില്ക്കുന്നു.

ഇവർ കാലത്തു് എപ്പോഴാണാവോ ഇവിടെയെത്തിയതു്? താൻ കാലത്തു് ഒമ്പതു മണിക്കു് ഹോട്ടലിൽ നിന്നിവിടെയെത്തിയപ്പോൾ ഇവർ വന്നു ചേർന്നു കഴിഞ്ഞിരുന്നു.

മടുപ്പിക്കുന്ന നിശ്ശബ്ദതയുടേയും അസ്വാസ്ഥ്യപൂർണ്ണമായ അന്തരീക്ഷത്തിന്റേയും മദ്ധ്യത്തിലൂടെ നിമിഷങ്ങൾ തെന്നിത്തെന്നി മുന്നോട്ടു നീങ്ങി. നിഴലുകൾക്കു് നീളം കൂടിക്കൂടി വന്നു..........

അച്ഛൻ വിളിക്കുന്നതു കേട്ടു് ഉണ്ണി തിരിഞ്ഞുനോക്കി. അച്ഛൻ ധൃതിയിൽ പറഞ്ഞു ''ഉണ്ണി വേഗം പോയി ഡോക്ടറെയും ഡ്യൂട്ടി നേഴ്സിനേയും വിളിച്ചുകൊണ്ടുവാ''

ക്ഷണനേരം കൊണ്ടവരേയും കൂട്ടി മുറിയിൽ തിരിച്ചു വന്നു. അപ്പോൾ എല്ലാവരും മുത്തച്ഛന്റെ കട്ടിലിനു ചുറ്റും വട്ടം കൂടി നില്ക്കുന്നുണ്ടായിരുന്നു. ഡോക്ടർ മുത്തച്ഛനെ പരിശോധിച്ചു. നേഴ്സിനോടെന്തോ പറഞ്ഞശേഷം മുറി വിട്ടിറങ്ങിപ്പോയി.

മുത്തച്ഛന്റെ മാറിടം വല്ലാതെ പൊങ്ങി താഴുന്നുണ്ടായിരുന്നു. അവസാനം ആ കണ്ണുകൾ തുറന്നു. ചുണ്ടുകൾ കോടി. ശ്വാസം കഴിക്കാൻ വേണ്ടി തുറന്ന വായ്‌ അതേപടി നിന്നു.

ഈശ്വരാ, ഇതവസാനത്തെ ശ്വാസമാണോ?

നേഴ്സ് കണ്ണും വായും അടപ്പിച്ച ശേഷം ആരെയും തിരിഞ്ഞു നോക്കാതെ, മുറിയിൽ നിന്നു് പുറത്തേയ്ക്കു പോയി.

എല്ലാവരും സ്തംഭിച്ചു നില്ക്കുകയായിരുന്നു. അച്ഛൻ പതുക്കെപ്പറഞ്ഞു: ''എല്ലാം കഴിഞ്ഞു.'' അമ്മയുടെ നിലവിളിയുയരുന്നുണ്ടായിരുന്നു.

ഉണ്ണി ചലനരഹിതനായി അവിടെ നിന്നുപോയി. തീരെ വിശ്വസിക്കാൻ കഴിഞ്ഞില്ല, മുത്തച്ഛൻ മരിച്ചുവെന്നു്.

വിളറി വെളുത്ത മുത്തച്ഛന്റെ ദേഹം, കിടക്കയിൽ അനക്കമില്ലാതെ കിടക്കുന്ന കാഴ്ച വേദനയോടെ നോക്കി നിന്നു.

മുത്തച്ഛൻ മരിച്ചു!

ആ മൃതശരീരത്തിനു സമീപം നില്ക്കുന്നതു് അസഹ്യമായിത്തോന്നി. ഉണ്ണി ജനാലയ്ക്കടുത്തിരിക്കുന്ന സ്റ്റൂളിൽ വന്നിരുന്നു്, ജനാലപ്പടിയിന്മേൽ തലചായ്ച്ചു കിടന്നു.

ക്ലോക്കിൽ നാലടിക്കുന്ന ശബ്ദം വ്യക്തമായി കേട്ടു.

ഉണ്ണി ഓർക്കുകയായിരുന്നു.

മുത്തച്ഛനു് മരണം ഒരനുഗ്രഹമായിരുന്നില്ലേ? മരണം സ്നേഹശീലനായ ഒരു സുഹൃത്തിനെപ്പോലെ വന്നണഞ്ഞു മുത്തച്ഛനെ വേദനകളിൽനിന്നു മോചിപ്പിച്ചിരിക്കുന്നു. മുത്തച്ഛൻ നിത്യസമാധാനത്തിലേക്കു നയിക്കപ്പെട്ടു.

ചൂടും വെളിച്ചവുമില്ലാത്ത, വികാരവിചാരങ്ങളില്ലാത്ത, വേദനയില്ലാത്ത ഒരു ലോകത്തു് മുത്തച്ഛൻ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു!

ആംബുലൻസുവാൻ സൗകര്യത്തിനു കിട്ടിയപ്പോൾ സന്ധ്യയായി, അതുവരെ മുത്തച്ഛന്റെ ദേഹം ആസ്പത്രിയിലെ ശവമുറിയിൽ വച്ചിരിക്കയായിരുന്നു.

മൃതശരീരം ആംബുലൻസ് വാനിൽ കൊണ്ടുവന്നുവച്ചു. അച്ഛൻ തന്റെ സാധനങ്ങൾ അവസാനമായി തിരയുകയായിരുന്നു., അമ്മാവൻ ആസ്പത്രിയിലെ തൂണും ചാരി നില്ക്കുന്നു.

മറ്റുള്ളവരെയെല്ലാം, രാമൻനായരുടെ കൂടെ നേരത്തെ വീട്ടിലേക്കയച്ചിരുന്നു.

അച്ഛൻ പറഞ്ഞു ''ഉണ്ണീ, ഞാൻ ടോർച്ച് മുറിയിൽവച്ചു മറന്നു. വേഗം പോയി എടുത്തുകൊണ്ടുവാ.''

ഉണ്ണി മുത്തച്ഛൻ കിടന്നിരുന്ന മുറിയിലേക്കു വേഗം നടന്നു. മുറിയിലെത്തിയപ്പോൾ കണ്ടതു ജോസഫ്, ഉൾപ്പെടെയുള്ളവർ രാമകൃഷ്ണന്റെ കിടക്കയ്ക്കു സമീപം നിശ്ശബ്ദരായി നില്ക്കുന്നതാണ്.

രാമകൃഷ്ണൻ വെട്ടിയിട്ട തടിപോലെ കിടക്കയിൽ കിടക്കുന്നു. എന്തുപറ്റി രാമകൃഷ്ണന് ?

ജോസഫിനെ വിളിച്ച് പതുക്കെ ചോദിച്ചു. ജോസഫ് താഴ്ന്ന സ്വരത്തിൽ പറഞ്ഞു, " രാമകൃഷ്ണൻ മരിച്ചുപോയി. പതിനഞ്ചു മിനിട്ടോളമായി."

ഉണ്ണി അവിടെത്തന്നെ നിന്നുപോയി!

ജീവിതത്തെ അഗാധമായി സ്നേഹിക്കുന്ന, മരണത്തെ കഠിനമായി ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന രാമകൃഷ്ണനെ മരണം കീഴ്പ്പെടുത്തി. തീരെ നിർദ്ദയം!

മരണം രണ്ടുമണിക്കൂർ മുമ്പ് ഒരു സ്നേഹദൂതനെപ്പോലെയാണ് ഈ മുറിയിൽ കടന്നുവന്നത്. ഇപ്പോഴോ ക്രൂരനായ ഒരു ശത്രുവിനെപ്പോലെ!

അച്ഛന്റെ ടോർച്ച് കട്ടിലിന്റെ അടിയിൽനിന്നു കിട്ടി. അതുംകൊണ്ടു മുറിയിൽ നിന്നു പുറത്തു കടന്നു.

ആസ്പത്രി വരാന്തയിലെ വിളക്കുകളുടെ മങ്ങിയ വെളിച്ചത്തിലൂടെ, ആംബുലൻസ് വാനിനെ ലക്ഷ്യമാക്കി നടക്കുമ്പോൾ മരണത്തെക്കുറിച്ചുള്ള ധാരണ സ്വയം തിരുത്താൻ ശ്രമിച്ചു: മരണം ഒരു സ്നേഹദൂതൻ മാത്രമല്ല. ക്രൂരനായ ഒരു ശത്രു കൂടിയാണ്.





# കൃതാർത്ഥത

Lathika B., Class I. English.

ആശതൻ നിറവായിട്ടതെന്നും
ആശ്രയമൊടെന്നോ ചുഴിഞ്ഞുനോക്കി
പൊള്ളയായ കാലത്തിൻ പൊന്നിൻ കിനാക്കളിൽ
തത്തിക്കളിക്കയായന്തരംഗം
കാലമാം ചക്രത്തിൽത്തങ്ങിക്കറങ്ങിഹാ !
നാലുവസന്തം കടന്നുപോയി...................

X X X

മന്നിന്റെ സൗന്ദര്യമൊന്നിച്ചുചേർന്നപോൽ
വിണ്ണിൻ വെളിച്ചമതെന്ന പോലെ,
നില്പുമക്കോമള രൂപമെന്നുള്ളത്തിൽ
ചിത്രം വരച്ചിച്ചതെപ്പോഴാണോ ?
രക്തം തുടിപ്പിന്റെ ഭാവഹാവാദികൾ
ഒത്തിണങ്ങിട്ടന്നൊരായുവത്വം
കണ്ണിലൂടിക്കരൾത്തട്ടിൽ ലയിക്കയാൽ
കണ്ണിമ പൂട്ടി ഞാൻ കൈകൾ നീട്ടി.
സ്നേഹമകരന്ദ ധാരയൊഴുകുന്ന
മോഹനം കണ്ണിണയാലുടനെ
എന്നെത്തലോടിത്തലോടിയുള്ളു നീ
വിണ്ണിലെത്താരകമായി മാറി.
വ്യോമത്തിൽ നിന്നിങ്ങുതാഴെപ്പതിക്കമോ,
രോമൽക്കിനാവായിത്തീർന്നുപോയ് ഞാൻ
ശൂന്യമാമെന്നുടെ ജീവിതപ്പാഴ്ത്തിരി
ത്തുമ്പിൽത്തെളിക്കയായ് കൊച്ചു ദീപം
മങ്ങിയുമൊട്ടൊട്ടൊളിഞ്ഞും തെളിഞ്ഞുമ-
തെന്തിനാതാരികച്ചുഞ്ചലിച്ചു,
അജ്ഞാതമാനന്ദ വൃഷ്ടിയിലന്ന-
മാനോളമന്നു ചെയ്യുമായിരുന്നു.
പാവന സ്നേഹത്തിൽ മഗ്നമാം മാനസം
ഭാവനാലോകത്തിൽച്ചെന്നുപറ്റി.
രണ്ടു നിമിഷത്തേക്കെങ്കിലുമാനന്ദ-
മുണ്ടു കൃതാർത്ഥത കൈവരിക്കാൻ
തൊട്ടാൽ മറയുമാപ്പൊന്നിൻ കിനാക്കളെ
ഞെട്ടിപ്പുണർന്നു ഞാൻ നിന്നുപോയി,

# കേരളത്തിലെ ജനാധിപത്യഭദ്രത

എസ്. ബി. എസ്. മണി, Sr. P. D. C. Gr. II. U. C. College

നമ്മൾ സ്വാതന്ത്ര്യത്തിന്റെ ഇളംവായു ശ്വസിക്കാൻ ഇടങ്ങിയിട്ട് 19 നീണ്ട വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്ക് മുൻപും പിൻപുമായി, രാജാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ജനാധിപത്യത്തിന്റെയും കനികൾ നമ്മൾ ഭക്ഷിച്ചു കഴിഞ്ഞിട്ടുണ്ട്. ആ അനുഭവങ്ങളെ ഒന്ന് അയവിറക്കി നോക്കുക, അപ്പോളറിയാം മധുരനിഷ്യന്ദിയേതാണെന്ന്, തിക്തകസമാനമേതാണെന്ന്. ആ അനുഭവങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ പൂർവ്വികരുടെ അന്തസ്സത്തയിൽ അഭിമാനം കൊള്ളുന്ന നാം ഇന്നത്തെ നമ്മുടെ ഭരണനേതാക്കളുടെ വിദേശനയത്തിലും അഭിമാനം കൊള്ളുന്നു. 'ഞാൻ ഇന്ത്യാക്കാരനാണ്' എന്ന് ഉറക്കെ തലയുയർത്തിപ്പിടിച്ചു പറയുവാൻ നമുക്കു കഴിയും. പക്ഷേ ഞാൻ കേരളീയനാണ് എന്ന് കേരളത്തിനു പുറത്തുള്ള ഒരു രാഷ്ട്രീയ സദസ്സിൽവച്ച് ഒന്നു വിളിച്ചു പറയുക. മററുള്ളവരുടെ പ്രതികരണങ്ങൾ നമ്മുടെ ജനാധിപത്യത്തിന്റെ കെട്ടുറപ്പിനെപ്പററി നമ്മെ ബോധവാന്മാരാക്കാൻ പോരുന്നവയാണ്.

എന്താണീ ജനാധിപത്യമെന്ന വാച്യാർത്ഥം? 'ഡെമോക്രസി' എന്ന പദം ജനതയുടെ ഭരണം എന്ന അർത്ഥത്തെയാണ് ഉൾക്കൊള്ളുന്നത്. അതായതു ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ജനങ്ങളുടേതായ ഒരു ഭരണവ്യവസ്ഥയത്രെ ജനാധിപത്യം. ഇന്നലെ പെററ സ്വാതന്ത്ര്യമോഹവഷത്തിൽ കാണാത്ത ജനാധിപത്യമെന്ന തകരപ്പെട്ടിക്ക് സേച്ഛാധിപത്യത്തിന്റെയോ രാജാധിപത്യത്തിന്റെയോ വൻകോട്ടകളിൽ സ്ഥാനമില്ല. ആ വൻകോട്ടകളിൽ വ്യക്തിക്കാണ് പ്രാധാന്യം. ഇവിടെ രാഷ്ട്രമുൾക്കൊള്ളുന്ന ജനസമൂഹത്തിന്—സ്ത്രീപുരുഷഭേദമില്ലാതെ—ആണ് പ്രാധാന്യം. 'തിരുവായ്ക്കെതിർ വായില്ലാതിരുന്ന' ആ കാലഘട്ടത്തിൽ നിന്ന് മാറി ഓരോ പൌരന്റെയും വാക്കിനും വിലയുണ്ടെന്നും ഓരോ പൗരന്റെയും വായ് ഓരോ എതിർ വായാണെന്നും ഉള്ള സാഹചര്യത്തിലാണ് ജനാധിപത്യം തഴച്ചു വളരുന്നത്. വ്യക്തിപ്രാധാന്യം തളരുമ്പോൾ സമൂഹപ്രാധാന്യം വളരുകയാണ്.

ഭാരതം ഒരു ജനാധിപത്യരാജ്യമാണ്. കേരളം ഒരു ജനാധിപത്യരാഷ്ട്രത്തിലെ ഒരു സംസ്ഥാനവുമാണ്. ഇവിടെ എന്നല്ല ഏതു ജനാധിപത്യ രാഷ്ട്രത്തിലും ഭൂരിപക്ഷമുള്ള ഒരു ആശയക്കാർ—പാർട്ടി എന്ന് വേണമെങ്കിൽ അവരെ വിളിക്കാം—രാജ്യഭരണം നടത്തുന്നു. ഏതൊരു പാർട്ടിയുടെയും ലക്ഷ്യം അധികാരപ്രാപ്തിയാണ്. അധികാരത്തിലെത്തേണ്ടത് ഏതൊരു പാർട്ടിയുടെയും ആവശ്യവും ആഗ്രഹവുമാണ്. പക്ഷേ നേരായ മാർഗ്ഗം വെടിഞ്ഞു നടക്കുന്നത് ആ പാർട്ടിയുടെ നാശത്തിനു കാരണമാകും. ആ പരിതഃസ്ഥിതി ഒട്ടും അഭികാമ്യമല്ലല്ലോ. പക്ഷേ ആ പരിതഃസ്ഥിതിയാണ് ഭാരതത്തിൽ—പ്രത്യേകിച്ച്—കേരളത്തിൽ സംജാതമായിരിക്കുന്നത്. ഇവിടെ ജനാധിപത്യതത്വസംഹിതകൾ അധികാരമോഹമെന്ന ദുർദ്ദേവതക്കു മുൻപിൽ ബലിയർപ്പിക്കപ്പെടുകയാണ്.

കേരളത്തിലെ ജനാധിപത്യചരിത്രത്തിന്റെ ഉദ്ഘാടനം ശ്രീ. പട്ടം താണുപിള്ളയുടെ കീഴിലുണ്ടായിരുന്ന ആദ്യത്തെ മന്ത്രിസഭയോടെയാണ്. അതിന്റെ പിന്നാലെ പല മന്ത്രി സഭകളുമുണ്ടായി. ഇങ്ങേയററം ശ്രീ ആർ. ശങ്കറുടെ മന്ത്രിസഭ വരെ. പക്ഷേ ഏററവും ദയനീയമായ കാര്യമെന്താണെന്നാൽ എല്ലാ മന്ത്രിസഭകളും പ്രായപൂർത്തിയാകാതെ അകാലചരമമടഞ്ഞു എന്നതാണ്. ഈ കാര്യം നമ്മുടെ മേന്മയെയല്ല വെളിവാക്കുന്നത് എന്ന് എടുത്തോതേണ്ടതുണ്ട്. നമ്മുടെ നിമിഷം പ്രതി മാറിക്കൊണ്ടിരിക്കുന്ന ചപലതയുടെയും അഭിപ്രായഭേദത്തിന്റെയും ദൃഷ്ടാന്തങ്ങളാണവ. ഈ ഒററക്കാരണം കൊണ്ടു തന്നെ വിളിച്ചോതാം ഒരു ജനാധിപത്യത്തെ നിർവ്വഹണത്തിനായി ഒരു മന്ത്രിസഭയെ തെരഞ്ഞെടുക്കുവാൻ നാം വളർന്നിട്ടില്ലെന്ന്. ജനാധിപത്യത്തിന്റെ വിത്തു വളർന്നു വന്മരമാകുവാൻ വേണ്ടത്ര വളക്കൂറു നമ്മുടെ മനസ്സാകുന്ന മണ്ണിനില്ലെന്ന്.

എന്താണിതിനു കാരണമെന്ന് ചോദിച്ചാൽ ഉത്തരമൊന്നേയുള്ളു—അജ്ഞത—കേരളീയരായ നമ്മുടെ അജ്ഞത. എഴുതാനും വായിക്കാനും നമ്മൾക്കറിയില്ലെന്നല്ല ഞാൻ അർത്ഥമാക്കുന്നത്. പിന്നെയോ, നിരന്തരമായ അദ്ധ്വാനംകൊണ്ടു തെററും ശരിയും വിവേചിച്ചറിയുവാൻ നാം പഠിച്ചു കഴിഞ്ഞിട്ടില്ല. ആരോ എന്തോ പറയുന്നതു കേട്ട് ഒരഭിപ്രായഗതിയിൽ വിശ്വസിച്ച് അതിൽനിന്ന് പിന്മാറാൻ കൂട്ടാക്കാത്ത നമ്മുടെ കടുംപിടിത്തം തന്നെ ഈ അജ്ഞത. പക്ഷേ എല്ലാവരും അജ്ഞരാണെങ്കിൽ ഈ പരിതഃസ്ഥിതി സംജാതമാകുകില്ലായിരുന്നു. പൊതുജനം കഴുതയാണെന്നറിവുള്ള കപടന്മാർ കൂടിയുണ്ട് നമ്മുടെ ഇടയിൽ. തെരഞ്ഞെടുപ്പിന് അഞ്ചാറു ദിവസം ആരുടെയും മുമ്പിൽ തലകുനിച്ച് ഒരു വോട്ടിനുവേണ്ടി ഇരക്കുന്നവരാണ് ഇക്കൂട്ടർ. നാളെ മണിമേടകളിലും ചലിക്കുന്ന കൊട്ടാരങ്ങളിലും സഞ്ചരിക്കുന്ന ഇവർ ഇന്നലെ താൻ ആരുടെ മുൻപിൽ തലകുനിച്ചോ അവരെയൊന്ന് ഓർത്തിട്ടു വേണ്ടേ?

ജനങ്ങളുടെ തെററുകൾ പൊറുക്കാം, അവരുടെ അജ്ഞതയെയോർത്ത് അവർക്ക് മാപ്പു നല്കാം. പക്ഷേ വിജ്ഞരായ ഈ നേതാക്കളുടെ അജ്ഞതയാണ് അസഹനീയവും അക്ഷന്തവ്യവും. സ്വന്തം കീശ വീർപ്പിക്കലല്ല ഒരു ജനപ്രതിനിധിയുടെ ലക്ഷ്യം, പ്രത്യുത, ജനങ്ങളുടെ ഒട്ടിക്കിടക്കുന്ന വയറുകൾ ഒരു കഷണം നല്കി വീർപ്പിക്കുവാനുള്ള മാർഗ്ഗമാരായുകയാണ്. അന്യപാർട്ടിദ്വേഷവും, അന്യപാർട്ടിയെ കരിതേച്ചു കാണിക്കലും മൂലം തന്റെ നില സുരക്ഷിതമായെന്ന—അടുത്ത തെരഞ്ഞെടുപ്പിലും താൻ സ്ഥാനാർത്ഥിയാവുമെന്ന—ചിന്തയെ എന്നന്നേക്കുമായി പിഴുതെറിയുകയാണ്.

ഓരോ പാർട്ടിയിലെ അംഗവും മനസ്സിലാക്കേണ്ട കാര്യം ഇതാണ്. ഒരു പാർട്ടിയും ദുഷിച്ചതല്ല അഥവാ ഒരു പാർട്ടിയും പൂർണ്ണമായി നല്ലതല്ല. നമ്മുടെ ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ മഹത്തായ പങ്കു വഹിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പൂർണ്ണമായി നന്മയുടെ വിളനിലമല്ല; ചൈനയെ ഒരു സുഹൃത്തായി കണക്കാക്കാൻ ഭാരതീയരോടു ആവശ്യപ്പെടുന്നതു കൊണ്ടു ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി പൂർണ്ണമായി ദുഷ്ടന്മാരുടെ പര്യായമല്ല; മതേതരരാഷ്ട്രത്തിൽ മതത്തിന്റെ പേരിൽ ജീവിക്കുന്നതായതുകൊണ്ടു മുസ്ലിം ലീഗ് ഒരു പാർട്ടിയേയല്ല എന്ന അഭിപ്രായം സാധുകരിക്കത്തക്കതുമല്ല. ഏതൊരു പാർട്ടിയും കറുപ്പിന്റെയും വെളുപ്പിന്റെയും സങ്കരമാണ്. ആ കറുപ്പും വെളുപ്പും തിരിച്ചറിയുവാൻ സാധിക്കാത്തവനാണ് സാധാരണക്കാരൻ. അജ്ഞരായ ഈ സാധാരണ ജനങ്ങളും തരത്തിനൊപ്പിച്ച് നിറം മാറുന്ന സ്വാഭിപ്രായമില്ലാത്ത കുറേ മതസമുദായനേതാക്കളും കൂടിയാണ് നമ്മുടെ ജനാധിപത്യത്തെ ഭദ്രമല്ലാതാക്കിത്തീർക്കുന്നത്. സ്വാഭിപ്രായത്തെ മാനിച്ചു ശരിയായതു ചെയ്യുന്ന ഒരു ജനത എന്ന് ഉണരുന്നുവോ അന്നേ നമ്മുടെ ജനാധിപത്യം ഭദ്രമാവൂ. അന്നേ നമ്മൾ ജനാധിപത്യത്തിന്റെ ശുദ്ധവായു ശ്വസിക്കൂ.

ഇവയെക്കാളേറെ കഷ്ടം നമ്മുടെ പത്രപ്രവർത്തകരുടെ കഥയാണ്. ഓരോ ദിനപ്പത്രവും ഓരോ രാഷ്ട്രീയ പാർട്ടിയുടെ കുത്തകയാണ്. ഓരോ പത്രത്തിന്റെയും മുഖപ്രസംഗങ്ങൾ അന്യപാർട്ടിദ്വേഷത്തിന്റെയും സ്വപാർട്ടിയുടെ തത്വപ്രചരണത്തിന്റെയും കോളങ്ങളാണ്. ഒരു കോൺഗ്രസ് പത്രത്തിന്റെ മുഖപ്രസംഗങ്ങൾ വായിച്ചാൽ കമ്മ്യൂണിസ്റ്റുകാർ മനുഷ്യവർഗ്ഗമേയല്ല എന്ന് തോന്നിപ്പോകും. കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തെപ്പററിയുള്ള മുഖപ്രസംഗം നിർമ്മാണമാരംഭിക്കുന്നത് സ്വപാർട്ടി ചിഹ്നത്തിലും അവസാനിക്കുന്നത് ഗവൺമെന്റിന്റെ പ്രസ്താവനയിലുമാണ്.

യെ ഏതെല്ലാം തരത്തിൽ ദുർവ്യാഖ്യാനം ചെയ്തു കുഴപ്പങ്ങൾ സൃഷ്ടിക്കാമോ അതിനൊക്കെ ശ്രമപ്പെട്ട മററു കറേ പാർട്ടിക്കാരുമുണ്ടിവിടെ. ആകെക്കൂടി ഒരു രാഷ്ട്രീയ ചന്തയാണ് നമ്മുടെ പ്രിയപ്പെട്ട കേരളം.

ഇവയെല്ലാം തെളിയിക്കുന്നതു ഒരു ജനാധിപത്യത്തിന്റെ കീഴിൽ വളരുവാൻ നമുക്കു പ്രായപൂർത്തിയായിട്ടില്ലെന്നാണ്. ആ പ്രായപൂർത്തി കൈവരിക്കുംവരെ കേരളീജഠരത്തിൽ പിറക്കുന്നതു് അകാലചരമത്തിനിടയാകേണ്ട മന്ത്രി സഭാ ശിശുക്കളാണ്.

ഈ അജ്ഞതാന്ധകാരത്തിൽനിന്നു പ്രബുദ്ധതയിലേക്കുയരുവാൻ മാർഗ്ഗങ്ങളേവയാണ്? ജനങ്ങളിൽ ശരിയായ രാഷ്ട്രീയബോധം ഉണർത്തുകയെന്നതാണ് ഒന്നാമത്തേതു്. രാഷ്ട്രീയബോധം ഉണർത്താൻ വിദ്യാഭ്യാസസ്ഥാപനങ്ങളെ ആശ്രയിക്കുന്നതിൽ തെററില്ല തന്നെ. നമ്മുടെ പത്രപ്രവർത്തനനിയമങ്ങളിൽ സാരമായ ചില നിബന്ധനകൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. മൗലികാവകാശങ്ങളിലെ അഭിപ്രായസ്വാതന്ത്ര്യത്തിനു എതിരാണ് ഇതു് എന്ന ആരോപണം ഉന്നയിക്കപ്പെടാം. പക്ഷേ ജനാധിപത്യഭദ്രത കൈവരിക്കണമെങ്കിൽ ഇതു കൂടിയേ തീരൂ. മൗലികാവകാശങ്ങളിൽ മുറുകെപ്പിടിക്കുന്നവർ ജനാധിപത്യഭദ്രതയുടെ നേർക്കു കണ്ണടയ്ക്കുകയായിരിക്കും.

ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ജനങ്ങളുടേതു മാത്രമായ ആ ഭരണവ്യവസ്ഥിതി വാക്കിലും പ്രവൃത്തിയിലും നടപ്പിൽ വരുത്തുന്ന ആ നല്ല കാലമിനി വന്നു കൂടുമോ? ആ കാലം—നമ്മൾ ജനാധിപത്യഭദ്രത കൈവരിക്കുന്ന ആ കാലം—വന്നുചേരുമെന്നു് പ്രത്യാശിക്കുക.

---





# വിമലയുടെ കഥ

(ബി. സാവിത്രി എം. എ.)

കഴുത്തൊടിഞ്ഞു്, ചുണ്ടു പിളർത്തിക്കിടക്കുന്ന മരതകക്കിളിയുടെ നിർജ്ജീവമായ ശരീരത്തിലൂടെ ഉറുമ്പുകൾ കേറിയിറങ്ങുന്നതു് ശൂന്യമായ ഒരു നോട്ടത്തോടെ അവൾ നോക്കി നിന്നു.

ദുഷ്ടക്കിളി, നിനക്കെന്താണു വേണ്ടത്. നീയല്ലേ എന്റെ മോഹനേട്ടനെ കൊന്നതു്.

അവളോർത്തു:

മരതകക്കിളിയെ ആദ്യമായി കണ്ടതു്, തത്തപ്പെട്ടി ഉണ്ണിയിൽ കറുത്ത സില്ക്കുനൂലുകൊണ്ടു് കിളിയുടെ രൂപം മിനഞ്ഞെടുത്തതു്, വിറയ്ക്കുന്ന കൈകളോടെ ആ ആദ്യസമ്മാനം മോഹനേട്ടനു നല്കിയപ്പോൾ, 'പ്രിയപ്പെട്ടവൾ കുഞ്ഞിഹ് സമ്മാനിക്കുന്നതു് അപകടം ആണ്' എന്നു് മോഹനേട്ടൻ പറഞ്ഞതു്, പിന്നെ, പിന്നെ, ഹാ, ഓർക്കാൻ വയ്യ!

എന്റെ മോഹനേട്ടാ, ടാറിട്ട റോഡിൽ ചലനമററു് ചോരയിൽക്കുതിർന്നു് അങ്ങു് കിടന്നപ്പോൾ കരഞ്ഞു കണ്ണീർ വാററിയ ഈ ഹതഭാഗ്യയുടെ ഭാവിയെക്കുറിച്ചോർത്തു് അങ്ങയുടെ ആത്മാവു് വേദനിച്ചിട്ടുണ്ടാവും, ഇല്ലേ?

പെട്ടന്നവൾ പൊട്ടിക്കരഞ്ഞു:

എന്റെ പുന്നാരക്കിളീ. നീയും ചത്തു പോയല്ലോ?

ചത്തുപോയതോ? കൊന്നു. കഴുത്തൊടിച്ചുകൊന്നു. എന്നിട്ടു് ഉറുമ്പുകൾക്കു തിന്നാൻ കൊടുത്തു.

ഭീതിയോടെ അവൾ ചുററും നോക്കി.

ആരെങ്കിലും കണ്ടുവോ കൊന്നതു്? ദൈവമേ, ഇതറിഞ്ഞാലുമോ?

ഇല്ല. മരതകക്കിളിയെ കൊന്നില്ല. മോഹനേട്ടനേയും കൊന്നില്ല. ചത്തുപോയി.... ചത്തുപോയി.

കാപ്പിച്ചെടിയുടെ മറവിൽക്കൂടി പതുങ്ങി പതുങ്ങി അവൾ വീട്ടിലേക്കു നടന്നു.

പോർട്ടിക്കോയിലെത്തിയപ്പോൾ ഞെട്ടിപ്പോയി. മുമ്പിൽ നിനയുടെ അമ്മ–മോഹനേട്ടന്റെ ചേച്ചി. പോലീസിലേല്പിക്കാൻ വന്നതുതന്നെ, തീർച്ച.

കരഞ്ഞുകൊണ്ടു് അവൾ അവരുടെ കാല്ക്കൽ വീണു.

'ഏടത്തി രക്ഷിക്കണേ'

അവളെ പിടിച്ചെഴുന്നേല്പിച്ചു കണ്ണീരൊപ്പിക്കൊണ്ടു് അവർ ചോദിച്ചു: "എന്താണിതു വിമലാ ?!'

പേടിച്ചരണ്ട മിഴികളോടെ തികച്ചും കാതരയായി അവൾ പറഞ്ഞു:

" ഏടത്തീ, ഞാനല്ല മരതകക്കിളിയെ കൊന്നതു്. മോഹനേട്ടനെ കൊന്നതും ഞാനല്ല "

" ആരുപറഞ്ഞു മോഹനനെ നീ കൊന്നു എന്നു്. എന്റെ കുട്ടീ, അവൻ സ്കൂട്ടറപകടത്തിൽ മരിച്ചുപോയതല്ലേ? "

" ഞാൻ കൊന്നതല്ല, ഏടത്തീ "

" ഇല്ല, വിമലേ, നീ കൊന്നിട്ടില്ല "

" അപ്പോൾ മോഹനേട്ടൻ മരിച്ചിട്ടില്ല, അല്ലേ ഏടത്തീ? "

ആകാംക്ഷയോടെ അവൾ അവരുടെ കണ്ണുകളിലേക്കു് ഉററുനോക്കിക്കൊണ്ടു നിന്നു. കൊലക്കുററത്തിനു വിധി പറയുന്നതു കേൾക്കുവാൻ കാത്തുനില്ക്കുന്ന നിരപരാധിയായ ഒരു പ്രതിയുടെ ഹൃദയത്തുടിപ്പോടുകൂടി

നിമിഷം. എന്തോ ആലോചിച്ചുനിന്നിട്ട് അവർ മൂളി:

'ഉം'

അത്യാഹ്ളാദത്തോടെ പൊട്ടിച്ചിരിച്ചുകൊണ്ട് അവൾ തോട്ടത്തിലേക്കു നോക്കി വിളിച്ചുപറഞ്ഞു:

മഞ്ഞക്കിളീ, മോഹനേട്ടൻ മരിച്ചില്ലാട്ടോ.

ആരെയൊക്കെയാണ് ഈ നല്ല വർത്തമാനം അറിയിക്കേണ്ടത്?

കഴിഞ്ഞ കണ്ണുകളോടെ വിളറിവെളുത്ത് ഈ വന്നത് അമ്മയല്ലേ? അമ്മയെന്തിന സങ്കടപ്പെടുന്നു?

ഇറന്ന ചിരിയോടെ അവൾ പറഞ്ഞു:

"അമ്മേ, മോഹനേട്ടൻ മരിച്ചിട്ടില്ലാട്ടോ. കള്ളൻ പററിക്കാൻ പറഞ്ഞതല്ലേ?"

തിരിഞ്ഞ് ഏടത്തിയോടായി അവൾ പറഞ്ഞു:

"മോഹനേട്ടനോട് നിന്നെയും കൂട്ടി ഒന്നിങ്ങോട്ടു വരാൻ പറയില്ലേ, ഏടത്തീ?"

മന്ദ[illegible] ഒരു മുല്ലപ്പൂപോലെ മനോഹരിയായിരുന്നു അവൾ. അതു പറയുമ്പോൾ, അവളുടെ വിശാലനയനങ്ങൾ പ്രതീക്ഷാനിർഭരങ്ങളായിരുന്നു. ഒരു നിമിഷംകൊണ്ടാണ് കവിളുകൾ തുടുത്തത്. വാടിക്കരിഞ്ഞ ചുണ്ടുകൾക്കുപോലും നിറഭേദം വന്നത് എത്ര പെട്ടെന്നാണ്!

ഒരു മൂളിപ്പാട്ടു പാടിക്കൊണ്ട് അവൾ സ്വന്തം മുറിയിലേക്കു നടന്നു.

"നിന്നെ മാത്രം കണ്ടില്ലല്ലോ പ്രേമചകോരീ"

കണ്ണാടിയിൽ സ്വന്തരൂപം കണ്ടപ്പോൾ അവൾ അത്ഭുതപ്പെട്ടുപോയി. എത്ര വൃത്തികെട്ടിരിക്കുന്നു താൻ! മോഹനേട്ടൻ ഈ രൂപത്തിൽ തന്നെക്കണ്ടാൽ!

ഓ! എന്തെല്ലാം പറയാനുണ്ട് മോഹനേട്ടനോട്! എത്രനാളായി കണ്ടിട്ട്!

കാണുമ്പോൾ മുഖം വീർപ്പിച്ചിരിക്കണം. ഇത്ര സങ്കടപ്പെടുത്തിയില്ലേ? ആ വേദനയിൽ മഞ്ഞക്കിളിയെക്കൂടി കൊന്നില്ലേ?

കിളിയെ കൊന്നിട്ട് നാളുകളേറെയായല്ലോ. ഉവ്വ്. ഇളംമഞ്ഞ ദേഹത്തിൽ കറുപ്പുവരകളുള്ള മഞ്ഞക്കിളിയെ കൊന്നതു നാളുകൾക്കു മുമ്പാണ്.

പക്ഷേ, ഇന്നാണല്ലോ കിളിയുടെ വെറുങ്ങലിച്ച ദേഹത്തിൽ ഉറുമ്പരിക്കുന്നതു കണ്ടത്.

കിളിയെ കൊന്നതു മോഹനേട്ടൻ മരിച്ചുപോയതിന്റെ ദേഷ്യത്തിനല്ലേ?

അയ്യോ, മോഹനേട്ടനെ കൊന്നതും താനല്ലേ?

തനിക്കു സിനിമാ കാണണം എന്നില്ലായിരുന്നെങ്കിൽ മോഹനേട്ടൻ മരിക്കുമായിരുന്നോ?

ഇപ്പോഴല്ലേ ഏടത്തി പറഞ്ഞതു മരിച്ചിട്ടില്ല എന്ന്? അതോ സ്വപ്നം കണ്ടതാണോ? ഒന്നുകൂടി ചോദിച്ചുകളയാം.

വിഭ്രാന്തിയോടുകൂടി അവൾ പൂമുഖത്തേക്കു നടന്നു. കാലുതട്ടി സാരിയുടെ വക്ക് പൊട്ടിപ്പോയത് അവൾ അറിഞ്ഞില്ല. സ്വീകരണമുറിയുടെ വിരിപ്പുലൊത്തിയപ്പോൾ തരിച്ചു നിന്നുപോയി. അകത്ത് അമ്മയും ഏടത്തിയുംകൂടി വർത്തമാനം പറയുന്നു.

"എന്തു പറയാനാ മോളെ" നാലു മാസമായില്ലേ തുടങ്ങിയിട്ട്? ഡോക്ടർ എന്നും വരുന്നുണ്ട്."

ആരെ ചികിത്സിക്കാനാണാവോ ഡോക്ടർ എന്നും വരുന്നത്? എന്നിട്ട് താനൊന്നും അറിഞ്ഞില്ലല്ലോ.

"ഡോക്ടർക്കവളെ കല്യാണം കഴിച്ചാൽ കൊള്ളാമെന്നുണ്ടെന്ന് ഇന്നലെ നിന്നുടെ അച്ഛനോടു പറയുന്നതുകേട്ടു. രണ്ടുമാസത്തിനകം അവൾക്കു സുഖമാവും എന്ന്"

"അതിനൊക്കെ എനിക്ക് യോഗമുണ്ടോ മോളെ?"

എന്തു ഡോക്ടർ? ആരെയാണ കല്യാണം കഴിക്കേണ്ടത്? അമ്മയ്ക്കെന്തിനാണ യോഗം?



"നിന്ന പറഞ്ഞിരുന്നു, അവൾക്കൊരു മഞ്ഞക്കിളിയെ ഇഷ്ടമാണെന്ന്. ആ കിളിയെയും അവൾ കൊന്നു, അല്ലേ?"

"മോഹനൻ മരിച്ചു രണ്ടു കഴിഞ്ഞപ്പോൾ അവളാക്കിളിയെ കൊന്നു"

കൂടുതലൊന്നും കേട്ടില്ല. മോഹനേട്ടൻ മരിച്ചു. ഏട്ടത്തി തന്നെ കളിപ്പിക്കുകയായിരുന്നു. തലയ്ക്കകത്തു തേനീച്ചകൾ മൂളിപ്പറന്നു. കണ്ണിൽക്കിട്ടിയതു ഫ്ളവർവാസാണ്. ആഞ്ഞെറിഞ്ഞു. ചില്ലുകൾ തകരുന്ന ശബ്ദം കേട്ടപ്പോൾ പൈശാചികമായി പൊട്ടിച്ചിരിക്കുവാൻ തോന്നി.

അറിയാതെ തേങ്ങിപ്പോയി. ആരൊക്കെയോ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു.

മുന്നിൽക്കണ്ട അവ്യക്തമായ നിഴലുകളിലേക്ക് അവൾ അർത്ഥശൂന്യമായി തുറിച്ചുനോക്കി.

ബലമുള്ള രണ്ടു കൈകൾ അവളുടെ വായ്ക്കകത്ത് എന്തോ ആക്കാൻ ശ്രമിച്ചപ്പോൾ പ്രാണവേദനയോടെ സർവ്വശക്തിയുമുപയോഗിച്ച് അവൾ തടഞ്ഞു. ഓ! ഇന്നവരെന്നെ വിഷംതന്നു കൊല്ലാൻ പോകുകയാണല്ലോ.

ഉറക്കെ വിളിച്ചുപറയണമെന്നുണ്ടായിരുന്നു:

"മോഹനേട്ടനെ കൊന്നതു ഞാനല്ലേ' അതേ! എന്നെ കൊല്ലരുതേ!

ചുറ്റും ഇരുട്ട് വ്യാപിക്കുകയാണെന്ന് അവൾക്കു തോന്നി. അജ്ഞാതമായ ഏതോ മണ്ഡലത്തിലേക്കു താൻ വഴുതിവഴുതിപ്പോവുകയാണ്. ആകാവുന്നതു ഉച്ചത്തിൽ പറഞ്ഞതാണ്.

"നിങ്ങൾക്കൊക്കെ തൃപ്തിയായില്ലേ? ഞാനിതാ മരിക്കുകയാണ്"

പക്ഷേ, ശബ്ദം പുറത്തു വന്നില്ല.

അവ്യക്തമായ ആ ലോകത്തിൽ അവൾ എന്തൊക്കെയോ കണ്ടു.

ചവിട്ടുമ്പോൾ റോസാപ്പൂക്കളെക്കാൾ മാർദ്ദവമനുഭവപ്പെടുന്ന, വെൺതരികൾ നിറഞ്ഞ വഴിത്താരയിലൂടെ അവൾ മുന്നോട്ടു നടന്നു. ചുറ്റുമുള്ള വസ്തുക്കളെല്ലാം വളരെയേറെ ഹൃദ്യമായനുഭവപ്പെടുന്നുണ്ടായിരുന്നു. പക്ഷേ, അവളുടെ ഹൃദയത്തെ മഥിച്ചിരുന്നത് താങ്ങാനാവാത്ത വിഷാദമായിരുന്നു. 'ഏകാന്തതയുടെ അപാരതീര'ത്തിലൂടെയാണല്ലോ താൻ സഞ്ചരിക്കുന്നത്!

ഇപ്പോൾ മോഹനേട്ടൻ ഉണ്ടായിരുന്നെങ്കിൽ. അവൾ ചുറ്റും നോക്കി.

അത്ഭുതംകൊണ്ടവളുടെ കണ്ണുകൾ വിടർന്നു. അതാ ചിരിച്ചുകൊണ്ടുവരുന്നതു മോഹനേട്ടനല്ലേ?

പൊട്ടിക്കരഞ്ഞുകൊണ്ട് അവളവന്റെ മാറിലേക്കു ചാഞ്ഞു.

സാക്ഷാത്കരിക്കപ്പെടാതിരുന്ന സ്വപ്നത്തിന്റെ അനന്തതയിൽ ലയിച്ചുനിന്നപ്പോൾ മധുരതരമായി അവൾ മൊഴിഞ്ഞു:

"മോഹനേട്ടാ, എല്ലാവരും പറഞ്ഞു ഞാനേട്ടനെ കൊന്നു എന്ന്"

അവൻ ആശ്വസിപ്പിച്ചു:

"മണ്ടിപ്പെണ്ണേ!"

ചിരപരിചിതമായ ആ ശബ്ദം അവളുടെ കാതുകളിൽ അമൃത വർഷിക്കുകയായിരുന്നു.

കൊഞ്ചിക്കൊണ്ട് അവൾ ചോദിച്ചു:

"അമ്മയെ കാണണ്ടേ?"

അവന്റെ മുഖം ഗൗരവമായി. അവൾ അതുവരെ കേട്ടിട്ടില്ലാത്ത ഒരു സ്വരത്തിൽ അവൻ പറഞ്ഞു:

"ഇതു മരിച്ചവർക്കു മാത്രമുള്ള സ്ഥലമാണ്, വിമലാ"

എന്തോ മന്ത്രിക്കുന്നപോലെ അവളും മെല്ലെ പറഞ്ഞു:

"ഓ! എന്നെയും അവർ കൊന്നല്ലോ"

ദിനരാത്രങ്ങൾ ഓടിമറഞ്ഞതു അവൾ അറിഞ്ഞില്ല. അത്ഭുതപൂർവമായ ഒരാനന്ദലഹരിക്കടിപ്പെട്ട് ജീവിക്കുകയായിരുന്നു അവൾ.

ഒരു ദിവസം—

അവൾ ഉറങ്ങുകയായിരുന്നു. ഉണർന്നപ്പോൾ—

മോഹനേട്ടനില്ല. അട്ടഹാസം.

പകരം,

കേട്ടുമറന്ന ശബ്ദങ്ങൾ,

എവിടെയോ കണ്ടു പരിചയിച്ചിട്ടുള്ള മുഖങ്ങൾ.

അവൾ അമ്പരപ്പോടെ ചുറ്റും നോക്കി.

സുന്ദരനായൊരു ചെറുപ്പക്കാരൻ ഉത്കണ്ഠയോടെ അടുത്തിരിക്കുന്നു.

അവൾ സൂക്ഷിച്ചുനോക്കി. ഡോക്ടർ രവികുമാറല്ലേ അതു്? മോഹനേട്ടന്റെ കൂട്ടുകാരൻ?

വിസ്മയത്തോടെ അവളുടെ ചുണ്ടുകൾ ഉച്ചരിച്ചു:

'ഡോക്ടർ'

ചെറുപ്പക്കാരന്റെ മുഖത്തു് പെട്ടെന്നു് ഒരു ചിരി പരന്നു. ചിരിച്ചുകൊണ്ടുതന്നെ അയാൾ പറഞ്ഞു:

"രവി തന്നെ. ഞാൻ വിചാരിച്ചു വിമല എന്നെ മറന്നു എന്നു്."

മറക്കുകയോ? മോഹനേട്ടന്റെ കൂട്ടുകാരനെ മറക്കുകയോ?
പക്ഷേ—

വിഷാദത്തോടെ അവളോർത്തു:

ഡോക്ടറും ഇത്ര ചെറുപ്പത്തിലേ മരിച്ചല്ലോ.

"എന്താണു വിമലാ ഓർക്കുന്നതു്?"

"എന്തു്?"

"മരിച്ചവർക്കുമാത്രമുള്ള ലോകമല്ലേ ഇതു്? മോഹനേട്ടൻ മരിച്ചു. എന്നെ അവർ കൊന്നു. ഇപ്പോൾ ഡോക്ടറും."

ഡോക്ടറുടെ മുഖത്തു വിഷാദം പരക്കുന്നതു് അവൾ ശ്രദ്ധിച്ചു. തീർച്ച. ഡോക്ടറേയും ആരോ കൊലപ്പെടുത്തിയതാണു്. അതാണിത്ര സങ്കടം.

അല്ല, ഡോക്ടർ അങ്ങു് മരിച്ചതാണോ, അതോ ആരെങ്കിലും കൊന്നതാണോ?

ആശ്വസിപ്പിക്കാനെന്നോണം അവൾ പറഞ്ഞു:

"സാരമില്ല ഡോക്ടർ. ഇവിടെ സുഖമാണു്. വരൂ മോഹനേട്ടനെ കാണിച്ചുതരാം"

പറഞ്ഞുകഴിഞ്ഞപ്പോൾ മധുരമധുരമായ ഓടക്കുഴൽനാദം കേൾക്കുന്നതായി അവൾക്കു തോന്നി. ചെവിവട്ടം പിടിച്ചു്, കണ്ണടച്ചു് അവൾ ശ്രദ്ധിച്ചു; ഓടക്കുഴലിന്റെ ശബ്ദം കൂടിവന്നു.

അവസാനം—

എല്ലാം നിലച്ചു. മുത്തുമണികൾ മുന്തിരിക്കുലകളെപ്പോലെ തൂങ്ങുന്ന ഒരു വീഥിയിലൂടെ അവൾ നടക്കുകയാണു്. കാലടിസ്വനം പോലും കേൾക്കാനില്ല. നിശ്ശബ്ദവും നിശ്ചലവും നിസ്സംഗസുന്ദരവുമായ ആ പ്രദേശത്താകെ കണ്ണോടിച്ചുകൊണ്ടു് അവൾ തേടി നടന്നു.

മോഹനേട്ടനെവിടെ?



# ജീവിതം മഹാന്മാരുടെ നോട്ടത്തിൽ

സമ്പാദകൻ



"ജീവിതത്തെ സ്നേഹിക്കാനും ആദരിക്കാനും പഠിക്കൂ; ജീവിത വൈഷമ്യങ്ങൾ എന്താണെന്നു നിങ്ങൾ അറിയേണ്ടി വരില്ല." (ഗെഥെ)

"ചോദ്യംചെയ്യപ്പെടാതെയുള്ള ജീവിതം അഭികാമ്യമല്ല." (സോക്രട്ടീസ്)

"രണ്ടു കാര്യങ്ങളടങ്ങിയതാണു് ഒരുത്തന്റെ ജീവിതം; പഠിക്കൽ, സമ്പാദിക്കൽ." (മോർളി)

"ജീവിതം! പുഞ്ചിരിക്കും കണ്ണുനീരിനുമിടയിൽ ആടിക്കൊണ്ടിരിക്കുന്ന ഒരു ലോകമാണതു്." (ബൈറൺ)

"ജീവിതത്തിനു് മൂന്നു മേഖലകളാണുള്ളതു്. ഇന്നലത്തേതു്, ഇന്നത്തേതു്, നാളത്തേതു്. കഴിഞ്ഞതിന്റെ അനുഭവവെളിച്ചത്തിൽ ഇന്നത്തേതുകൊണ്ടു നാളത്തേതുണ്ടാക്കുക." (വേർഡ്സ്‌വർത്ത്)

"ജീവിതസംതൃപ്തിയിലേക്കും സന്തുഷ്ടിയിലേക്കുമുള്ള ഒരൊററ അനുവാദപത്രം ജീവിതത്തിൽ നിങ്ങൾ പുലർത്തിപ്പോരുന്ന ആത്മാർത്ഥതയാണു്." (ഷേക്സ്പിയർ)

'ഭാഗികമായോ മുഴുവനായോ സുഖഭോഗങ്ങളുടേതായ ഒരു ജീവിതം വ്യർത്ഥവും ദരിദ്രവുമായിരിക്കും. ജീവിക്കാൻ അർഹതയുള്ള ഒന്നല്ല അതു്. സദാ അസംതൃപ്തവും അതൃപ്തവും ദുരിതപൂർണ്ണവുമായ ഒന്നായിരിക്കും അതു്." (തിയഡോർ പാർക്കർ)

"നിങ്ങൾ ഏററവും വിലമതിക്കുന്ന ആദർശത്തിനുവേണ്ടി നിങ്ങളുടെ ജീവിതം അർപ്പിക്കുക. അതാണു് ജീവിതത്തിന്റെ ആനന്ദം." (ബർണാഡ്ഷാ)

"സ്നേഹബന്ധങ്ങളാണു് നമ്മുടെ ജീവിതത്തെ ധന്യമാക്കുന്നതു്. ജീവിതത്തിനു ചുറ്റും വെളിച്ചവും പ്രദാനം ചെയ്യുന്നതു് അവയത്രെ." (ചാനിങ്)

"വികസിക്കുവാൻ ശ്രമിക്കുക, ചലനവും വളർച്ചയും മാത്രമാണു് ജീവന്റെ ലക്ഷണമെന്നു് അനുസ്മരിക്കുക." (സ്വാമി വിവേകാനന്ദൻ)

# രാഗഗീതി

പി. ബാലകൃഷ്ണൻ



പാടുവാനറിവില്ലാത്ത
മൂകഗായകനാണു ഞാൻ
മൗനവേദന തിങ്ങുന്നെൻ
രാഗലോലഹൃദന്തമേ.

കാത്തിരുന്നു നിനക്കായി-
പ്പലനാളുകൾ ഞാൻ വൃഥാ
ഒരു നല്ല ദിനാന്തത്തിൽ
കണ്ടു മുട്ടിയ മല്ലികേ.

തപംകൊണ്ടു ശ്രമം മൂലം
മനതാരിനെയേറ്റവും
മൃദുവായിത്തലോടി നീ
ഒരുനാളിൽ ശില്പകാരിയായ്.

താവകസ്പർശനം സ്വർഗ്ഗീ-
യാനുഭൂതികൾ നൽകിയേ
കണ്ണിലാനന്ദമാറാടി
തവദർശന വേളയിൽ.

ആഹ്ലാദത്തിൻ തിരക്കോളിൽ
ആനന്ദാബ്ധിയിൽ നീന്തി ഞാൻ;
മനക്കാമ്പിൽ പ്രതിഷ്ഠിച്ചു
രാഗമാലികയെന്നു നീ

നീരപ്രഭയോലുന്ന
നീലകാള രാജിയിൽ
രാഗവല്ലരി പുഷ്പിച്ച
സുമമൊന്നണിയിച്ചു ഞാൻ

നൃത്തവും ഗീതിയും ഗാന-
മേളയും വിശ്വസിച്ചു ഞാൻ:
മനംകൊണ്ടു വരിച്ചെന്നെ-
യാത്മാവിനിഷ്ട തോഴനായ്.

വിധിയാലകലത്തായ് നീ
ചക്രവാളത്തിനപ്പുറം;
ശ്രുത ശ്രുതി തേടീട്ടും
ദേവ കന്യകയെന്നപോൽ.

ഓടിയോടി വരില്ലേ നീ
രാഗമാധുരി ഇകവാൻ?
വേദനിക്കയാണിന്നും
വേർപിരിഞ്ഞൊരു മാനസം.

പാടുവാൻ വിരുതേറീടും
ഗാനദേവതയാണു നീ
പാടുകദിവ്യ സംഗീതം
ദേവി നിന്റെ മനോഗതം.



# ജോർജ്ജ് ബർണാർഡ് ഷാ

ജോൺ കോശി, കുളമിക്കാട്ട്
Class I English.

ഈ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏറ്റവും പ്രമുഖനായ നാടകകൃത്താരെന്ന ചോദ്യത്തിനൊന്നുത്തരമേയുള്ളൂ — ജോർജ്ജ് ബർണാർഡ്ഷാ. അര നൂറ്റാണ്ടുകാലം ആംഗലനാടകവേദിയെ ഈ ഐറിഷ്കാരൻ കൈയടക്കി വച്ചിരുന്നു. അദ്ദേഹം ജനിച്ചിട്ട് ജൂലായ് 26-ാം നു നൂറ്റിപ്പത്തുവർഷം തികഞ്ഞു. ഷായുടെ ജീവിതത്തിലേക്കൊന്നു കണ്ണോടിക്കാം.

1856 ജൂലായ് 26-ാം നു അയർലണ്ടിലെ ഡബ്ലിനിൽ എന്ന സ്ഥലത്താണു ബർണാർഡ്ഷാ ജനിച്ചത്. പിതാവായ ജോർജ്ജ്കാർഷാ ഒരു മദ്യപാനിയായിരുന്നു. അങ്ങനെ അസംതൃപ്തമായ ആ കുടുംബത്തിനു ആനന്ദം നൽകിയിരുന്നത് അമ്മയായ ലൂസിയാനാഗാർലിയുടെ സംഗീതമായിരുന്നു. അച്ഛന്റെ രസികത്വവും അമ്മയുടെ സംഗീതവാസനയും ഷായ്ക്കു കിട്ടിയിരുന്നു. വീട്ടുപുലർത്തുന്നതിനുവേണ്ടി പതിനഞ്ചാമത്തെ വയസ്സിൽ ഒരു ഉടമയുടെ കീഴായി ഷാ ജോലിയിൽ പ്രവേശിച്ചു. 1876-ൽ കുടുംബമൊന്നും ലണ്ടനിലേക്ക് താമസം മാറി. കുടുംബകാര്യങ്ങളെല്ലാം പിതാവിൽനിന്നു ഷാ സ്വയം കൈയേറ്റു. എഡിസൺ കമ്പനിയിലും മറ്റുമായി പല ജോലിയിൽ ഷാ പ്രവേശിച്ചുവെങ്കിലും ഒന്നിലും സ്ഥിരമായി നില്പാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അങ്ങിനെ ഒടുവിൽ അദ്ദേഹം സാഹിത്യരംഗത്തു പ്രവേശിച്ചു. അവിടെ തങ്ങിനില്ക്കുകയും സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു.

*പത്രങ്ങൾക്കും വാരികകൾക്കും* ലേഖനങ്ങളെഴുതിയാണ് ഷാ സാഹിത്യരംഗത്തേക്കു കടന്നുവന്നത്. ഇവയിൽ അധികപങ്കും സംഗീതസാഹിത്യാദികളെക്കുറിച്ചുള്ള വിമർശനങ്ങളായിരുന്നു. ഒട്ടധികം നാടകങ്ങളെപ്പറ്റി വിമർശനങ്ങളെഴുതി. കാലം കുറെ കഴിഞ്ഞെങ്കിലും ആ ലേഖനങ്ങളൊക്കെ ഇന്നും ഉത്തമമായി ഗണിക്കപ്പെടുന്നു. പല രംഗങ്ങൾ പരീക്ഷിച്ച് ഒടുവിൽ ഷാ നാടകത്തിലെത്തി. തന്റെ ആദർശങ്ങൾ പ്രകടിപ്പിക്കാൻ ഏറ്റവും ഉത്തമമെന്നു തോന്നിയ മാർഗ്ഗം അതായിരുന്നു. അതുകൊണ്ടു സ്വീകരിച്ചു അത്രമാത്രം.

എന്തും വെട്ടിത്തുറന്നു പറയുക—അതായിരുന്നു ഷായുടെ പ്രകൃതം. ഒരു പ്രത്യേക സ്വഭാവത്തിലേക്ക് മാറിനില്ക്കുന്ന തന്റെ അഭിപ്രായങ്ങൾ ആരെയും കൂസാതെ തട്ടിവിട്ടു. അവയിൽ സമുദായവിമർശനവും ഉപദേശവും എല്ലാം അടങ്ങിയിരിക്കും. ഒട്ടേപേർക്കും ഇതു രുചിച്ചെന്നു വരികയില്ല. എങ്കിലും തന്റെ ആശയങ്ങൾ തുറന്നു പറയുന്നതിനു ഷായ്ക്കു യാതൊരു മടിയുമില്ലായിരുന്നു. സമുദായത്തിനെതിരെ തന്റെ മൂർച്ചയേറിയ വിമർശനശരങ്ങൾ തൊടുത്തുവിട്ടു. ഇത് ഒട്ടു വളരെ ശത്രുക്കളെ ഷായ്ക്ക് സൃഷ്ടിച്ചു. അതൊന്നും ആ മനുഷ്യനൊരു പ്രശ്നമായിരുന്നില്ല.

വിപ്ലവാത്മകമായ ഒരു പുതിയ ചിന്താഗതിയാണു ഷാ ആവിഷ്കരിച്ചത്. ചിന്തിക്കുവാൻ ജനങ്ങളെ അദ്ദേഹം പ്രേരിപ്പിച്ചു. ഷായുടെ അഭിപ്രായങ്ങൾക്കൊക്കെ പുതുമയുണ്ടായിരുന്നു. ആ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ ചിലപ്പോൾ ഷാ രൂക്ഷമായ ഭാഷ ഉപയോഗിക്കും. ചിലപ്പോൾ ഫലിതത്തിൽ പൊതിഞ്ഞ പരിഹാസമായിരിക്കും. പൊട്ടിച്ചിരിക്കുന്നതിനിടയിലും ഷാ പ്രേക്ഷകരെ ചിന്തിപ്പിക്കും. അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട് പൊട്ടിച്ചിരിപ്പിച്ചുകൊണ്ടേ പ്രേക്ഷകരെ ചിന്തിപ്പിക്കുവാൻ സാധിക്കയുള്ളുവെന്ന്. ആദ്യമാദ്യം ഷായെ ആരും ശ്രദ്ധിച്ചില്ല. ക്രമേണ അദ്ദേഹം ഒരു ശല്യമായിത്തീർന്നു. ഇംഗ്ലീഷുകാർ അദ്ദേഹത്തെ പുച്ഛിച്ചുതള്ളി.

അദ്ദേഹത്തെ ബഹുമാനിക്കാനവർ കൂട്ടാക്കിയില്ല. പക്ഷേ ഇതുകൊണ്ടൊന്നും ഷാ പിന്മാറിയില്ല. അദ്ദേഹം തുടരെത്തുടരെ എഴുതി: എഴുതിയവയെല്ലാം പുതിയ ആദർശങ്ങൾക്കൊള്ളുന്നവയായിരുന്നു. അദ്ദേഹത്തിന്റെ നാടകങ്ങൾ ഏറ്റെടുത്തു നടത്തുവാൻ ആരും മുമ്പോട്ടു വന്നില്ല. നാടകക്കമ്പോളത്തിൽ നിലക്കള്ളിയില്ലാതെ വന്നപ്പോൾ തന്റെ അമ്മയുടെ വർത്തമാനത്തിൽ പങ്കുപറ്റേണ്ടിവന്നു ഷാക്കു്.

പക്ഷേ ക്രമേണ ഷായുടെ നാടകങ്ങൾ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. അവയെ തിരസ്കരിക്കുവാൻ നിവൃത്തിയില്ലാതെ വന്നു. മറിച്ച്, അദ്ദേഹത്തിന്റെ നാടകങ്ങൾ കാണാൻ ജനങ്ങൾ തിങ്ങിക്കൂടി. സ്വാഭാവികമെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളിൽ കഴമ്പില്ലേ എന്നു് ഇംഗ്ലീഷുകാർ ചിന്തിക്കാൻ തുടങ്ങി. യാഥാസ്ഥിതികതയിൽനിന്നുള്ള മോചനത്തിന്റെ ആരംഭമായിരുന്നു അതു്. ആളുകളെ ഇരുത്തി ചിന്തിപ്പിക്കുന്നവയായിരുന്നു ഷായുടെ കൃതികൾ. ക്രമേണ ഇംഗ്ലീഷ് നാടകവേദിയെത്തന്നെ വെട്ടിപ്പിടിച്ചുകളഞ്ഞു ഷാ.

ഷായുടെ നാടകങ്ങൾക്കു ചില പ്രത്യേകതകളുണ്ടായിരുന്നു. നാടകത്തേക്കാൾ വലിയ അവതാരിക എഴുതുമായിരുന്നു അദ്ദേഹം. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു ഇവയിൽക്കൂടി അദ്ദേഹം ചെയ്തിരുന്നതു്: അവയുടെ മഹത്വം പ്രകീർത്തിക്കുകയും ചെയ്തിരുന്നു. അവതാരികയെഴുതാൻവേണ്ടിയാണു ഷാ നാടകമെഴുതിയതെന്നു് ഒരു രസികൻ പറഞ്ഞതോർക്കുന്നു. ഷായുടെ കഥാപാത്രങ്ങൾ ചില ചിന്താഗതികളുടെ പ്രതിനിധികളായിരിക്കും. അവർ ചിലപ്പോൾ വളരെ നീണ്ടസമയം സംസാരിച്ചുകൊണ്ടിരിക്കും. തങ്ങൾ പ്രതിനിധീകരിക്കുന്ന ആശയങ്ങളാണു പറയുന്നതു്. കാണികളെ ഈ തത്വശാസ്ത്രം മുഴുവൻ മുഷിവുകൂടാതെ ഇരുത്തി കേൾപ്പിക്കുവാനുള്ള കഴിവു ഷായ്ക്കുണ്ടായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ കഴിവും.

ധിക്കാരിയെന്നും അഹങ്കാരിയെന്നും ഷായെ ഇംഗ്ലീഷുകാർ വിശേഷിപ്പിച്ചിരുന്നു. തന്റെ കഴിവുകളെക്കുറിച്ചു് അദ്ദേഹത്തിനു ശരിക്കും അഭിമാനമുണ്ടായിരുന്നു. തന്നെപ്പോലെ മഹാനായ ആരും ഇല്ലെന്നു ഷാ വിശ്വസിച്ചിരുന്നു. മറ്റൊരു നാടകകാരനും തന്നെയൊപ്പമിരിക്കാനർഹതയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഷേക്സ്പിയറെ അദ്ദേഹത്തിനു പുച്ഛമായിരുന്നു. തരം കിട്ടുമ്പോഴൊക്കെ ഷേക്സ്പിയറെ തരംതാഴ്ത്താനദ്ദേഹം ശ്രമിച്ചിരുന്നു. സമകാലീന ജനതക്കുവേണ്ടി യാതൊന്നും ഷേക്സ്പിയറിനു നൽകാനില്ലായിരുന്നുവെന്നു് ഷാ പറഞ്ഞിരിക്കുന്നു. ഇബ്സനെ ഷാ ആരാധിച്ചിരുന്നു. നാടകലോകത്തു് ഷേക്സ്പിയറിനെ കവച്ചുവയ്ക്കാൻ ഷായ്ക്കു കഴിഞ്ഞോ എന്നുള്ളതു വിവാദവിഷയമാണെങ്കിലും ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും പ്രമുഖനായ ഒരു നാടകകൃത്തെന്ന അദ്ദേഹത്തിന്റെ സ്ഥാനം എന്നും നിലനില്ക്കും. ഷേക്സ്പിയറെക്കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ നാടകകൃത്തു് ഷായാണെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഇത്ര പ്രസിദ്ധി നേടിയ മറ്റൊരു ഐറിഷുകാരനുമില്ലതന്നെ. നാടകങ്ങളുടെ എണ്ണത്തിൽപ്പോലും ഷേക്സ്പിയറെ കവച്ചുവയ്ക്കണമെന്നുള്ളതു് ഷായുടെ ഉന്നമായിരുന്നിരിക്കണം. ചെറുതും വലുതുമായി അമ്പതോളം നാടകങ്ങൾ ഷാ എഴുതിയിട്ടുണ്ടു്. ബാക്ക്ടുമെതുസലാ, പിഗ്മാലിയൻ, സെന്റു ജോയൻ, മാൻ ആൻഡ് സൂപ്പർമാൻ, ആപ്പിൾകാർട്ട്, ആംസ് ആൻഡ് ദി മാൻ ഇവ അദ്ദേഹത്തിന്റെ പ്രമുഖ നാടകങ്ങളിൽ ചിലതാണു്. ഇവയിൽ ബാക്ക്റ്റു മെതുസലാ തന്റെ മാസ്റ്റർ പീസായി ഷാ കരുതിയിരുന്നു. എന്നാൽ നിരൂപകർ അതിനെ ഷായുടെ ഏറ്റവും നല്ല നാടകമായി കരുതുന്നില്ല.

മററു എഴുത്തുകാരെ പററി ബഹുമാനമില്ലായ്മ— അതായിരുന്നു എഴുത്തുകാരനെന്നനിലയിൽ ഷായുടെ ഒരു പ്രത്യേകതയെന്നു് ചെസ്റ്റർ പീയേഴ്സൺ അഭിപ്രായപ്പെട്ടിട്ടുണ്ടു്. 1925-ൽ ഷായ്ക്കു് സാഹിത്യത്തിനുള്ള നോബൽ സമ്മാനം നല്കപ്പെട്ടു. അതദ്ദേഹത്തിനു വലിയ കാര്യമൊന്നുമായിരുന്നില്ല. അതിലൊക്കെ അപ്പുറം താൻ അർഹി-



ക്കുന്നതെന്നതായിരിക്കണം അദ്ദേഹത്തിന്റെ വിചാരം. ഫാബിയൻ സൊസൈററിയിൽ ഷാ അംഗമായിരുന്നു. ഷാ തികച്ചും ഒരു സസ്യഭുക്കായിരുന്നു. മൃഗങ്ങളെ കൊന്നു തിന്നുന്നതു തെററാണെന്നദ്ദേഹം കരുതിയിരുന്നു. തന്റെ വാക്കുകൾ രൂക്ഷമായിരുന്നെങ്കിലും മനസ്സു് മൃദുലമായിരുന്നെന്നു് ഇതു തെളിയിക്കുന്നു. താൻ ഒരു മതവിശ്വാസിയാണെന്നു് ഷാ പറഞ്ഞിട്ടില്ലെങ്കിലും ഒരു മതാനുയായിയുടെ സ്വഭാവഗുണങ്ങളെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം പുകവലിക്കുകയോ മദ്യപിക്കുകയോ ചെയ്തിരുന്നില്ല.

സമുദായത്തിലെ ദുഷ്പവശങ്ങളെ അപലപിക്കുവാൻ ഷാ ഒട്ടും മടിച്ചിട്ടില്ല. 'മിസ്സിസ് വാറൻസ് പ്രൊഫഷൻ' എന്ന നാടകത്തിൽ രൂക്ഷമായ സമുദായ വിമർശനമാണു് ഷാ നടത്തിയിരിക്കുന്നതു്. യുദ്ധത്തെയും അതിന്റെ കെടുതികളെയും വച്ചിക്കുകയാണു് 'ആംസ് ആൻഡ് ദി മാനി'ൽ ചെയ്തിരിക്കുന്നതെങ്കിൽ, 'സെന്റു ജോയനി'ൽ മതത്തിന്റെ ദുഷ്പ്രവൃത്തികളെ ഷാ വിമർശിച്ചിരിക്കുന്നു. സമുദായത്തിന്റെ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്ത ആദ്യത്തെ നാടകകൃത്തു ഷാ ആണെന്നു പറയാം. 1950-ൽ 95-ാമത്തെ വയസ്സിൽ ബർണാർഡ് ഷാ അന്തരിച്ചു.

ചുരുക്കിപ്പറഞ്ഞാൽ ഷാ ആരായിരുന്നു? പ്രഗത്ഭനായ നാടകകൃത്തു്, മഹാനായ ചിന്തകൻ, വിപ്ലവകാരി, സമുദായപരിഷ്കർത്താവു്, എല്ലാററിലുമുപരി ഒരു മനുഷ്യസ്നേഹിയും.



*By* A. K. Abdul Majeed
St. P. D. C. Group iii

# പ്രതിജ്ഞ

E. J. GEORGE Sr. P. D. C. Gr. II

സമയം കൃത്യം നാലു മണി. സുന്ദരക്കുട്ടന്മാരും തരുണീമണികളും ക്ലാസ്സിൽ നിന്നിറങ്ങി. പുറത്തേക്കുള്ള ഗേറ്റിലേക്ക് എല്ലാവരും നീങ്ങിത്തുടങ്ങി.

അവരുടെയെല്ലാം മുമ്പിലായിട്ട് രണ്ടു പേർ തലയും താഴ്ത്തി നടക്കുന്നുണ്ടായിരുന്നു. ഒരാൾ അല്പം ആടിയാടിയാണ് നടന്നിരുന്നത്.

"ആരാണത്" രവി ചോദിച്ചു.

"അവനെ അറിയില്ലേ. ഹിസ്റ്ററിഫൈനൽ ഇയർ ആയിരുന്നു. സന്തോഷ് എന്നാണ് പേര്" അപരൻ പറഞ്ഞു.

"അവനെ dismiss ചെയ്തല്ലോ" രവി പറഞ്ഞു.

"എന്തായിരുന്നു കാരണം" അപരൻ അന്വേഷിച്ചു.

"മദ്യം കഴിച്ച് ക്ലാസ്സിലിരുന്ന് ഛർദ്ദിച്ചു എന്ന് ഒരു കേസ്സുണ്ടായി. വേറെ പല കാരണങ്ങളുമുണ്ടെന്ന് പറയുന്ന കേട്ടു" രവി.

"അങ്ങനെയാണോ. അങ്ങനെ പള്ളിക്കാരൻ ആരും കാണാതെ രക്ഷപ്പെടാൻ ശ്രമിക്കുന്നതായിരിക്കും."

X X X X

പ്രശസ്തി പലവിധത്തിലുണ്ട്. നല്ല കാര്യങ്ങളാലും ചീത്ത പ്രവൃത്തികളാലും പ്രശസ്തിയാർജ്ജിക്കാറുണ്ട്. ഇതിൽ രണ്ടാമത്തെ കൂട്ടത്തിൽപ്പെട്ടതായിരുന്നു സന്തോഷിന്റെ പ്രശസ്തി.

കോളേജിനകത്തും പുറത്തും ക്രമക്കേടുകൾ കാണിച്ചതിന് ആദ്യം warning-ഉം പിന്നീട് suspension-ഉം സന്തോഷ് കൈപ്പറ്റിയിട്ടുണ്ട്.

പരീക്ഷകളിലെല്ലാം കോപ്പിയടിച്ചും മറ്റുമായി അവൻ ഒരുവിധം കടന്നുകൂടും. അങ്ങനെ ഫൈനൽ ഇയറിലെത്തി. എന്നാലും പഠിത്തത്തിലല്ല ശ്രദ്ധ.



ഒരു അദ്ധ്യയനദിവസത്തിലെ എല്ലാ പീരിയഡിലും സന്തോഷിനെ ക്ലാസ്സിൽ കാണുക പ്രയാസമാണ്. എല്ലാ പീരിയഡിലും ക്ലാസ്സിൽ കയറുന്നവർ College boys അല്ലെന്നാണ് അവന്റെ അഭിമതം.

വലിയ സാമ്പത്തിക ശേഷിയുള്ള ഒരു കുടുംബത്തിലല്ലായിരുന്നു സന്തോഷിന്റെ ജനനം. പക്ഷേ മകനെ ഒരു ബി. എ. ക്കാരനാക്കണമെന്നുള്ളത് മത്തായിച്ചേട്ടന്റെ ജീവിതാഭിലാഷമായിരുന്നു.

മാസാവസാനമാകുമ്പോഴേക്ക് മത്തായിച്ചേട്ടൻ എങ്ങനെയെങ്കിലും ഫീസ്സിനുള്ള രൂപ മകന്റെ കയ്യിൽ കൊടുക്കും. കടം മേടിച്ചെങ്കിലും മത്തായിച്ചേട്ടൻ രൂപ കൊടുത്തിരുന്നു.

മുറുക്കാൻ കടയിലും മറ്റും രൂപാ കൊടുക്കാനുള്ളതുകൊണ്ട് എല്ലാ മാസവും ഫീസ്സിൽ കൂടുതൽ രൂപ സന്തോഷ് വാങ്ങിക്ക

## CAPTAINS OF THE COLLEGE TEAMS (Men)

*Sitting (L to R)* :—Abraham Koruth (Tennis), Varkey John (Cricket), Alex M. Chacko (Basket ball), Thomas Mathew (Athletics), M. Mathew (Foot-ball).

*Standing* :—M. P. Stephen (Hockey), Thomas Cherian (Ball Badminton), K. C. John (Volley ball), M. I. Babu (Shuttle Badminton).

## CAPTAINS OF WOMEN'S TEAMS

*(L to R)* :—Sumathi Abraham (Athletics), Meena Ranganathan (Tennis), Marykutty K. K. (Volley ball), Ansa Thomas (Badminton), Mary George (Basket ball), Valsa John (Hockey).

CAPTAINS OF THE COLLEGE TEAMS (Men)



CAPTAINS OF WOMEN'S TEAMS



ATHLETIC TEAM



VOLLEY BALL TEAM : Winners of the District Tournament



ATHLETIC TEAM

*Sitting (L to R)* :—Miss Kalyanikutty, Sumathi Abraham (Captain), Dr. P. M. Mathai (Principal), Mary George, Mr. C. P. Andrews.

*Standing* :— Suseela Mathew, Alex M. Chacko, Sagar Thomas, Thomas Mathew (Captain), Ambujam K.

VOLLEY BALL TEAM : (Winners of the District Tournament)

*Squatting (L to R)* :– Miss Suma Chacko, Miss Rachel P. A.

*Sitting* :—Miss Kalyanikutty P. (Physical Directress), Ramani P. Joseph, Dr. P. M. Mathai (Principal), Marykutty K. K. (Captain), Mr. C. P. Andrews (Physical Director),

*Standing* :— Miss Annamma Thomas, Rashi John, Rachel Mathew, Saramma K. C.

മായിരുന്നു. മത്തായിച്ചേട്ടൻ ഇതൊന്നുമറിഞ്ഞിരുന്നില്ല.

എല്ലാദിവസവും ഒൻപതു മണിയാകുമ്പോഴേക്ക് രണ്ടു ബുക്കുമെടുത്തു സന്തോഷ് വീട്ടിൽ നിന്നിറങ്ങും. ബസ്സിൽക്കയറി കോളേജിലെത്തും.

പാന്റും ഷർട്ടും ധരിച്ച് 'ടിപ്പ്' ടോപ്പായിട്ട് സന്തോഷ് നടക്കാറുള്ളു. കൂട്ടുകാർക്കൊക്കെ സന്തോഷിനെ വലിയ ഇഷ്ടമാണ്; ഒരു വിധത്തിൽ ബഹുമാനവുമുണ്ട്.

ഒരു ദിവസം ക്ലാസ്സിൽ ഇരിക്കുമ്പോൾ സന്തോഷിനോട് കൂട്ടുകാരൻ മാത്യു പറഞ്ഞു.

"ഇന്നലെ ഞാനല്പം മദ്യം കഴിച്ചു. എന്തു രസമായിരുന്നെന്നോ. ഈ മാസാവസാനം നമുക്കൊന്ന് മിനുങ്ങണം".

"എന്റെ കയ്യിൽ രൂപയില്ലെടോ. ഞാനില്ല." സന്തോഷ് ഒഴിയാൻ ശ്രമിച്ചു.

"ഫീസ്സിൽ കൂടുതൽ പറഞ്ഞു വാങ്ങിച്ചാൽ മതിയെടോ" മാത്യു പറഞ്ഞു.

ഈ പ്ലാൻ സന്തോഷിനും ഇഷ്ടമായി.

അന്ന് വൈകുന്നേരം സന്തോഷ് മത്തായിച്ചേട്ടനോട് പറഞ്ഞു.

"ഈ മാസം ഫീസ്സ് 46 രൂപയാണ്".

"നാല്പത്താറു രൂപയോ? എന്താടാ നീയിപ്പറയുന്നത്". " മത്തായിച്ചേട്ടനിൽ നിന്നും ഒരു ദീർഘനിശ്വാസം ഉതിർന്നു.

"നിന്നെ പഠിപ്പിച്ചു ബി. എ. ക്കാരനാക്കുമ്പോഴേക്ക് ഞാൻ പിച്ചച്ചട്ടിയെടുക്കേണ്ടി വരുമോടാ. നല്ലവണ്ണം പഠിക്കണം കേട്ടോ".

"അവൻ നല്ലവണ്ണം പഠിക്കുന്നുണ്ടല്ലോ ഇന്നലെ രാത്രി പന്ത്രണ്ടു മണിക്ക് ഞാനെഴുന്നേറ്റപ്പോൾ അവന്റെ മുറിയിൽ വെട്ടമുണ്ടായിരുന്നല്ലോ" സന്തോഷിന്റെ അമ്മ പറഞ്ഞു.

(ഒരൊറ്റ് കത്തിച്ചിട്ട് സന്തോഷ് കിടന്നുറങ്ങിയത് പാവം അമ്മ അറിഞ്ഞില്ല.)

"കഴിഞ്ഞ പരീക്ഷയ്ക്ക് ക്ലാസ്സിൽ ഒന്നാം സ്ഥാനം എനിക്കായിരുന്നു." സന്തോഷ് ഒരു നുണ തട്ടിവിട്ടു. (നുണ പറയാൻ മിടുക്കനാണ് സന്തോഷ്).

പിറ്റേദിവസം നമ്മുടെ പ്ലാൻപാസ്സായിയെടാ എന്ന് സന്തോഷ് കൂട്ടുകാരനോട് പറഞ്ഞു.

ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. മാസാവസാനമായി.

വിയർപ്പ് പൊടിഞ്ഞുണ്ടാക്കിയ നാല്പത്താറു രൂപ മത്തായിച്ചേട്ടൻ മകന്റെ കയ്യിൽ എടുത്തുകൊടുത്തു. അതും വാങ്ങിച്ചിട്ട് സന്തോഷ് വീട്ടിൽനിന്നും ഇറങ്ങി.

കോളേജിൽ പോകുന്ന വഴി ബസ്സിൽ ഭയങ്കര കമന്റടിയാണ് സന്തോഷിന്. ബസ്സിൽ ഇരുന്ന് വളരെ ഉച്ചത്തിലല്ലാം സംസാരിച്ച് അവൻ ബഹളമുണ്ടാക്കും.

അന്നുച്ചതിരിഞ്ഞ് സന്തോഷും കൂട്ടുകാരനുംകൂടി ഒരുങ്ങിയിറങ്ങി പട്ടണത്തിലേക്ക് തിരിച്ചു. പക്ഷേ സമയത്ത് അന്ന ബസ്സ് കിട്ടിയില്ല.

നിരാശരായി അവർ ക്ലാസ്സിലേക്ക് മടങ്ങി.

പിറ്റേദിവസം നോട്ടീസ് ബോർഡിൽ ഫീസ് കൊടുക്കാത്തവരുടെ ലിസ്റ്റിൽ സന്തോഷിന്റെ പേരും ഉണ്ടായിരുന്നു. പക്ഷേ സന്തോഷ് അതൊന്നും കണ്ടിരുന്നില്ല.

അന്നുച്ചതിരിഞ്ഞ് രണ്ടുപേരുംകൂടെ ബസ്സ് സ്റ്റാന്റിലേക്ക് പോയി. ഭാഗ്യത്തിന് ബസ്സ് കിട്ടി.

രണ്ടുപേർക്കുമുള്ള ടിക്കറ്റു സന്തോഷ് എടുത്തു. രണ്ടുപേരുംകൂടി വിദേശമദ്യം വില്ക്കുന്നിടത്ത് കയറി നല്ലവണ്ണം കുടിച്ചിട്ട് പുറത്തിറങ്ങി.

സന്തോഷിന്റെ തല കറങ്ങുന്നുണ്ടായിരുന്നു. കൂട്ടുകാരന്റെ കൈപിടിച്ച് അവൻ ബസ്സിൽ കയറി.

ബസ്സിറങ്ങി രണ്ടുപേരും കോളേജിലെത്തി. സന്തോഷിന്റെ തല അപ്പോൾ നേരെ നിന്നിരുന്നില്ല. പക്ഷേ കൂട്ടുകാരനിൽ യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല.

ക്ലാസ്സിൽ കയറി സന്തോഷ് പുറകിലത്തെ ബഞ്ചിൽ സ്ഥലം പിടിച്ചു.

മദ്യത്തിന്റെ ശക്തികാരണം സന്തോഷ് ഡെസ്കിൽ തലവച്ച് കിടന്നു.

ആദ്യത്തെ പിരിയഡ് ചരിത്രാദ്ധ്യാപകന്റേതായിരുന്നു. അദ്ദേഹം പൊടിപൂരമായി ക്ലാസ്സ് എടുത്തുകൊണ്ടിരുന്നു. പക്ഷെ സന്തോഷ് ഇതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അവൻ തലഡെസ്കിന്മേൽ വച്ച് കിടക്കുകയായിരുന്നു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ പുറകിൽ നിന്നും ഗള, ഗള എന്നൊരു ശബ്ദം കേട്ടു. എല്ലാവരും പുറകിലേക്ക് നോക്കി.

"Who is that? Stand up there" ചരിത്രാദ്ധ്യാപകൻ ഉറക്കെ പറഞ്ഞു, പക്ഷെ ആരും എഴുന്നേറ്റില്ല.

സാർ പതുക്കെ അവസാനത്തെ ഡെസ്കിന്നടുത്തേക്ക് നടന്നു.

പുറകിലത്തെ ബെഞ്ചിന്റെയടുത്തെത്തിയ സാർ സ്തംഭിച്ചുനിന്നു പോയി. എന്താണവിടെ കണ്ടത്?

സന്തോഷ് ഡെസ്കിൽ മുഴുവൻ ഛർദ്ദിച്ചു കിടക്കുകയായിരുന്നു. മുമ്പിലത്തെ ബഞ്ചിൽ ഇരുന്ന ചിലരുടെ ഷർട്ടിലെല്ലാം തെറിച്ചിരുന്നു. സന്തോഷിനു ശരിക്ക് ബോധവുമില്ലായിരുന്നു.

സാർ ഉടൻ തന്നെ ക്ലാസ്സിൽനിന്നു ഒരു കുട്ടിയെ പറഞ്ഞയച്ചു കോളേജിലെ രണ്ട് ശിപായിമാരെ വിളിച്ചു കൊണ്ടുവന്നു.

അവരുടെ ക്ലാസ്സിനു അന്നുച്ചത്തേക്ക് പ്രിൻസിപ്പൽ അവധിയനുവദിച്ചു. രണ്ട് കുട്ടികളുടെ സഹായത്തോടെ സന്തോഷ് കോളേജിന്റെ വരാന്തയിലേക്ക് മാറ്റപ്പെട്ടു.

പ്രിൻസിപ്പൽ ഉടൻ തന്നെ സന്തോഷിന്റെ പിതാവിനു ആളെ പറഞ്ഞയച്ചു. കാര്യമെന്തന്നറിയാതെ മത്തായിച്ചേട്ടൻ കോളേജിലേക്ക് തിരിച്ചു.

ഇതിന്നിടയിൽ സന്തോഷിന്റെ കൂട്ടുകാർ കുറച്ചു വെള്ളംകൊണ്ടുവന്ന് അവന്റെ മുഖമെല്ലാം തളിച്ചു. അപ്പോഴും വായിൽ നിന്നു പതയും നുരയും വന്നുകൊണ്ടിരുന്നു. സന്തോഷ് അബോധാവസ്ഥയിൽ അവിടെ കിടന്നു.

കുറച്ചു സമയം കഴിഞ്ഞപ്പോഴേക്ക് സന്തോഷ് ഒരു വിധത്തിൽ അവിടെ എഴുന്നേറ്റിരുന്നു.

ബസ്സിൽ നിന്നിറങ്ങിയ മത്തായിച്ചേട്ടൻ കോളേജിലേക്കോടി. അദ്ദേഹം പ്രിൻസിപ്പലിന്റെ മുറിയിലേക്ക് നടന്നു നീങ്ങി.

മത്തായിച്ചേട്ടനെ കണ്ടപ്പോൾ പ്രിൻസിപ്പൽ ഉടൻതന്നെ കസേര നീക്കിയിട്ട് ഇരിക്കാൻ പറഞ്ഞു. പക്ഷെ മത്തായിച്ചേട്ടൻ ഇരുന്നില്ല.

"ഒരു മകൻ ഈ കോളേജിൽ പഠിക്കുന്നില്ലേ. സന്തോഷെന്നല്ലേ പേര്?" പ്രിൻസിപ്പൽ സംസാരം ആരംഭിച്ചു.

"അതെ, അതെ. എന്റെ മകനെന്തുപറ്റി. എവിടെ അവൻ?" മത്തായിച്ചേട്ടൻ ധൃതി പിടിച്ചു.

"കാര്യമെല്ലാം ഞാൻ വിശദമായി പറയാം. അവനു കുഴപ്പമൊന്നും പറ്റിയിട്ടില്ല. പക്ഷെ അവനെ ഇനി ഇവിടെ പഠിപ്പിക്കുക പ്രയാസമാണ്. ഈ മാസത്തെ ഫീസ്സ് തന്നിട്ടില്ല. മാത്രമല്ല ഇന്ന് അവൻ മദ്യം കുടിച്ച് ക്ലാസ്സിൽ ഛർദ്ദിച്ചു. അതുകൊണ്ട് അവനെ ഈ കോളേജിൽനിന്ന് വിടാൻ ഞാൻ തീരുമാനിച്ചിരിക്കയാണ്. അവനെ ആ വരാന്തയിൽ കിടത്തിയിട്ടുണ്ട്" പ്രിൻസിപ്പൽ പറഞ്ഞു നിർത്തി.

"ഹെന്റു! അവൻ ഫീസ്സ് തന്നില്ലേ? ഞാൻ കൊടുത്തതാണല്ലോ അവന്റെ കയ്യിൽ," ഇത്രയും പറഞ്ഞു മത്തായിച്ചേട്ടൻ പ്രിൻസിപ്പൽ പറഞ്ഞിടത്തേക്ക് ഓടി.

മത്തായിച്ചേട്ടൻ ചെന്നപ്പോൾ സന്തോഷ് ബെഞ്ചിന്മേൽ എഴുന്നേറ്റിരിക്കയായിരുന്നു. മത്തായിച്ചേട്ടനെ കണ്ടപ്പോൾ സന്തോഷിന്റെ തല താണു.

മകനെ കണ്ടപ്പോൾ മത്തായിച്ചേട്ടനു സങ്കടവും കോപവും ഇരട്ടിച്ചു. പരിസരമെല്ലാം



മറന്ന് അയാൾ മകനെ അടിക്കുവാൻ കൈയോങ്ങി. പക്ഷെ അവിടെ കൂടിയിരുന്നവർ തടുത്തതു കാരണം സന്തോഷ് അടിയിൽ നിന്നും തല്ക്കാലം രക്ഷപ്പെട്ടു.

"എടാ ദ്രോഹി, ഞാൻ കഷ്ടപ്പെട്ട് പണിയെടുത്ത രൂപ നീ കുടിച്ചു നശിപ്പിച്ചില്ലേടാ. നീ ഇവിടെ വന്നിരുന്നതു് പഠിക്കാനല്ലായിരുന്നു അല്ലേ? എന്റെ അഭിമാനവും പണവുമെല്ലാം നീ കളഞ്ഞു കുളിച്ചു അല്ലേടാ? അദ്ധ്വാനം ചെയ്യുന്ന ഞാൻ ഇതുവരെ മദ്യത്തിന്റെ മണംകൂടി അറിഞ്ഞിട്ടില്ല.

ഇങ്ങനെ മത്തായിച്ചേട്ടൻ പുലമ്പുന്നതിനിടയിൽ പ്യൂൺ ചില കടലാസു കഷണങ്ങൾ മത്തായിച്ചേട്ടനെ ഏല്പിച്ചു. അതു സന്തോഷിന്റെ സർട്ടിഫിക്കറ്റുകളായിരുന്നു.

"എഴുന്നേൽക്കെടാ. വീട്ടിലേക്ക് പോകണ്ടേ?" മത്തായിച്ചേട്ടൻ മകന്റെ കൈക്ക് പിടിച്ചു വലിച്ചു.

മദ്യത്തിന്റെ ലഹരി അപ്പോഴും ശമിച്ചിട്ടില്ലായിരുന്ന സന്തോഷ് പതുക്കെ എഴുന്നേറ്റു.

മത്തായിച്ചേട്ടൻ മകന്റെ കൈക്ക് പിടിച്ചു നടന്നു തുടങ്ങി. സന്തോഷ് പിതാവിനെ അനുഗമിച്ചു. അവന്റെ സർട്ടിഫിക്കറ്റുകളെല്ലാം മത്തായിച്ചേട്ടൻ ചുരുട്ടി കക്ഷത്തിൽവെച്ചു.

അവർ ഗേറ്റിനടുത്തെത്തിയപ്പോൾ അന്നത്തെ അദ്ധ്യയനം കഴിഞ്ഞു എന്ന് വിളിച്ചറിയിക്കുന്ന മണിനാദം ഉച്ചത്തിൽ മുഴങ്ങി. ഇനി മദ്യം തൊടുകയില്ല എന്ന പ്രതിജ്ഞ സന്തോഷ് അപ്പോഴേക്ക് എടുത്തിരുന്നു.

സന്തോഷിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു ആ ദിവസം.

[ഹാസ്യഭാവന]

# “ അവളെപ്പേടിച്ചാരും നേർവഴി നടപ്പീല.......”

BY C. M. Y. NARAYANAN, Sr. Pre-degree, gr. 1.



കാത്തിരുന്നു കാത്തിരുന്നു മടുത്തു. ഇപ്പൻ നമ്പൂതിരിപ്പാടിൻെറ ക്ഷമ നശിച്ചു തുടങ്ങി. ഒരു ബസ്സു പോലും വരുന്നില്ല. ഇനി ബസ്സു കിട്ടി ഇല്ലത്തെത്തുമ്പോൾ എന്തു സമയമാകുമോ, ആവോ! "ഇനി,ന്നാ, ബസ്സൊന്നും വരില്ല്യാന്നുണ്ടോ?" നമ്പൂതിരിപ്പാട്ട് തന്നെത്താൻ പിറുപിറുത്തു. പെട്ടെന്നാണ് ദൂരെ നിന്ന് മഞ്ഞയും വെള്ളയും കലർന്ന നിറത്തിലുള്ള ഒരു ബസ്സ് നിറയെ യാത്രക്കാരുമായി ചീറിപ്പാഞ്ഞു വരുന്നതു കണ്ടത്. നമ്പൂതിരിപ്പാടിൻെറ ശ്വാസം നേരെ വീണു: അദ്ദേഹം വേഗത്തിൽ തൻെറ നരച്ച ശീലക്കുട മുന്നോട്ട് നീട്ടിക്കാണിച്ചു. കണ്ണൂർ ബസ്സ് നിന്നു. തിരുമേനി കുടയും മുറുക്കാൻ പൊതിയും കക്ഷത്തിലിടുക്കിക്കൊണ്ട് ബസ്സിൽ കയറി. ബസ്സ് വീണ്ടും ഓടുവാനും തുടങ്ങി. നമ്പൂതിരിപ്പാട്ട് ബസ്സിലാകെ ഒന്നു കണ്ണോടിച്ചു. നിറയെ ആളുകളുണ്ട്. ഒരു സീററു പോലും ഒഴിവില്ല. മുൻസീററിൽ ഒരു നൈലോൺ സാരിക്കാരിയും മററൊരു തിയ്യപ്പൻ ചുമട്ടുകാരിയും ചേർന്നിരുന്ന് ശൃംഗാര സംഭാഷണം നടത്തുന്നു. അവരുടെ തൊട്ടു പിന്നിലെ തടിച്ചിയെ കണ്ടപ്പോൾ നമ്പൂതിരിപ്പാടിന് രാമായണത്തിലെ "ശൂർപ്പണഖ" യെയാണ് ഓർമ്മ വന്നത്. അവളുടെ എതിർ വശത്തെ സീററിൽ ഒരു മീശക്കൊമ്പൻ ഇരുന്ന് പത്രം വായിക്കുന്നു. തൊട്ടടുത്തിരിക്കുന്ന കോളജ് വിദ്യാർത്ഥി, അടുത്തിരിക്കുന്നവൻെറ തോളിൽ തലചായ്ച്ച് ഉറക്കം തുടങ്ങുന്നു. പക്ഷെ അവൻെറ കണ്ണുകൾ ഇടക്കിടക്ക് പെണ്ണുങ്ങളുടെ ഇടയിലേക്ക് പാഞ്ഞുപോകുന്നത് നമ്പൂതിരിപ്പാട്ട് ശ്രദ്ധിച്ചു. പെട്ടെന്നാണ് ഡ്രൈവറുടെ മുൻവശത്ത് വെച്ചിരിക്കുന്ന ബോർഡിൽ നമ്പൂതിരിപ്പാടിൻെറ ദൃഷ്ടികൾ പതിഞ്ഞത്.

**പുകവലി പാടില്ല**
**കയ്യും തലയും പുറത്തിടരുത്.**

"അപ്പൂഴ, കണ്ടൂറേ, അങ്ങട്ട് മനസ്സിലാവ്ണില്ല്യ. ഈ കയ്യും തലയും പുറത്തു കാണിക്കാതെ, ഒക്കെ മൂടിക്കൊണ്ടിരിക്കണംന്നുച്ചാ, അതിരി കഷ്ടാണേയ്!........"

ബസ്സിൽ ഒരു കൂട്ടച്ചിരി മുഴങ്ങി.

"തിരുമേനി, ഊളമ്പാറയ്ക്കാണോ, എങ്കിൽ ഞാനും വരാം" പിന്നിൽ നിന്ന് ഒരു വിദ്വാൻെറ കമൻറടി. നമ്പൂതിരിപ്പാടിന്നതൊട്ടും ഇഷ്ടപ്പെട്ടില്ല. "ഇവനെന്താ, ചിരിയ്ക്കാൻ ഇവിടെന്താണ്ടായേ?" തിരുമേനി മുറുമുറുത്തു.

ഒരു സഡൻ ബ്രേക്ക്! റോഡ് മുറിച്ചു കടന്ന ഒരു പുള്ളിക്കിടാവിനെ രക്ഷിക്കാനായിരുന്നു ഡ്രൈവർ പെട്ടെന്ന് ബ്രേക്കിട്ടത്. ബസ്സിലെ യാത്രക്കാരെല്ലാം മുന്നോട്ട് ഒരു



റിച്ചു. ബസ്സിൽ ഒരു സീററിൻെറ ഓരം ചാരി നിന്നിരുന്ന നമ്പൂതിരിപ്പാട്ട് മുന്നോട്ട് തള്ളി ചരിഞ്ഞു വീണു. വീണതോ, ഒരു നൈലോൺ സാരിക്കാരിയുടെ മടിയിലും. തിരുമേനിക്ക് കുറച്ചുനേരം കൂടി അവിടെത്തന്നെ കിടന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ പെട്ടെന്ന് കണ്ടക്ടറെന്ന വില്ലൻ വന്ന് അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ചു കളഞ്ഞു.

"എന്താടോ, കണ്ണുകാണാൻ പാടില്ലേ?"

മുൻവശത്തിരിക്കുന്ന മീശക്കൊമ്പൻ തടിയൻ മീശ പിരിച്ച് കണ്ണുരുട്ടിക്കൊണ്ട് ചോദിച്ചു. നമ്പൂതിരിപ്പാടിൻെറ വയററിൽ കഷായം കുടിച്ച ഒരു പ്രതീതി! പുള്ളിക്കാരൻ, അയാളുടെ ചോദ്യം കേട്ടില്ലെന്ന ഭാവത്തിൽ വെളിയിലേക്ക് നോക്കിയിരുന്നു. മീശക്കൊമ്പൻ ഒന്നമർത്തി മൂളിക്കൊണ്ട്, വീണ്ടും പത്രവായനയിൽത്തന്നെ ലയിച്ചു.

"എല്ലാവരും ഒന്ന് മുന്നോട്ട് കേറിനിന്നോളൂ" പിറകിൽ നിന്ന് കണ്ടക്ടർ വിളിച്ചു പറഞ്ഞു. തിരുമേനി സാവധാനം മുന്നോട്ടു നീങ്ങി. അപ്പോഴേക്കും ഒഴിഞ്ഞ ഒരു സീററിൽ ഇരിപ്പുറപ്പിച്ചു.

"തിരുമേനി, എങ്ങോട്ടാണാവോ?" തൊട്ടടുത്തിരുന്ന യാത്രക്കാരൻ അന്വേഷിച്ചു. നമ്പൂതിരിപ്പാട്ട് മലക്കെ ഒന്ന് ചിരിച്ചുകൊണ്ട് ഉണർത്തിച്ചു: "ഞാൻ, ഏ, ഇല്ലത്തേക്കാററം. പിന്നെ ഇവർക്കൊന്നും ചിരിയ്ക്കാണ്ടല്ലേ തോന്നാ, ഞാൻ നിരീക്കണതു". "മനുഷ്യന് കൈപ്പിഴ ജന്മസിദ്ധം", നാല്ലേ, പ്രമാണം. ഹി, ഹി, ഹി,........"

തിരുമേനി വീണ്ടും കമ്പ കുലുക്കിച്ചിരിച്ചു. മുന്നിലിരുന്നിരുന്ന ഒരു ടെർലിൻ ഷർട്ടു കാരൻ അസഹ്യതയോടെ തിരിഞ്ഞു നോക്കി. തിരുമേനി "ജന്മസിദ്ധം:" എന്ന് ഉറപ്പിച്ചു പറഞ്ഞപ്പോൾ വായിലെ തുപ്പൽ അയാളുടെ ടെർലിൻ ഷർട്ടിൽ അല്പം തെറിച്ചു വീണതായിരുന്നു കാരണം. അതു ശ്രദ്ധിക്കാത്തമട്ടിൽ നമ്പൂതിരിപ്പാട്ട് തൻെറ വീരകഥനം തുടർന്നു:

"പണ്ട് അപ്ഫന് ഒരു കൈപ്പിഴ വന്നതു കേട്ടിട്ടുണ്ടോ? നാൽ അതൊന്ന് അറിയണന്നെ (അറിയുകതന്നെ) വേണേയ്. ച്ചാൽ, ശ്ശി കാലം മുമ്പാണ്. അന്ന് അപ്ഫൻ വല്യേ കേമനാർന്നു, ട്ടോ. ഒരിക്കൽ അപ്ഫന് ഒരു തോന്നല്. തെങ്ങിൽ കേറി രണ്ട് നാളികേരം, ഇട്ടാൽ, നന്ന്. ശരി. ന്നാൽ കേറിക്കളയാന്നുവെച്ചു. പക്ഷെ കയറ് വേണല്ലോ കയറ്! അപ്ഫൻ ഉടനെ തന്നെ "ദേവകി" ന്ന് ഉറക്കെ വിളിച്ചു. ന്ച്ചാൽ, അപ്ഫൻെറ സംബന്ധക്കാരിന്ന് കൂട്ടിക്കോളൂ. ദേവകി പറഞ്ഞു: ബ്ഢ്ഢേ, പശുവിൻെറ കയറു പയോഗിച്ച് കേറിക്കോളൂ". തല്ലാലം "ന്ന്. അപ്ഫനതു നന്നേ പിടിച്ചു: ഇല്ലത്തെ പശുന്ന് വെച്ചാലോ, അസ്സല് കാമധേനു! പശുനെ കെട്ടിയ്ന്ന, കയററിൻെറ ററത്ത് ഒരു കുരുക്കുണ്ടാക്കി. അഫൻ ഒരു ഞെരുക്കലും കയറി. പകുതി കയറിയതേള്ളൂ. അപ്പോഴേക്കും പശു വിറളി പിടിച്ച് ഒരൊറ്റോട്ടം! ന്നാ,റ്, കഥ! അഫനാണെങ്കില്, തെങ്ങിൻെറ മോളിൽ നിന്ന്, പഴുത്തപ്ലാവില വെട്ടിയിട്ടതു പോലെ ഒരൊററ വീഴ്ച. "പൊതക്കോ" ന്ന്. വീഴണ സമയം അപ്ഫൻ പറഞ്ഞതെന്താന്നറിയോ? ദേവകീ, ദേവകീ, പിടിച്ചോ......
"ന്നാ."

"ഉം" കോളജ് വിദ്യാർത്ഥിക്ക് ചിരി അടക്കാൻ കഴിഞ്ഞില്ല. അവൻ പൊട്ടിച്ചിരിച്ചു പോയി. നമ്പൂതിരിപ്പാടിൻെറ വീരകഥനം കേട്ട് മീശക്കൊമ്പനും അവൻെറ കൂടെ ഉറക്കെ ചിരിച്ചു. തിരുമേനിക്ക് ദേഷ്യം കലശലായി. "ഇളിക്കുന്ന് കണ്ടില്ല്യേ! കൊശവൻ!" തിരുമേനി അവനെ മനസ്സാലെ ശപിച്ചു.

പെട്ടെന്ന് ബസ്സ് നിന്നു. 'കൊട്ടപ്പുറം കൊട്ടപ്പുറം, ആരെങ്കിലും ഇറങ്ങാനുണ്ടോ?' കണ്ടക്ടർ വിളിച്ചു ചോദിച്ചു. "ഇറങ്ങാനുണ്ട്," ഇപ്പൻ നമ്പൂതിരിപ്പാട് മുറുക്കാൻ പൊതിയും കക്ഷത്തിലിടുക്കി, ശീലക്കുട കക്ഷത്തുവെച്ചുംകൊണ്ട് എഴുന്നേററു. നമ്പൂതിരിപ്പാട് ഒരടി മുന്നോട്ടു വെച്ചതേയുള്ളൂ, ബസ്സുയാത്രക്കാരെല്ലാവരും കൂടെ ഒരു കൂട്ടച്ചിരി. തിരുമേനി പരിഭ്രമിച്ച് തിരിഞ്ഞു നോക്കി. പുള്ളിക്കാരൻെറ ശീലക്കുടയുടെ അഗ്രത്തിലുണ്ട്, ഒരു മുഴം നീള

ത്തിലുള്ള ഒരു തിരപ്പൻ ഉണ്ടിക്കിടക്കുന്നു! നമ്പൂതിരിപ്പാട്, ഉടനെ തന്നെ, പഴയ മനോലോൺ സാരിക്കാരിയുടെ നേരേ നോക്കി. അവളുടെ തലയിൽ ചകരിത്തുമ്പു പോലെ അല്പം തലമുടി മാത്രം ബാക്കിയുണ്ട്. അവളാണെങ്കിലോ, കണ്ണും ചുമപ്പിച്ച്, മുഖം കഞ്ഞിക്കലം പോലെ വീർപ്പിച്ച് കനിഞ്ഞിരിക്കുന്നു.

"തിരുമേനി, അതു് വേഗം അവൾക്കു തന്നെ കൊടുത്തേക്കൂ. അല്ലെങ്കിൽ……," കണ്ടക്ടർ പറഞ്ഞു തീരുമ്പോഴേക്കും ബസ്സിൽ വീണ്ടും ഒരു കൂട്ടച്ചിരി മുഴങ്ങി.

നമ്പൂതിരിപ്പാട് അമർത്തിച്ചിരിച്ചുകൊണ്ട്, ആ തിരപ്പൻ അവളുടെ മടിയിൽ തന്നെ നിക്ഷേപിച്ചശേഷം വേഗം ബസ്സിൽ നിന്നിറങ്ങി. കണ്ടക്ടർ വിസിലൂതി. ബസ്സ് വിടുകയും ചെയ്തു. അപ്പോൾ ഇപ്പുറം നമ്പൂതിരിപ്പാടിന്ന് രാമായണത്തിലെ ഒരു ഈരടി ഉറക്കെയൊന്ന് പാടിയാൽ കൊള്ളാമെന്ന് തോന്നി.

"അവളെപ്പേടിച്ചാരും നേർവഴി നടപ്പീല,
ഭുവനവാസി ജനം ഭുവനേശ്വരാ പോററി!"



By Miss Mary Simon V.
Class iii Bot.



# ഹെലൻ കെല്ലർ

എ. ബാലചന്ദ്രൻ, ക്ലാസ് III കെമിസ്ട്രി

ഏതാനും ദശാബ്ദങ്ങൾക്കുമുമ്പ് ജൂൺ മാസത്തിലെ ഒരു പുലർകാലവേളയിൽ അന്ധകാരത്തിന്റെ ലോകത്തിൽ ഒരു പൊൻതാരമുദിച്ചു. കാലത്തിന്റെ കറുത്ത യവനികയിലൊരു ലാവണ്യബിന്ദു. അദൃശ്യതയുടെ ഊഷരഭൂവിൽനിന്നൊരു പനിനീർ മലർ. ആ താരത്തിന്റെ ഉജ്ജ്വലതയിൽ ആകാശത്തിലെ അപാരതയിൽ മിന്നിത്തുടിക്കുന്ന അനന്തകോടി നക്ഷത്രങ്ങൾ വിളറിപ്പോയി. ആ മലരിന്റെ പ്രഫുല്ല സൌന്ദര്യത്തിനു മുമ്പിൽ വസന്തത്തിലെ വള്ളിപ്പടർപ്പിൽ പാലൊളിചിന്നി പുഞ്ചിരിക്കുന്ന പൂവുകൾ തലകുനിച്ചു. നിസ്സാരനായ സാധാരണ മനുഷ്യൻ ഉറക്കെ വിളിച്ചുപറഞ്ഞു: "ഹെലൻ കെല്ലറെന്ന മഹാത്ഭുതം, ഇതാ."

അന്ധയും മൂകയും ബധിരയുമായ ഹെലൻ കെല്ലർ വെളിച്ചവും നാദവുമില്ലാത്ത ജീവിതമരുഭൂമിയിലെ ഏകാകിനിയായ യാത്രക്കാരിയാണ്. അന്ധതയുടെ ആഴിപ്പരപ്പും ശൂന്യമായ മൂകതയും മാത്രമുണ്ട് കൂട്ടുകാരായി. മനുഷ്യസഹജമായ സ്വഭാവഗുണങ്ങൾ മിക്കതും ആ സ്ത്രീക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. പുഞ്ചിരി ഉതിരുന്ന ഒരു മുഖം കണ്ടാനന്ദിക്കുവാനോ, ഒരു സാന്ത്വന വാക്കുകേട്ട് സമാധാനപ്പെടുവാനോ അവൾക്കാവില്ല. എങ്കിലും ഹെലൻകെല്ലറുടെ ജീവൻ പ്രഭാതത്തിൽ സഞ്ചരിക്കുന്നവരുടെ കൂട്ടത്തിലാണ്. അനർഘമായ ആഹ്ളാദത്തിന്റെ കല്ലോലങ്ങൾ ആ ഹൃദയത്തിലെല്ലാസമയവും തിരയടിച്ചുകൊണ്ടിരിക്കും. വെളിച്ചവും നാദവുമില്ലാത്ത തന്റെ ശൂന്യമായ പ്രപഞ്ചത്തിലേക്ക് ഹെലൻകെല്ലർ പലപ്പോഴും ചുഴിഞ്ഞുനോക്കിയിട്ടുണ്ടെങ്കിലും മരവിപ്പിക്കുന്ന അതിന്റെ പ്രേരകശക്തിക്ക് ആ ഹൃദയം അടിമപ്പെട്ടിട്ടില്ല. മനസ്സിന്റെ മോഹഭംഗങ്ങൾ, കൊഴിഞ്ഞുവീണ ഉണക്കിലകൾപോലെ നിബിഡമായി അവരുടെ പാതയിൽ വന്നു വീണിട്ടുണ്ട്. അവയെയെല്ലാം ചവുട്ടിമെതിച്ചുകൊണ്ട് ഒരു ജ്യോതിസ്സുപോലെ ഹെലൻകെല്ലർ നടന്നുപോകുന്നു!

താൻ കണികാണാത്ത മഴവില്ലിനെ കിനാവുകണ്ടുകൊണ്ട് ഹെലൻകെല്ലർ ഒരിടത്ത് ഇങ്ങനെയെഴുതുകയുണ്ടായി: "ഞാൻ ഒരു മഴവില്ലു കണ്ടിട്ടില്ല. നീലവാനിൽ ഒരെണ്ണം കണ്ടുമുട്ടാൻ എന്റെ ഹൃദയം തുടിക്കുന്നു. എങ്കിലും മഴവില്ലിന്റെ നൈമിഷികമായ വർണ്ണസൗന്ദര്യത്തെപ്പറ്റി സങ്കല്പിക്കുമ്പോൾ, അപൂർണ്ണമായ ആ വൃത്താംശത്തെപ്പറ്റി സ്വപ്നം കാണുമ്പോൾ മനുഷ്യജീവിതത്തെപ്പറ്റിയാണ് എനിക്കോർമ്മവരുന്നത്. മാരിവില്ലിന്റെ വക്രരേഖപോലെ മുറിഞ്ഞതും അപൂർണ്ണവുമല്ലേ നമ്മുടെ ജീവിതം. ശാശ്വതമായ നിത്യതയിലേക്ക് കാൽവയ്ക്കുന്നവരെയും ബ്രൗണിങ്ങ് പറഞ്ഞതിന്റെ അന്തസ്സാരം നമുക്ക് മനസ്സിലാവുകയില്ല: "മുറിഞ്ഞ വൃത്താംശങ്ങൾ ഭൂമിയിൽ: പരിപൂർണ്ണമായ വൃത്തം സ്വർഗ്ഗത്തിലും………"

ഹെലൻകെല്ലർ ഇന്ന് എണ്ണപ്പെട്ട ഒരു സാഹിത്യകാരിയാണ്. അവരുടെ സുന്ദരമായ ശൈലിക്കൊരു ആകർഷകത്വമുണ്ട്. ആത്മാർത്ഥതയുടെ പരിവേഷം ചാർത്തിയ, കവിത തുളുമ്പുന്ന ആ കൊച്ചുകൊച്ചു വാചകങ്ങൾ ഒരിക്കൽ വായിച്ചാൽ പിന്നെ മറക്കുകയില്ല. അവയുടെ വികാരോഷ്മളതയിൽ നാം അലിഞ്ഞുപോകും. പിന്നെ, പുതിയൊരു സ്വപ്നത്തിന്റെ കവാടം തുറന്നുകഴിഞ്ഞു. അവിടെ വർണ്ണങ്ങളും നാദങ്ങളുമുണ്ട്; സ്വരങ്ങളും സ്വപ്നങ്ങളുമുണ്ട്. അവയെല്ലാമൊന്നുചേർന്ന് താളലയത്തോടെ അനശ്വരതയിലേക്കൊഴുകുന്നു, ഒരു കൊച്ചരുവിപോലെ, അത്ര മന്ദമധുരമായി. അനിർവ്വാച്യമായ ആ അനുഭൂതിവിശേഷമൊന്നറിഞ്ഞുകഴിഞ്ഞാൽ ഹെലൻകെല്ലറുടെ സൗന്ദര്യസാക്ഷാത്കാരത്തിൽ നമുക്കും പങ്കുചേരാം.

"ആനന്ദത്തിലേക്കുള്ള ഒരു വാതിൽ അടയുമ്പോൾ മറ്റൊന്നു താനേ തുറക്കും: എന്നാൽ പലപ്പോഴും അടഞ്ഞ വാതിലിലേക്ക് തന്നെ പിന്നെയും നാം നോക്കിക്കൊണ്ടിരിക്കുന്നതിനാൽ നമുക്കുവേണ്ടി തുറന്നിട്ടിരിക്കു

ന്ന വാതിൽ കാണുന്നതേയില്ല." ഹെലൻ കെല്ലറുടെ ജീവിതവീക്ഷണത്തിന്റെ നിദർശനമാണീ വരികൾ.

അടഞ്ഞ വാതിൽ ഭൗതികസുഖത്തിന്റേതാണ്. തുറന്നത് ആദ്ധ്യാത്മികാനന്ദത്തിന്റേതും. പ്രകാശത്തിന്റെ പൊൻകിരണങ്ങൾ കണ്ണഞ്ചിക്കുമാറ് പൊട്ടിവിടരുന്ന പൊന്നുഷസ്സിൽ വാനമ്പാടികളുടെ നാദമാധുര്യം കേട്ട് നിർവൃതിയടഞ്ഞതും ആ ദിവ്യാനന്ദത്തിന്റേതായ ആ ലോകത്തിൽവച്ചാണ്. നിഷേധിക്കപ്പെട്ടവ നേടിയെടുക്കുവാനുള്ള വെമ്പലിൽ സ്വപ്നങ്ങളും സങ്കല്പങ്ങളും കൊണ്ടുമാത്രം ഹെലൻകെല്ലർ തന്റേതായ ഒരു സാമ്രാജ്യം പടുത്തുയർത്തി. ചക്രവാളസീമയിലേക്ക് മന്ദം മന്ദം ഒഴുകിപ്പോകുന്ന വെണ്മേഘശകലങ്ങളുടെ യാത്ര തന്റെ സാമ്രാജ്യത്തിന്റെ വാതിൽപ്പടിക്കൽ നിന്നുകൊണ്ട് അവർ കണ്ടു. മലരണിവനികയിൽ മാരിവില്ലുകൾ നൃത്തം ചെയ്യുന്നതും വസന്തത്തുടുപ്പിൽ പ്രകൃതി ലജ്ജിതയായി കമ്പിടുന്നതും കണ്ട് ആ ലോലഹൃദയം കുളിരണിഞ്ഞു. അഗാധ നീലിമയുടെ പ്രശാന്തതയും അമ്പിളിക്കലയിലെ മുഗ്ദ്ധലാവണ്യവും ആ സൗന്ദര്യാന്വേഷിക കണ്ടെത്തി.

പുതിയൊരു ജീവിതത്തിന്റെ തുടക്കമായിരുന്നു അത്. പഴയജീവിതത്തിന്റെ അന്ത്യവും. ഹൃത്തടത്തിൽ ഘനീഭവിച്ചുപോയ ഉൽക്കടമായ ശോകം മഞ്ഞുപോലുരുകിത്തുടങ്ങി. അതിരററ ആത്മവിശ്വാസത്തോടെ ഹെലൻകെല്ലറെഴുതി: "എന്നോടു ബന്ധപ്പെട്ടതെല്ലാം മൂകതയും അന്ധകാരവും ആയിക്കൊള്ളട്ടെ: എന്റെ ഉള്ളിൽ, എന്റെ ആത്മാവിൽ ദിവ്യമായ സംഗീതവും പൊലിമയുള്ള പ്രകാശവുമാണുള്ളത്. എന്റെ ചിറകുപിടിപ്പിച്ച ചിന്തകളിൽ നിറപ്പകിട്ടുകൾ അലയടിക്കുന്നു.........."വർത്തമാനകാലം കണികാണാത്ത ആ സുന്ദരസ്വപ്നത്തിലാണ് ഹെലൻകെല്ലർ ജീവിക്കുന്നത്.

എങ്കിലും ജീവിതത്തിന്റെ പടിവാതിൽക്കൽ സമയം കാത്തുകൊണ്ട് തനിയേ ഇരിക്കുമ്പോൾ, ഏകാന്തത ഒരു തണുത്ത മൂടൽമഞ്ഞുപോലെ ഹെലൻകെല്ലറെ ചുററിപ്പൊതിയാറുണ്ട്. അതിനപ്പുറമുള്ള ലോകം—വർണ്ണവും നാദവുമുള്ള ലോകം—അവരെ മാടിവിളിക്കാറുമുണ്ട്. പക്ഷേ നിർദ്ദയമായ വിധി വഴി തടഞ്ഞിരിക്കുന്നു. താൻ അന്ധയും മൂകയും ബധിരയുമാണ്. ആ ലോകത്തിലെത്തിച്ചേരുവാൻ തനിക്ക് ഒരിക്കലും കഴിയുകയില്ല! അതോർക്കുമ്പോൾ മാത്രം വാചാലമായ ആ ഹൃദയത്തിൽ നിരാശതയുടെ കരിനിഴലുകൾ വന്നു മൂടും. ഉതിരാൻ വീഴുവാൻ വെമ്പിക്കൊണ്ട് ചുടുള്ള കണ്ണീർക്കണങ്ങൾ കാഴ്ചയില്ലാത്ത ആ കണ്ണുകളിൽ വന്നു നിറയും. ചുടുനെടുവീർപ്പുകൾകൊണ്ട് ഹൃദയം തളരും. പിന്നെ മൗനം ആത്മാവിൽ വിങ്ങിപ്പൊട്ടുകയായി. അപ്പോൾ അനുഭവിക്കുന്ന അഗാധമായ വേദനയിൽ, ഒരു ശിശുവിനെപ്പോലെ ഹെലൻകെല്ലർ പൊട്ടിക്കരഞ്ഞുപോകും.

ആ സമയത്തെല്ലാം വശ്യമായ പുഞ്ചിരിയുമായി ആശ കടന്നുവന്ന് പരിതപ്തമായ ആ ഹൃദയത്തോട് മന്ത്രിക്കും: "മറന്നതാൻ മറക്കൂ, ഹെലൻ. അതിലാണ് ആത്മഹർഷം. അതിലാണ് പരമമായ ആനന്ദം!"

അന്ധയായ ആ അവിവാഹിതയുടെ ധന്യമായജീവിതത്തിന്റെ മുൻപിൽ ആദരാഞ്ജലികൾ.





# സൂര്യോദയം

റ്റി. ജെ. ഉലഹന്നാൻ, (എം. എ. ഫൈനൽ

ഇരുളാം കരിമ്പടക്കെട്ടുകൾ കതിരോന്റെ,
യിളതാം മരീചിയിൽ ലയിച്ചു നശിക്കവേ,
മരത്തിനാൽ മൂടി സുഖനിദ്രയിൽ നിന്നുകൊണ്ടും
മഞ്ജുളമുകുളങ്ങൾ പുഞ്ചിരിച്ചുയരുന്നു.
ഇതണം പരത്തുന്ന മാരുതൻ ലീലാലോലൻ,
ഇണ തേടിടും പുതു പൂക്കളെ പ്പുണരുന്നു.
മർത്ത്യനോ മായാസ്വപ്നലീനനായ് ശയിക്കുന്നു
നിദ്രാ ദേവിതൻ ഗാഢാലിംഗന സുഖത്തോടെ.
അപ്പോഴാ മാവിൻ കൊമ്പിൽ നിന്നുയരുന്നാരാഗാനം
അപ്പാടെ ഹൃദയത്തിൽ വിപ്ലവം രചിക്കയായ്
ഉണരൂ നിങ്ങൾ പാരിന്നീശനെ സ്തുതിക്കുന്നാ—
യുണരും കുയിലിന്റെ ഗാന നിർഝരികൾക്കെ,
അപ്പാട്ടിന്നീണത്തിലെന്നാത്മാവു ലയിച്ചപോ—
ന്നപ്പോഴേ കണ്ടെത്തിയൊരു പുത്തനാം യുഗോദയം.

---

# വാദം

By. M. K. Parameswaran Namboodiri, Sr. P. D. C. Gr. ii.



അഭിപ്രായഭേദങ്ങളും, കക്ഷിവഴക്കുകളും, വാദപ്രതിവാദങ്ങളും സർവ്വസാധാരണമാണ്. 'ആളു രണ്ടെങ്കിൽ അഭിപ്രായം നാല്' എന്ന മട്ടിലായിത്തീർന്നിരിക്കുന്ന ഇന്നത്തെ ലോകം. തന്മൂലമുള്ള വിഷമതകൾ പറയാനുണ്ടോ? വാദപ്രതിവാദം മൂത്ത് വാക്കേറ്റമായും, കയ്യേറ്റമായും, കത്തിക്കാലക്കുടിയുമായാണ് കലാശം. വാദത്തിനുള്ള വിഷയമോ ന്യായമോ ഒന്നും നോക്കേണ്ടതില്ല. "കാക്ക കറുത്തതാണ്" എന്ന് ഒരാൾ പറഞ്ഞാൽ ഉടൻ അത് അങ്ങനെയല്ല എന്നു പറയാൻ ഇന്ന് ധാരാളം ആൾക്കാരുണ്ടാവും. ഒരു വല്ല യുക്തിപ്രമാണങ്ങളോ, മറ്റോ സമ്പാദിച്ച് എന്തെങ്കിലും പ്രയോഗിച്ചാൽ ന്യായവു…ി. പിന്നെ എന്താണ് വിഷമം? …തിരി വാദപ്രതിവാദങ്ങൾ കൊണ്ട് …കിലും ഗുണമുണ്ടെന്ന് എനിക്ക …ന്നില്ല.

എന്നാൽ മനുഷ്യരിൽ ചരിത്രമുള്ളേടത്തോളം കാലം ഭിന്നാഭിപ്രായങ്ങളും, വാദപ്രതിവാദങ്ങളും ഉണ്ടാവാതിരിക്കില്ല. ഇന്നത്തെ വിദ്യാഭ്യാസ രീതിയും, അഭിപ്രായസ്വാതന്ത്ര്യവും അതിന് ഏറെക്കുറെ സഹായകവുമാണ്. മാത്രമല്ല, വേണ്ടപോലെ വാദങ്ങൾ സംഘടിപ്പിക്കുന്നതായാൽ അത് വളരെ ഗുണപ്രദവുമാണ്. മനുഷ്യന്റെ ആലോചനയിലും പ്രവൃത്തിയിലും തെറ്റുകുറ്റങ്ങൾ വന്നു പോവുന്നത് സ്വാഭാവികമാണ്. എന്നാൽ അവയെ പരിഹരിച്ച് പരമാർത്ഥം മനസ്സിലാക്കുവാൻ വാദപ്രതിവാദമല്ലാതെ മറ്റൊരു വഴിയുമുണ്ടെന്ന് തോന്നുന്നില്ല.

ഏതൊരു സംഗതിയുടേയും പൊതുജനസമ്മതമായ ഒരു തീരുമാനം ഉണ്ടാക്കണമെങ്കിൽ വാദപ്രതിവാദം കൂടിയേ കഴിയൂ. നശ്വരമെന്നും, അനശ്വരമെന്നും വിഷയങ്ങളെ രണ്ടായി തരംതിരിക്കാം. രാജ്യതന്ത്രം, സമുദായം, മതം, ഇടങ്ങിയ നശ്വരവിഷയങ്ങളെപ്പറ്റിയാണ് സാധാരണ വാദപ്രതിവാദം കണ്ടുവരാറുള്ളത്. പ്രകൃതിശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ അനശ്വരവിഷയങ്ങളെ സംബന്ധിച്ചിടത്തോളം സാധാരണയായി വാദത്തിന് വകയുണ്ടാവാറില്ല. നശ്വര വിഷയങ്ങളെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം ഒന്നുകിൽ മുഴുവൻ ശരിയായോ, അല്ലെങ്കിൽ ശരിയും, തെറ്റും കൂടിക്കലർന്നോ അതുമല്ലെങ്കിൽ പരിപൂർണ്ണമായും തെറ്റായോ വരാം. നമ്മുടെ അഭിപ്രായം ഈ മൂന്നു വിധത്തിൽപെട്ടതായാലും വാദപ്രതിവാദം ആവശ്യമാണ്. വാദങ്ങൾകൊണ്ടു മാത്രമാണ് ശരിയായ അഭിപ്രായത്തിന് സ്ഥിരത ലഭിക്കുന്നത്. അതിനാൽ അഭിപ്രായം തെറ്റാണെങ്കിൽ അതിന്റെ കാര്യം പറയേണ്ടല്ലോ. വാസ്തവവാദങ്ങൾ കൂടിക്കലർന്ന അഭിപ്രായമാണ് സാധാരണ കണ്ടുവരാറുള്ളത്.



ഈ നിലയിൽ വാസ്തവത്തിന്റെ കുറച്ചു ഭാഗം മാത്രമേ നമ്മുടെ പക്കലുണ്ടാവൂ. മറ്റേ ഭാഗം എതിർ പക്ഷക്കാരുടെ കൈവശമായിരിക്കും. ഇവ രണ്ടും കൂടിയാലേ വാസ്തവം വ്യക്തമാവൂ. ഇങ്ങനെ സത്യം മനസ്സിലാക്കണമെങ്കിൽ വാദപ്രതിവാദം കൂടിയേ കഴിയൂ എന്നു വന്നല്ലോ.

ഭിന്നാഭിപ്രായത്തെ കാരണസഹിതം ഖണ്ഡിച്ച്, സ്വാഭിപ്രായത്തെ കാര്യകാരണസഹിതം സ്ഥാപിക്കുകയാണ് വാദപ്രതിവാദത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ഇതിന് ഇരു പക്ഷക്കാരുടെയും തെളിവുകളെപ്പറ്റി ഒരു നല്ല അറിവ് ആവശ്യമാണ്. അനുകൂലവും, പ്രതികൂലവുമായ തെളിവുകളുടെ ബലാബലം പോലെയാണ് ഇതിലുള്ള ജയാപജയം. വാദപ്രതിവാദസമയത്ത് നാം നമ്മുടെ എതിർകക്ഷിയെ ബഹുമാനിക്കുകയും, അവരുടെ യുക്തിവാദങ്ങളെ വിമർശനബുദ്ധിയോടുകൂടി മനസ്സിലാക്കുകയും വേണം. കോലാഹലം കൂട്ടി കാര്യം സാധിക്കുക എന്നത് ശരിയായ ഒരു വാദകർത്താവിന്റെ ലക്ഷണമല്ല. സമാധാനത്തോടുകൂടി കൂടുതൽ കൂടുതൽ യുക്തികൾ കണ്ടു പിടിച്ച് വാദിക്കുന്നവനാണ് ശരിയായ വാദകർത്താവ്. എതിർ കക്ഷികളുടെ യുക്തികളെ ഖണ്ഡിക്കുന്നതോടുകൂടി സത്യമയമായ യുക്തികൾ നാം ആലോചിച്ചു കണ്ടുപിടിക്കുകയും വേണം. ഇപ്രകാരമുള്ള വാദങ്ങൾ വളരെ ഉപകാരപ്രദങ്ങളാവുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. നെല്ലിന്റേയും പതിരിന്റേയും ഒരു സംയുക്തത്തിൽ നിന്ന് നെല്ല് വേർതിരിച്ചെടുക്കാൻ എത്രമാത്രം പ്രയാസമുണ്ടോ, അത്രയും പ്രയാസം അസത്യത്തിൽ നിന്ന് സത്യത്തെ തിരഞ്ഞെടുക്കാൻ ഉണ്ട്. അതുകൊണ്ട് വാദപ്രതിവാദം വാസ്തവം മനസ്സിലാക്കാൻ വളരെ ആവശ്യമാണെന്ന് തെളിയുന്നുണ്ടല്ലോ.



# ഉച്ചവെയിൽ

ടി. എസ്സ്. രാജ്



ജനലഴികൾക്കിടയിലൂടെ ചൂട് നിറഞ്ഞ ചെറിയ കാറ്റ് ഒഴുകി വരുന്നുണ്ട്. ഹോട്ടലിന്റെ നാറുന്ന പുറകുവശമാണ് തൊട്ടുമുന്നിൽ കാണുന്നത്. മുറിയും ഹോട്ടലിന്റെ പുറകുഭാഗവും തമ്മിൽ ചെറിയ ഒരിടവഴികൊണ്ട് വേർതിരിഞ്ഞിരിക്കുന്നു. വേലിയോ മതിലോ കെട്ടാത്ത ഇടവഴി. അല്പം ഉയർന്ന മൺതിട്ടകൾ മാത്രമുണ്ട്. ചുമട്ടുകാരുടെയും കൂലിപ്പണിക്കാരുടെയും പാതയാണത്. നാറുന്ന ഹോട്ടലിന്റെ പിന്നിൽക്കൂടി കടന്നുവരുന്ന ചൂടുള്ള കാറ്റിൽ അറപ്പുള്ള ഗന്ധം കലർന്നിട്ടുണ്ട്.

ഹോട്ടലിലെ എച്ചിൽക്കുഴിയിൽ ഇപ്പോൾ ഇലകൾ ഇതളുരാവുന്ന വീഴുന്ന സമയമാണ്. പട്ടികളും കാക്കകളും ബഹളമുണ്ടാക്കിക്കൊണ്ട് അവിടെ പരതി നടക്കുന്നു.

പുറത്ത് ഹോട്ടലും പരിസരങ്ങളുമെല്ലാം വെയിലിൽ പൊള്ളി നില്ക്കുന്നു. റോഡിലിപ്പോൾ അധികം ആൾസഞ്ചാരമില്ല. ഒന്നോ രണ്ടോ പേർ മാത്രം നടന്നു പോകുന്നുണ്ട്. നിഴലിന്റെ ഉച്ചിയിൽ ചവുട്ടിത്തുള്ളിക്കൊണ്ട് വേഗത്തിലാണവർ നടക്കുന്നത്.

വഴിവക്കിലെ പൊടിമണ്ണ് വറുത്തിട്ട മണൽപോലെയായിരിക്കും ഇപ്പോൾ കിടക്കുന്നത്.

ഞാൻ വാച്ചിൽ നോക്കി. മണി ഒന്ന്. ഹോട്ടൽ ബോയ് ടിഫിൻ കൊണ്ടുവന്നു വച്ചിട്ട് ഏറെ നേരമായെന്നു തോന്നി. ഗ്ലാസിൽ പകർന്നുവച്ചിരുന്ന വെള്ളമെടുത്തു കുടിച്ചിട്ട് ഞാൻ പഴയപടി ചാരുകസാലയിൽ മലർന്നു കിടന്നു.

കഴുത്തിന്റെ മടക്കുകളിൽ വിയർപ്പു പൊടിഞ്ഞപ്പോഴാണ് വായിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കി മടിയിൽ വച്ചിട്ട് ഞാൻ കണ്ണുകൾ ഉയർത്തിയത്.

ഹോട്ടലിന്റെ അഴുക്കുപിടിച്ച ഭിത്തിക്കു മറഞ്ഞ് എച്ചിൽക്കുഴിയിലേക്കു കണ്ണും നട്ടുകൊണ്ട് നില്ക്കുന്ന ഒരു കൊച്ചു രൂപത്തിൽ എന്റെ കണ്ണുകൾ പതിഞ്ഞു. ഏഴോ എട്ടോ വയസ്സു പ്രായം വരുന്ന ഒരു കൊച്ചു പെൺകുട്ടിയുടെ രൂപം.

ഇന്നലത്തെ പെൺകുട്ടി.

ഇന്നലെയും അവൾ ഈ നേരത്ത് അവിടെ നില്ക്കുന്നതു കണ്ടതാണ്. ഭിത്തിക്കു മറഞ്ഞ് ആരും കാണാതെ. പക്ഷേ തിരക്കിലായിരുന്നതുകൊണ്ട് അവളെ അധികം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

അവളുടെ ഒട്ടിയ കവിൾത്തടത്തിലെ വിയർപ്പിൽ എണ്ണയില്ലാത്ത മുടിയിഴകൾ പാറിച്ചേർന്ന് ഇഴഞ്ഞു കിടക്കുന്നു. ആ കൊച്ചുമുഖത്തിലെ നീണ്ട പീലികളുള്ള വിടർന്ന കണ്ണുകൾ കാണുവാൻ കൗതുകമുണ്ട്. അതിനുള്ളിലെ ചലിക്കുന്ന കൃഷ്ണമണികൾ ഓരോ ഇലയോടുംകൂടി എച്ചിൽക്കുഴിയിലേക്കിറങ്ങിത്താണടിയുകയാണ്. ആ നീണ്ട പീലികളുള്ള ഇമകൾ വെട്ടുന്നതു കാണുവാൻ ചന്തമുണ്ട്.



ഓമനത്തമുള്ള രൂപം. പക്ഷേ അവൾക്കു ചുറ്റും വിഷാദത്തിന്റെ മഞ്ഞുതുള്ളികൾ പാറിക്കൂടിയിരിക്കുന്നു. കനത്ത ചൂടിലും വറ്റിപ്പോകാത്ത മഞ്ഞുതുള്ളികൾ.

ജനലരികിൽ നില്ക്കുന്ന ബോഗേയിൻ വില്ലയിലെ വെള്ളപ്പൂക്കൾ ഉച്ചവെയിലിന്റെ കനത്ത ചൂടിൽ ഉറങ്ങിയതുപോലെ തളർന്നു കിടക്കുകയാണ്. ചൂടുള്ള ചെറുകാറ്റിൽ ഇലകൾ പൂക്കളെ വീശിയുറക്കുന്നതുപോലെ മന്ദം മന്ദം വിറച്ചു നില്ക്കുന്നു.

ഞാൻ വീണ്ടും അവളെത്തന്നെ നോക്കി.

കീറിപ്പറിഞ്ഞ ഉടുപ്പിന്റെ പിൻഭാഗം വലിച്ചു മറച്ചുകൊണ്ട് അവൾ എച്ചിൽക്കുഴിയിലേക്കിറങ്ങി. ചുരുട്ടിയെറിഞ്ഞ എച്ചിലിലകൾ ഓരോന്നും അവൾ വിടർത്തി വിടർത്തി നോക്കി. ഒരിലയിൽ നിന്നും കുറച്ച് അളിഞ്ഞ ചോറും കറികളും അവൾക്കു കിട്ടി. അവളുടെ മുഖം സന്തോഷത്താൽ വികസിക്കുന്നതു കണ്ടു.

വിശപ്പിന്റെ സന്തോഷം.

അവൾ അളിഞ്ഞ ചോറ് കൈകൾകൊണ്ടു വടിച്ചുകൂട്ടി. ആ മുഖം സന്തോഷത്താൽ ഇടതിങ്ങി നില്ക്കുന്ന കറുത്ത നീണ്ട പീലികളുള്ള കണ്ണുകൾ പ്രകാശിച്ചിട്ടുണ്ട്.

ഞാനെന്റെ കണ്ണുകൾ മനഃപൂർവ്വം പിൻവലിച്ചു. അതു കാണുവാൻ വയ്യ. ഹൃദയത്തിലെവിടെയോ പോറലുകൾ ഏല്ക്കുന്ന മാതിരി. മനസ്സ് എവിടെയോ ഉടക്കുന്നു. അവിടെ വേദന നാമ്പെടുക്കുന്നു. ആ വേദനയിൽക്കൂടി ഹൃദയം കവരുന്ന ഒരു കൊച്ചു സുന്ദരി ഉയർന്നു വരികയാണ്. എച്ചിൽക്കുഴിയിൽ നില്ക്കുന്ന ഓമനത്തമുള്ള ആ കുട്ടിയുമായി സാദൃശ്യമുള്ള ഒരു രൂപം. കഴുത്തോളം വെട്ടിയിട്ട സമൃദ്ധമായ മുടിയും വിടർന്ന നീണ്ട കണ്ണുകളുമുള്ള എന്റെ മിനിക്കുട്ടിയുടെ രൂപം.

വേദനകൾകൊണ്ടു കെട്ടിയ അൾത്താരയിലാണ് ആ രൂപം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. അവിടെ കണ്ണീർത്തുള്ളികൾ മുന്തിരിച്ചാറായി ദുഃഖത്തിന്റെ കാസായിൽ അർപ്പിക്കപ്പെടുന്നു. വിതുമ്പുന്ന ചുണ്ടുകളോടെ ആ കാസ പാനം ചെയ്യപ്പെടുന്നു. അതിനു മധുരമില്ല, പുളിപ്പില്ല. കണ്ണീരുകളാണ്.

പച്ചപ്പായൽ പൊതിഞ്ഞ തോട്ടുവക്കിലുള്ള വലിയ അലക്കുകല്ലിൽ ഇരുന്നുകൊണ്ട് ചുറ്റിലും വന്നു നില്ക്കുന്ന മീൻകൂട്ടത്തെ ഭംഗിയോടെ നോക്കിക്കാണുകയായിരുന്നു.

"ശ്രീയേട്ടാ..."

ഉറക്കച്ചടവുള്ള കണ്ണുകളോടെ പുറകിൽ വന്നുനിന്ന് മിനിക്കുട്ടി ഈണത്തിൽ വിളിച്ചു.

"എന്താ മിനീ...?"

"ശ്രീയേട്ടനിനി എന്നാ പോവുക ?"

"എങ്ങോട്ട്...?"

"കോളേജിൽ..."

"ഓ. അതിനിനി രണ്ടുമാസം കൂടിയില്ലേ."

"അപ്പോ ഇനീം ഒത്തിരിനാളു കഴിഞ്ഞേ പോവുള്ളോ...?"

"അത്രേയുള്ളു. എന്താ മിനീ ചോദിച്ചത്?"

"ശ്രീയേട്ടൻ കഴിഞ്ഞ പ്രാവശ്യം വന്നപ്പോ നെറ്റിപ്പൊട്ടുള്ള മീനെ പിടിച്ചു തരാമെന്നു പറഞ്ഞിട്ട്..."

മിനിക്കുട്ടി അർദ്ധോക്തിയിൽ നിർത്തി.

"ഓ, അതിനാണോ ? ഏട്ടൻ ഏതു മീൻ വേണമെങ്കിലും മിനിക്കുട്ടിക്കു പിടിച്ചുതരാമല്ലോ."

"എന്നും പിടിച്ചു തരുമോ ?"

മുഖം അല്പം ഉയർത്തി വെട്ടിച്ചിട്ട് അവൾ ചോദിച്ചു. അപ്പോഴവളുടെ ഞാന്നു കിടന്നിരുന്ന സ്ലീവ്സിന്റെ മിന്നുന്ന കല്ലുകൾ കണ്ണഞ്ചിയാടി.

"എന്നും പിടിച്ചു തരാം.

മറുപടി പറഞ്ഞു.

മിനിക്കുട്ടിക്കു സന്തോഷമായി. മീൻ പിടിച്ചിടാൻ മണലിലിറങ്ങി അവൾ കുഴിയുണ്ടാക്കിത്തുടങ്ങി.

തോർത്തുമുണ്ട് വിരിച്ച് അവർക്കു തോറിയിൽ പൊട്ടുള്ള മീൻ പിടിച്ചുകൊടുത്തു. അവളുടെ കൊച്ചു കുളത്തിൽ കിടന്ന് അവ പരക്കം പായുന്നതു കണ്ട് മിനിക്കുട്ടി കൈകൊട്ടി ഉല്ലസിച്ചു. ആ കൊച്ചു കുളത്തിലേക്കവൾ ചാലുകൾ കീറി വെള്ളമൊഴുക്കി.

എല്ലാം നോക്കിയിരുന്നാസ്വദിച്ചു. കുട്ടിക്കളിയിൽ സന്തോഷം തോന്നി. താനും ഒരു കൊച്ചു കുഞ്ഞായതുപോലെ തോന്നി. മിനിക്കുട്ടിയുടെ കൂടെയിരുന്നു ചാലുകൾ കീറാനും കളം കുത്താനും കൂടി.

അന്നു രാത്രി ഏട്ടത്തിയുടെ വീട്ടിലേക്കു വന്നപ്പോൾ മിനിക്കുട്ടി ഉറക്കംപിടിച്ചു കഴിഞ്ഞിരുന്നു. ഗോപിയേട്ടനും ഒത്തിരുന്ന് ഊണു കഴിക്കുമ്പോൾ ഏട്ടത്തി മിനിക്കുട്ടിയുടെ കുസൃതിത്തരങ്ങളെല്ലാം പറഞ്ഞു കേൾപ്പിച്ചു.

ഉറങ്ങുന്നതിനു മുമ്പു വിളക്കെടുത്തുകൊണ്ടു മിനിക്കുട്ടി കിടക്കുന്നിടത്തു ചെന്നു നോക്കി.

അരികിൽ വച്ചിരിക്കുന്ന തലയിണയിൽ ഇറുക്കിപ്പിടിച്ചുകൊണ്ട് മിനിക്കുട്ടി കിടന്നു നല്ല ഉറക്കമാണ്. അവളുടെ ചുണ്ടുകൾ ഉറക്കത്തിൽ എന്തെല്ലാമോ മന്ത്രിക്കുകയാണ്. നീണ്ടു കറുത്ത പീലികളുള്ള അവളുടെ കണ്ണുകൾ നല്ലതുപോലെ കൂമ്പിയാണിരിക്കുന്നത്. വെട്ടിയിട്ട മുടിയുടെ അറ്റം തുടുത്ത കവിളിൽ ഉലഞ്ഞു കിടക്കുന്നു.

ഉറങ്ങിക്കിടക്കുന്ന ഒരു കുഞ്ഞു ദേവതയാണെന്നുതോന്നി മുന്നിൽ. അവളെ ഉണർത്താതെ ആ കുഞ്ഞു കവിളിൽ പതിയെ ഒരുമ്മ കൊടുത്തിട്ട് സാവധാനം നടന്നു നീങ്ങി.

രാവിലെ ഉണർന്ന് തോട്ടിലെ തണുത്ത വെള്ളത്തിൽ മുങ്ങിക്കുളിക്കാനായി എത്തിയപ്പോഴാണ് മിനിക്കുട്ടി ഉണർന്നോടിയെത്തിയത്.

പകൽ മുഴുവൻ മിനിക്കുട്ടിയുടെകൂടെ "കിച്ചി കിച്ചി തമ്പാലം" കളിക്കാനും ഒളിച്ചുകളിക്കാനും കൂടണം. വാതുക്കൽത്തൂണിനു മറഞ്ഞ് കണ്ണുകൾ ഇറുക്കിയടച്ച് ഒളിച്ചു നില്ക്കുന്ന മിനിക്കുട്ടിയെ ഒറ്റ നോട്ടത്തിൽ കാണാമെങ്കിലും കാണാത്ത മട്ടിൽ അന്വേഷിച്ചു നടക്കും. കണ്ടുപിടിച്ചു കഴിയുമ്പോൾ ഒരു കിലുക്കാംപെട്ടിപോലെ കണ്ണുകൾ തുറന്ന് അവൾ ഓടി വരും.

രാത്രിയിൽ മച്ചിലേക്കു നോക്കി ഉറങ്ങാതെ കിടക്കുമ്പോൾ മിനിക്കുട്ടി പതിയെ അടുത്തു കൂടും. കഥകൾ കേൾക്കാൻ. ഫലിതം നിറഞ്ഞ കഥകൾ കേൾക്കുമ്പോൾ ചിരിച്ചു ചിരിച്ചവൾ തളരും. പണ്ടുപണ്ടുണ്ടായിരുന്ന സുന്ദരിയായ രാജകുമാരിയുടെയും അവളെ തട്ടിക്കൊണ്ടു പറന്നുപോയ മന്ത്രവാദിയുടെയും കഥകൾ പറയുമ്പോൾ ഉത്കണ്ഠയോടെ ചുണ്ടുകൾ അല്പം കൂർപ്പിച്ച് വിടർന്ന കണ്ണുകളോടെ അവൾ ഇരിക്കും. കഥ പറഞ്ഞുകഴിയുമ്പോഴേക്കു മിനിക്കുട്ടി ഉറക്കംപിടിച്ചു കഴിഞ്ഞിരിക്കും. മിക്കവാറും ഏട്ടത്തി മിനിക്കുട്ടിയെ എടുത്തുകൊണ്ടുപോയി കിടത്തേണ്ടിവരും.

മിനിക്കുട്ടി മുറ്റത്തു പച്ചമച്ചിങ്ങയിൽ ഈർക്കിൽ കുത്തി കറക്കിക്കളിച്ചുകൊണ്ടിരിക്കുന്നതു നോക്കി തളത്തിലെ പടിയിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഏട്ടത്തിയോട് വർത്തമാനം പറയാനായി സാധാരണ വരാറുള്ള അടുത്തവീട്ടിലെ കാതുതൂങ്ങിയ മുത്തശ്ശി വടിയും കുത്തി കൂനിക്കൂനി വരുന്നതു കണ്ടത്.

മിനിക്കുട്ടി ഓടിച്ചെന്നു മുത്തശ്ശി കാണാതെ മതിലിനു മറഞ്ഞിരുന്നുകൊണ്ടു ഉച്ചത്തിൽ കൂകിത്തുടങ്ങി. കൂകൽകേട്ട് എന്തെന്നറിയാതെ കുഴിഞ്ഞുതാണ കണ്ണുകൾ ഉയർത്തി മുത്തശ്ശി പകച്ചുനിന്നു ചുറ്റിനും നോക്കി.

അതു കണ്ടപ്പോൾ കൊച്ചരിപ്പല്ലുകൾ മുഴുവനും പുറത്തുകാണത്തക്കവണ്ണം പൊട്ടിച്ചിരിച്ചുകൊണ്ട് മിനിക്കുട്ടി ഓടിച്ചെന്നു മുത്തശ്ശിയുടെ അരയിൽ കെട്ടിത്തൂങ്ങി.

മുത്തശ്ശി പല്ലില്ലാത്ത മോണകാട്ടി ചിരിച്ചിട്ട് മിനിക്കുട്ടിയുടെ നെറുകയിൽ ഉമ്മ വെച്ചുകൊണ്ടു പറഞ്ഞു.

"...എന്റെ പുന്നാര മിനീ...നീയായിരുന്നോ? മുത്തശ്ശി നിരീച്ചല്ലോ പട്ട്യാന്ന്..."

മുത്തശ്ശി മിനിക്കുട്ടിയുടെ കയ്യിൽ പിടിച്ചുകൊണ്ട് ഉമ്മറപ്പുരയുടെ തിണ്ണയിൽ ചെന്നിരുന്ന് ഏട്ടത്തിയോട് വർത്തമാനം പറഞ്ഞു.



ഒരു താന്നിക്കുന്നിന്റെ മുകളിലുള്ള നീലാകാശത്തിൽ ഇരുണ്ട കറുത്ത മേഘപാളികൾ ഇരച്ചുകയറി. അമ്പലപ്പറമ്പിലെ പേരാലിന്റെ ശാഖകളിൽ സന്ധ്യാനേരത്തോടുകൂടി ചേക്കേറാൻ പോകാറുള്ള വെള്ളക്കൊക്കുകൾ അവിടെനിന്നും സ്ഥലംമാറി. തോട്ടിറമ്പിലെ കടമ്പിന്റെ പൂക്കൾ മഞ്ഞനിറത്തിൽ ഉണ്ടപ്പോലെ നിന്നു. ഉണങ്ങിയ പായൽ പിടിച്ച വലിയ അലക്കുകല്ല് മൂടത്തക്കവണ്ണം വെള്ളം പൊന്തി. പറിച്ചുനട്ട പാടത്തെ ഞാറിൻതുമ്പുകൾ ജലപ്പരപ്പിലെത്താൻവേണ്ടി എത്തിക്കുത്തി നിന്നു. വെള്ളം മൂടാത്ത വരമ്പിന്റെ മട്ടുകളിൽനിന്നും തവളകൾ നിർത്താതെ കാറിത്തുടങ്ങി.

"വെള്ളം നല്ല വരവാ..."

പദ്മനാഭൻനായർ അതുവഴി വന്നപ്പോൾ ഏട്ടനോട് പറഞ്ഞു.

"ഇത്തവണ നട്ടതും വെതച്ചതുമെല്ലാം പോകുന്ന മട്ടാ..."

ഏട്ടൻ ആരോടെന്നില്ലാതെ പറഞ്ഞിട്ട് നെറ്റിയിലൂടെ കയ്യോടിച്ചുകൊണ്ട് തിട്ടയിറമ്പുവഴി അങ്ങോട്ടുമിങ്ങോട്ടും നടന്നു.

മഴ വീണ്ടും ചാറിത്തുടങ്ങി. എത്തവാഴച്ചുവട്ടിൽ വാഴത്തേൻ ഉള്ള അടർന്നുവീണ പോള പെറുക്കാൻ പോയിരുന്ന മിനിക്കുട്ടി ഓടിക്കയറിവന്നു.

"ചാറ്റമഴ നനഞ്ഞാൽ പനി പിടിക്കുട്ടോ മിന്വേ..."

ഏട്ടത്തി അകത്തുനിന്നും അതുകണ്ട് വിളിച്ചു പറഞ്ഞു.

തളത്തിലൂടെ തെക്കേ മുറിയിലേക്കു നടന്നു. ജനൽക്കർട്ടൻ കാറ്റിൽ ഉയർന്നുനിന്നു കിണുങ്ങുകയാണ്. വേലിപ്പടർപ്പിലൂടെ പടർന്നുകയറിയിരിക്കുന്ന മുല്ലയിലകളുടെ അറ്റത്തുകൂടി വെള്ളം തുള്ളിതുള്ളിയായി വീണുകൊണ്ടിരിക്കുന്നു. വിടരാറായ മുല്ലമൊട്ടുകൾ തണുത്തു വിറച്ചതുപോലെ നില്ക്കുകയാണ്.

"ശ്രീയേട്ടാ, ഇതുകൊണ്ടു ഒരു വഞ്ചിയുണ്ടാക്കി തര്വോ...?"

മിനിക്കുട്ടി വാഴത്തേന്റെ പോളയുമായി എത്തി. അവളുടെ കറുത്ത മുടിച്ചുരുളുകളിൽ ചാറ്റമഴത്തുള്ളികൾ കുഞ്ഞുകുഞ്ഞു വെള്ളമുത്തുകൾപോലെ പറ്റി നില്പുണ്ടായിരുന്നു.

"മിനീ, തോർത്തെടുത്തു മുടി തുവർത്തൂ. അല്ലെങ്കിൽ പനി പിടിക്കും."

"മിനിക്കുട്ടിക്ക് പനിയൊന്നും പിടിക്കില്ല ശ്രീയേട്ടാ..."

വഞ്ചിയുണ്ടാക്കാൻ ഈർക്കിൽ എടുത്തു തന്നുകൊണ്ട് കാര്യഗൗരവം നടിച്ച് അവൾ പറഞ്ഞു.

"പറഞ്ഞാൽ കേട്ടില്ലെങ്കിൽ ഇതുവച്ച് മിനിക്കുട്ടിക്ക് നല്ല അടി ഞാൻ തരും."

ഈർക്കിൽ എടുത്ത് അവളുടെനേരെ ഓങ്ങി.

"ശ്രീയേട്ടൻ അടിച്ചാലും മിനിക്കുട്ടിക്ക് നോവില്ല്യാല്ലോ."

"അതെന്താ?"

"ശ്രീയേട്ടൻ നോവിക്കാതെയല്ലേ മിനിക്കുട്ടിയെ അടിക്ക്യാള്ളൂ..."

തുവർത്തെടുത്ത് തലയിലിട്ട് ഉടച്ചിട്ട് അവൾ തന്നോടു ചേർന്നു ചിരിച്ചുകൊണ്ട് നിന്നു.

പച്ചിലയിൽ വള്ളംകുത്തി വഞ്ചിയുണ്ടാക്കിക്കൊടുത്തു. മിനിക്കുട്ടി അതുംകൊണ്ടു പുറത്തേക്കോടി.

ചാറ്റൽമഴ നിന്നു. പശ്ചിമ ചക്രവാളത്തിൽ ഇരുണ്ട് കറുത്ത മഴക്കാറിനിടയിൽക്കൂടി ഒരു വെള്ളിരേഖ കാണപ്പെട്ടു. ഇരുട്ട് ദൂരെനിന്നും ഒരു നവോഢയുടെ ലജ്ജാവിവശതയോടെ മന്ദം മന്ദം നടന്നുവരാൻ ആരംഭിച്ചു. മടകളിൽ താഴ്ന്നിരുന്ന തവളകൾ വെള്ളം മൂടാത്ത വരമ്പിൽ കയറിയിരുന്ന് കാറിത്തുടങ്ങി.

അമ്പലത്തിൽനിന്നും ദീപാരാധനയുടെ വലിയ മണിയുടെ ശബ്ദം മുഴങ്ങി.

"ദീപം, ദീപം."

ഏട്ടത്തി ദീപവുമായി തളത്തിലേക്കിറങ്ങി.

ഗോപിയേട്ടൻ ആരോ അത്യാവശ്യമായി വിളിച്ചിട്ട് പുറത്തേക്കിറങ്ങുവാൻ ഇടയാകുകയായിരുന്നു. ദീപംതൊട്ട് വന്ദിച്ചിട്ട് ഗോപിയേട്ടൻ ആ ആളുടെ കൂടെ തന്നെ പറമ്പുവഴി നടന്നുമറഞ്ഞു.

തളത്തിൽവന്ന് ദീപംതൊട്ട് വന്ദിച്ചിട്ട് ഏട്ടന്റെ കോസടിയിൽ കയറി നിവർന്നു കിടന്നു.

ചുവരിൽ വച്ചിരിക്കുന്ന ശ്രീകൃഷ്ണഭഗവാന്റെ പടത്തിനു മുന്നിൽ തിരികൊളുത്തി ചന്ദനത്തിരിയും കത്തിച്ചു വച്ചിട്ട് ഏട്ടത്തി ഒരു നിമിഷം ധ്യാനനിരതയായി നിന്നു.

"ശ്രീയെ മിനിയെന്ത്യേ..."

തുളസിത്തറയിൽ തിരിവയ്ക്കാനായി ഇറങ്ങിയപ്പോൾ ഏട്ടത്തി ചോദിച്ചു.

"കുറച്ചു മുമ്പിൽ ഇവിടുന്ന്‌വടക്കിനിറങ്ങിക്കൊണ്ടോടുന്നതുകണ്ടു. പറമ്പിലെവിടെങ്കിലുമിരുന്നു കളിക്കുവാവും."

മറുപടി പറഞ്ഞു.

"മിനി...മിനി...! നേരം വിളക്കു വച്ചിട്ടും ഇവ്ളുടെ ഒരു കളി..."

മിനിയെ നീട്ടി വിളിച്ചിട്ട് ശകാരിച്ചുകൊണ്ട് ഏട്ടത്തി പറമ്പിലേക്ക് നടന്നു.

മുറ്റത്തെ അശോകമരത്തിന്റെ കൊമ്പുകളെ ചലിപ്പിച്ചുകൊണ്ട് ഒരു ചെറിയ കാറ്റ് ഓടിവന്നു. അതിൽ തണുപ്പിന്റെ തരിതരിപ്പ് കലർന്നിരുന്നു. അപ്പോൾ ദേഹത്തുകൂടി ഒരു മസ്‌ലിൻതുണി ഇഴഞ്ഞുവീഴുന്നതുപോലെ തോന്നി.

കോസടിയുടെ മടക്കിവച്ചിരുന്ന പടികൾ നീട്ടി കാലുകൾ ഉയർത്തിവച്ചുകൊണ്ട് കിടന്നു.

പറമ്പിൽനിന്ന് ഏട്ടത്തി ഓടി വന്നു. ആ മുഖത്തു പരിഭ്രമത്തിന്റെ ഛായ നല്ലപോലെയുണ്ടായിരുന്നു.

"...മിനിയെ പറമ്പിലെങ്ങും കാണുന്നില്ല..."

ഓടിവരുന്നതിനിടയിൽ ഏട്ടത്തി വിളിച്ചുപറഞ്ഞു. വേഗം തിണ്ണയിലേക്കിറങ്ങിച്ചെന്നു.

വെള്ളം കയറി മുങ്ങിക്കിടക്കുന്ന പാടത്തേക്കും തോട്ടിലേക്കുമാണ് നോട്ടം ആദ്യം എത്തിയത്. കണ്ണുകൾ വേഗത്തിലവിടെത്തന്നെ തറഞ്ഞുനിന്നു. ഏട്ടത്തിയും അങ്ങോട്ടുതന്നെ നോക്കി.

തോട്ടിറമ്പിലെ വലിയ അലക്കുകല്ലിൽ മുട്ടോളം വെള്ളത്തിൽ നില്ക്കുന്ന മിനിയെക്കണ്ട് ഏട്ടത്തി സ്തംഭിച്ചു നിന്നു.

തോട്ടിലെ കുതിച്ചുപായുന്ന മലവെള്ളത്തിൽ വഞ്ചിവിട്ട് കളിക്കുകയാണ് മിനി. കുതിച്ചൊലിച്ചു വരുന്ന മലവെള്ളം വലിയ അലക്കുകല്ലിനോട് ചേർന്നുള്ള വളപ്പിൽ തട്ടി ചുഴിയുണ്ടാക്കിക്കൊണ്ടു നില്ക്കുന്നു. കതിരവിത്ത പാഴ്ത്തടി കഷണങ്ങളും കാട്ടുകമ്പുകളും ചുഴന്നു ചുഴന്നവിടെ അടിയിലേക്കു താഴുകയാണ്. അവിടെ നിമിഷംപ്രതി ആഴം കൂടിക്കൂടി വരുന്നു. മിനിക്കുട്ടിയുടെ വഞ്ചികളെല്ലാം ചുഴിയിൽപെട്ട് കറങ്ങി താഴ്ന്നുപോവുകയാണ്.

"മിനി ..ീ...ീ.......ീ "

ഉറക്കെ വിളിച്ചു.

വെള്ളത്തിന്റെ കളകളശബ്ദത്തിൽ വിളിക്കുന്നതൊന്നും അവൾ കേൾക്കുന്നില്ല. ചുഴിയിൽപ്പെടാതിരിക്കാൻ കയ്യിലിരിക്കുന്ന അവസാനത്തെ വഞ്ചി എത്തിക്കുത്തിനിന്ന് ഒഴുക്കിൽ വയ്ക്കാനാണവൾ ശ്രമിക്കുന്നത്.

ഒരു നിമിഷം.

മിനിക്കുട്ടിയുടെ കാലു തെന്നി.

കലങ്ങിമറിഞ്ഞ കുറച്ച് വെള്ളം ശക്തിയായി മേല്പോട്ടു പൊന്തി. അതു ചിന്നിച്ചിതറിച്ചശേഷം വീണ്ടും ഒഴുക്കിൽത്തന്നെ പതിച്ചു.

തലയിലേക്ക് ഒരായിരം മിന്നൽപ്പിണരുകൾ ഒരുമിച്ചു പാഞ്ഞു കയറുന്നതുപോലെ തോന്നി.

ഏട്ടത്തി ഒരു ഞരക്കത്തോടെ താഴെ വീണു.

ആകാവുന്നത്ര വേഗത്തിൽ മുന്നോട്ട് കുതിച്ചു.

ഇറമ്പിൽ വളച്ചു കുത്തിയ വാഴപ്പോള വഴി നിന്നു കറങ്ങുന്ന ചുഴലിയെ ലക്ഷ്യമാക്കി എടുത്തുചാടി.

BASKET BALL TEAM [MEN & WOMEN]

*Sitting 1st row (L to R)*:—George Mammen, Sunny Mammen, Elias M. A., Chacko Isac.

*Sitting 2nd row*:—Mary George (Captain), Miss Kalyanikkutty, B. Sc., D. P. E., Mr. C. P. Andrews, B. A., D. P. E., Mr. Viswappan (State Coach), Alex M. Chacko (Captain).

*Standing 1st row*:—Annie T. I., Stella, Sara Thariath, Pameela Mathew, Valsamma Thomas, Susan Varghese.

*Standing 2nd row*:—Ambujam K., Rachel Mathew, Susan Esaw, Vanaja Thomas, Rachel Mathai.

*Last row*:—Kuruvilla A. C., Sathar T. A., Varghese George, Koshi Alexander, Sagar Thomas, Thomas Mathew.

WOMEN'S HOCKEY TEAM
(Runners up in the State Championship & District Winners)

*Sitting 1st row (L to R)*:—Misses Mini Andrews, Molly Chacko.

*Sitting 2nd row*:—Miss Kalyanikutty (Physical Directress), Sumathy Abraham, Dr. P. M. Mathai (Principal), Valsa John (Captain), Mr. C. P. Andrews (Physical Director).

*Standing 1st row*:—Misses Hansa Kumari, Beena Verghese, M. C. Mariamma, Annie Philip, Supran (Games boy).

*Standing 2nd row*:—Misses Suguna Verghese, Annamma Chacko, Shyla Mathai, Premela George.

BASKET BALL TEAM [MEN & WOMEN]



WOMEN'S HOCKEY TEAM
(Runners up in the State Championship & Disrtrict Winners)



TENNIS CLUB 1966—'67



Mock-Parliament under the auspices of the College Union



TENNIS CLUB 1966—'67

*Sitting (L to R)* :—M/s. Dr. A. K. Baby (President), Abraham T. Koruthu (Captain), Dr. P. M. Mathai (Principal), M. P. Stephen, C. P. Andrews (Lecturer in Physical Education).

*Standing Ist row* :—M/s. George Varghese, Mathew P. Koshy, Thomas Mathew, Joshi Chali, George Mammen, P. M. Usuff.

*2nd row* :—M/s. Paul David, Philip Oommen, Sam Varghese, Mathew Kurien, T. J. Jacob.

പൂത്തുനിന്നിരുന്ന കടമ്പിൽനിന്നും ഒന്നു രണ്ടു വലിയ പൂക്കൾ കൊഴിഞ്ഞു. അതു കുതിച്ചുപായുന്ന മലവെള്ളത്തിന്റെ ഒഴുക്കിൽ വീണ് ഉടിച്ചുതടിച്ചു നീങ്ങി.

ശ്രീകൃഷ്ണഭഗവാന്റെ മുമ്പിലെ ചന്ദനത്തിരി കത്തിത്തീർന്നിട്ട് മണിക്കൂറുകൾ കഴിഞ്ഞിരുന്നു. തുളസിത്തറയിലെതിരി ഒരു തുള്ളി വെള്ളംവീണ് വേദനയോടെ ചീറിക്കെട്ടു. അതിന്റെ വെളുത്ത പുകവായുവിലേക്കലിഞ്ഞലിഞ്ഞില്ലാതെയായി.

അങ്ങു ദൂരെ താന്നിക്കുന്നിന്റെ അടിവാരത്തിൽ മീനിക്കുട്ടിയുടെ നിർജ്ജീവമായ കുതിർന്നശരീരം പൊന്തി.

വെളിച്ചം മങ്ങിയ ഒരു ദിവസംകൂടി പുലർന്നു. വന്ന ആ ദിവസത്തിൽ നിഴലുകളില്ലായിരുന്നു. അശോകമരത്തിലെ ഇലകളെല്ലാം എന്തോ ഓർക്കുന്നതുപോലെ അനങ്ങാതെ നില്ക്കുകയാണ്. തോട്ടുവക്കിലെ കൈതയിൽ വിടർന്ന പൂക്കളുണ്ടായിരുന്നെങ്കിലും പരിമളം കാറ്റിൽ പരന്നില്ല.

വെളിച്ചം മങ്ങി, നിഴലുകളില്ലാത്ത ആ ദിവസത്തിൽ തെക്കേപ്പറമ്പിൽ നിന്നും എങ്ങലടികളുടെ ശബ്ദം ഉയർന്നു വന്നുകൊണ്ടിരുന്നു. വെള്ളയിട്ടു പുതപ്പിച്ചുകൊണ്ട് മീനിക്കുട്ടിയുടെ കുതിർന്നശരീരം മൂടപ്പെട്ടപ്പോൾ തെങ്ങോലത്തുമ്പുകൾ വേദനയോടെ മന്ദം മന്ദം തലകുനിച്ചുപോയി. ഓലത്തുമ്പുകളിൽ പറ്റിപ്പിടിച്ചിരുന്ന വെള്ളത്തുള്ളികൾ കണ്ണീർക്കണങ്ങൾപോലെ ഊർന്നിറങ്ങി ഇറ്റിറ്റുവീണു. വാകമരക്കൊമ്പുകൾ ആകാശത്തിലേക്ക നോക്കി ധ്യാനനിരതരെപ്പോലെ അനങ്ങാതെ നിന്നു.

ദുഃഖത്തിന്റെ ഒരു സാമ്രാജ്യം ഉള്ളിലൊതുക്കിക്കൊണ്ട് രണ്ടാത്മാവുകൾ വീർപ്പുമുട്ടി അതു നോക്കിനിന്നു—ഏട്ടനും ഏടത്തിയും.

“എന്റെ... മീനൂ...”

ഏട്ടത്തി ബോധഹീനയായി വീണു. തോൾമുണ്ടിന്റെ അറ്റം കടിച്ച് ഏട്ടൻ കരച്ചിലടക്കാൻ പണിപ്പെട്ടു.

അപ്പോൾ അകന്നകന്നു പോകുന്ന മീനിക്കുട്ടിയുടെ ആത്മാവിനോടായി ഹൃദയം വേദനയോടെ മന്ത്രിക്കുകയായിരുന്നു.

“ഇല്ല, എന്റെ മീനിക്കുട്ടി നിനക്കു മരിക്കാൻ കഴിയില്ല. നീ മരിക്കില്ല, എന്നിൽ നിന്നൊരിക്കലും വിട്ടകന്നുപോകാൻ നിനക്കു സാധിക്കില്ല മീനീ, നിനക്കു സാധിക്കില്ല.

ആ അന്തരീക്ഷമെല്ലാം ശൂന്യതയിൽ ലയിച്ചു. അങ്ങകലെ ക്ഷേത്രത്തിൽനിന്നും ദീപാരാധനയ്ക്കുള്ള വലിയ മണിയുടെ ശബ്ദം മുഴങ്ങി അതു വിഷാദ മൂകമായി വിറച്ചു വിറച്ചവസാനിച്ചു.

ശ്രീകൃഷ്ണ ഭഗവാന്റെ മുൻപിൽ എണ്ണയില്ലാത്ത ഒരു തിരി പുകഞ്ഞു പുകഞ്ഞു കത്തി. തുളസിത്തറയിലെ നനഞ്ഞ കല്ലിൽ തലേ ദിവസത്തെ കരിന്തിരിക്കഷണം കല്ലിനോട് പറ്റി വിടാതെ കിടന്നിരുന്നു.

ശ്രീകൃഷ്ണഭഗവാന്റെ മുൻപിൽ കൈകൾ കൂപ്പാനൊരുങ്ങിയ ഏട്ടത്തി ഒരു പൊട്ടിക്കരച്ചിലോടെ കട്ടിളപ്പടിയിൽ പിടിച്ചുകൊണ്ട് അകത്തേക്കു പാഞ്ഞുപോയി.

ആത്മാവിൽ നീറിപ്പുകയുന്ന ഒരു ശാപമായി വേദനയുടെ ദേവത കുടികൊള്ളുമ്പോൾ തോട്ടുവക്കിലെ കടമ്പിന്റെ വാടിയ പൂക്കൾ വീണ്ടും കൊഴിഞ്ഞു.

പാതിരാക്കോഴികൾ വീണ്ടും കൂകി.നത്തുകൾ ചിലച്ചു. എങ്ങും ശാന്തത. ശാന്തതയിൽ ലയിച്ചു കിടക്കുന്ന ലോകം. താന്നിക്കുന്നിൻ മുകളിലൂടെ കയറി വന്ന നിരാശാതപ്തയായ ഒരു സുന്ദരിയുടെ മുഖംപോലെ കാണപ്പെട്ട ചന്ദ്രബിംബത്തിൽ നിഷ്കളങ്കമായ ഒരു പുഞ്ചിരി തെളിഞ്ഞു വന്നു.

തന്റെ മീനിക്കുട്ടിയെ കൂട്ടിനു കിട്ടിയതുകൊണ്ടാകാം

ചുട്ടുള്ള ഒരു നിശ്വാസം തന്നിൽ നിന്നും വിതുമ്പി വിതുമ്പി ഉയർന്നു വന്നു.

നിറഞ്ഞു നിന്നിരുന്ന കണ്ണുകൾ കൈപ്പത്തികൊണ്ട് തുടച്ചിട്ട് ജനലഴികൾക്കിടയിലൂടെ ഞാൻ എച്ചിൽക്കുഴിയിലേക്ക വീണ്ടും നോക്കി.

ആ കൊച്ചു പെൺകുട്ടി ചുറ്റുമിരുന്ന എച്ചിലിലകൾ വിടർത്തി നോക്കിക്കൊണ്ടിരിക്കുമ്പോൾ പുറകിൽ മാറിവച്ചിരുന്ന ചോറു് വാലു മുറിഞ്ഞ പട്ടി തിന്നുകയായിരുന്നു.

അവൾ തിരിഞ്ഞു നോക്കി പട്ടിയെ ഓടിച്ചു. പക്ഷേ അപ്പോഴേക്കും ചോറു് മുഴുവൻ പട്ടി തിന്നു കഴിഞ്ഞിരുന്നു.

അവളുടെ മുഖത്തെ പ്രകാശം ഓടിയൊളിച്ചു. കണ്ണുകളിൽ വിശപ്പിന്റെ വേദന ഊറി വന്നു. ആ വേദനയ്ക്കു ഉറഞ്ഞു നില്ക്കുന്ന കനത്ത ചൂടിലും ശക്തിയുണ്ടെന്നു തോന്നി.

അവൾ പട്ടിയെ വേദനയോടെ ശ്രദ്ധിച്ചു നോക്കി. പട്ടി തല മുന്നോട്ടല്പം താഴ്ത്തി ചെവി പുറകോട്ടു പിടിച്ചു നിന്നു.

ഇങ്ങനെ എത്ര ആയിരം പേരുണ്ടു് ലോകത്തിൽ, ഒട്ടിയ വയറുമായി കഴിയുന്നവർ!

എത്രയെത്ര പേർ ഒരു പിടി ചോറിനായി ആഗ്രഹിക്കുന്നു!

ചപ്പിച്ചുവച്ചിരുന്ന ശേഷിപ്പു് മാത്രം തിന്നുകൊണ്ടു് എത്രയെത്ര ജീവിതം നിലനില്ക്കുന്നു!

ഒരു വശത്തു് പണവും മറുവശത്തു തീറ്റിയും കുന്നുകൂട്ടി അവയുടെ നടുവിൽ പട്ടുമെത്ത വിരിച്ചു് സുഖമായുറങ്ങുന്ന ഹൃദയമെന്നൊന്നില്ലാത്തവരേ, നിങ്ങൾ കണ്ണു തുറക്കുമ്പോൾ ഇങ്ങോട്ടൊന്നു നോക്കൂ, എന്നു് ഉറക്കെയുറക്കെ വിളിച്ചു പറയണമെന്നു തോന്നി. പക്ഷേ പറഞ്ഞില്ല. വിലയില്ലാത്ത കുറെ ജല്പനങ്ങളായി മാത്രമേ അതു അവരു ശ്രദ്ധിക്കുകയുള്ളൂ.

മേശപ്പുറത്തിരുന്ന ടിഫിൻ കാരിയറിലെ ചോറും കറികളും ഇലയിൽ പൊതിഞ്ഞെടുത്തു കൊണ്ടു് വാതിൽ തുറന്നു് ഞാൻ പുറത്തിറങ്ങി.

ഹോട്ടലിന്റെ പുറകുവശത്തെ കറുത്തു് കുഴഞ്ഞ മണ്ണിൽ ചവിട്ടി ഞാൻ എച്ചിൽക്കുഴിയുടെ അടുത്തേക്കു് നടന്നു. അവിടത്തെ മണ്ണിനു തണുപ്പുണ്ടു്. നിലം പാറി നിന്നിരുന്ന ഈച്ചകൾ ഓരോ കാൽ വയ്ക്കുമ്പോഴും മുരളലോടെ പറന്നു പൊങ്ങിക്കൊണ്ടിരുന്നു. അളിഞ്ഞ ചോറു് തിന്ന പട്ടി എച്ചിൽക്കുഴിയുടെ വക്കിലിരുന്നു കൊണ്ടു് ചിറി നക്കുകയാണു്. അതു് ഇടയ്ക്കിടയ്ക്കു് എച്ചിൽക്കുഴിയിൽ നില്ക്കുന്ന പെൺകുട്ടിയുടെ നേരെ കണ്ണുവെട്ടിച്ചു നോക്കുന്നുണ്ടു്.

കവിളിലെ വിയർപ്പിൽ പാറിവീണു കിടന്നിരുന്ന മുടിയിഴകൾ പിറകോട്ടു് മാടിയൊതുക്കിയിട്ടു് അവൾ എച്ചിൽക്കുഴിയുടെ വക്കിൽ ചാരി നിരാശയോടെ നില്ക്കുകയാണു്. ഊറി വന്ന വേദനയുടെ തുള്ളികൾ അവളുടെ കൺകോണുകളിൽ ഉരുണ്ടു കൂടി നില്ക്കുന്നുണ്ടു്.

അവൾ വാലുമുറിഞ്ഞ പട്ടിയുടെ നേരെ വേദനയോടെ വീണ്ടും നോക്കി. പട്ടി കണ്ണു ചിമ്മിയിട്ടു് തല കമ്പിട്ടു് ഉറക്കം നടിച്ചിരുന്നു.

എച്ചിൽക്കുഴിയുടെ വക്കിൽ ചെന്നു നിന്നുകൊണ്ടു് ഞാൻ സാവധാനം വിളിച്ചു.

"കുട്ടി ......................

അവൾ തല ചെരിച്ചു് വിടർന്ന കണ്ണുകൾ ഉയർത്തി നോക്കി. ആ കൊച്ചു മുഖത്തു് പരിഭ്രമത്തിന്റെ നിഴലുകൾ ഓടിക്കളിക്കുന്നതു കണ്ടു.

എച്ചിൽക്കുഴിയുടെ വക്കിലിരുന്ന വാലുമുറിഞ്ഞ പട്ടി എഴുന്നേറ്റു് ദൂരെ മാറി നിന്നു തലതിരിച്ചു് നോക്കിക്കൊണ്ടിരുന്നു.

"ഇങ്ങു വരൂ......"

കീറിപ്പറിഞ്ഞ ഉടുപ്പിന്റെ പിൻഭാഗം വലിച്ചു മറച്ചുകൊണ്ടു് ഭീതിയോടെ മെല്ലെ മെല്ലെ അവൾ അടുത്തുവന്നു.

നിശ്ശബ്ദനായി ചില നിമിഷങ്ങളോളം അവളെത്തന്നെ നോക്കിനിന്നു. ഭീതിപൂണ്ട കണ്ണുകളുമായി തന്റെ മുൻപിൽ നില്ക്കുന്നതു മിനിക്കുട്ടി തന്നെയാണെന്നു തോന്നി. ആ കൊച്ചു കവിളിൽ തുരുതുരെ ഉമ്മ വയ്ക്കുവാനും പാറിപ്പറന്നു കിടക്കുന്ന മുടിയിഴകൾ മാടിയൊതുക്കാനും ഹൃദയം വെമ്പൽ കൊണ്ടു.

"ഇതെടുത്തോളൂ.........."



കയ്യിലിരുന്ന പൊതി അവളുടെ നേരെ നീട്ടി.

ഭീതിയോടെ ഉയർത്തിയ ആ കുഞ്ഞിക്കൈകളിൽ പൊതി വച്ചപ്പോൾ വാഴപ്പോള കൊണ്ടു് വലവിരിച്ചു തോട്ടിക്കുമ്പോഴും, നേരിയിൽ പൊട്ടുള്ള മീൻ പിടിച്ചുകൊടുക്കുമ്പോഴും തന്റെ മിനിക്കുട്ടിയുടെ മുഖം തുടുക്കാറുള്ളതുപോലെ അവളുടെ മുഖവും തുടുത്തു. നീണ്ടുകറുത്ത പീലികളുള്ള കണ്ണുകൾ വികസിച്ചു. അപ്പോൾ അവൾക്കു മിനിക്കുട്ടിയുമായി കൂടുതൽ സാദൃശ്യം തോന്നി.

തിരികെ മുറിയിൽവന്നു ചാരുകസാലയിൽ കിടന്നുകൊണ്ടു് ജനാലവഴി ഞാനവളെ വീണ്ടും നോക്കി. ഹോട്ടലിന്റെ അടുക്കള പടിക്കു ഭിത്തിയുടെ തണലിലിരുന്നു് അവൾ തൃപ്തിയോടെ ഊണു കഴിക്കുകയാണു്. വാലു മുറിഞ്ഞ പട്ടി അവളുടെ അടുത്തായി ചോറിലേക്കും അവളുടെ മുഖത്തേക്കും മാറി മാറി നോക്കിക്കൊണ്ടു് കുത്തിയിരിക്കുകയാണു്.

അവൾ ചോറു വാരി ഉയർത്തിയ കൈകളോടെ പട്ടിയുടെ നേരെ നോക്കി. പട്ടി കണ്ണു ചിമ്മിയിട്ടു് തലയല്പം താഴ്ത്തി ചെവി പുറകോട്ടു പിടിച്ചു് ഇരുന്നു. അവൾ വാരിയ ചോറു് പട്ടിയുടെ മുൻപിൽ ഇട്ടുകൊടുത്തു. പട്ടി ആ ചോറു തിന്നിട്ടു് അവളുടെ നേരെ നോക്കി മുറിഞ്ഞ വാലു് ആട്ടിക്കാണിച്ചു.

അവൾ ഊണുകഴിക്കുന്നതു കണ്ടപ്പോൾ തന്റെ മിനിക്കുട്ടിയിരുന്നു് ഊണു കഴിക്കുകയാണെന്നു തോന്നി.

അപ്പോൾ മനസ്സു സ്വയം മന്ത്രിച്ചു.

" കുട്ടി നീ എന്റെ മിനിക്കുട്ടിയാണു്... എന്റെ മിനിക്കുട്ടി..."

ഈറനണിഞ്ഞ കണ്ണുകൾ വീണ്ടും അടച്ചിട്ടു് ചാരുകസാലയിലേക്കു ഞാൻ ചാഞ്ഞു കിടന്നു.

ഉച്ചവെയിലിൽ അപ്പോഴും ചുട്ടുപഴുത്തു മുരടിയിരുന്നു. അങ്ങകലെ മൈതാനത്തിൽ മുറ്റിയ വിടർത്തിയ കൈകളുമായി ആ ഒറ്റ ചൂളമരം വിദൂരമായ ആകാശത്തിലേക്കു നോക്കി അനങ്ങാതെ നില്ക്കുകയാണു്.

റോഡിലൂടെ ധൃതിയിൽ സഞ്ചരിക്കുന്നവരുടെ നിഴൽ കാൽച്ചുവട്ടിൽ നിന്നും അല്പം കൂടി പുറകോട്ടു മാറിയിരിക്കുന്നു. അതിനി നീളം കൂടാൻ ആരംഭിക്കുകയാണെന്നു തോന്നി. അവ ഇനിയും നീണ്ടു നീണ്ടു വരും. അപ്പോൾ മാനം ഇരുണ്ടതായിത്തീരും. വൃക്ഷക്കൂട്ടങ്ങളുടെ ഇടയിലേക്കു സന്ധ്യയുടെ അവ്യക്തത ഊർന്നിറങ്ങും. ഇനി അന്ധകാരത്തിൽ ലയിക്കും.

# ഹൃദയസംഗീതം

ശിവോളിനാരായണൻ (Old student)



ആമോദത്തിലലിഞ്ഞുചേർന്ന്
ഹൃദയാരാമത്തിലോരായിരം
പൂമൊട്ടുന്ന നിരന്നുനിന്നു വിടരാൻ—
വെമ്പിക്കുതിച്ചിടവേ,
രോമാഞ്ചത്തൊടെയിപ്പുതോഴരവ—
രോടൊന്നിച്ചു ഞാനന്നു സൽ
പ്രേമത്തിന്റെ വിരുന്നുമുണ്ടു കുറെ നാൾ
ജീവിച്ചു സംതൃപ്തനായ്.

കാലംപോയി മറഞ്ഞു തീവ്രകദനം
കൈക്കുമ്പിളേന്തിസ്വയം
നീളെ സ്നേഹസുമങ്ങൾ തേടി,
നിരയോദാരപ്രതീക്ഷാമോൽ
ആലസ്യത്തൊടു വീണസ്വപ്നസുഖമാം
പൂതാലപ്പൊട്ടിത്തക—
ന്നാലക്ഷ്യംബതവിട്ടു. ജീവിതപഥ
പ്രാന്തത്തിലണയുവിന്നാ.

വീണക്കമ്പികൾ മീട്ടിയോർമ്മയവൾ തൻ—
പാദസ്വരത്തിൻ മണി
ക്വണനത്തോടെ 'കഴിഞ്ഞ കാല'മൊരുനാൾ
നൃത്തം ചവിട്ടിടവേ,
പ്രാണത്രാണകലാലയാംബനിരയെ—
പ്പൊൻപൂക്കളും ചാർത്തിയ—
ന്നീണത്തോടെയുതിർത്തഗാനമുളകേ—
ട്ടാനന്ദവാനായി ഞാൻ.

കർമ്മക്ഷേത്രമതാണ ജീവിതകലാ—
മൂല്യങ്ങളേകിട്ടുമാ
ഹർമ്മ്യത്തിന്റെ വിശാലമാകിയ
കവാടത്തിൽ പ്രവേശിച്ചുവേ,
നൈർമ്മല്യാർഘ്യമൊടോടിയെത്തി—
യരികത്തായ്ത്താതനാസാദരിയാൾ
നർമ്മാലാപവിദഗ്ദ്ധയാകുമവളെ—
ന്നാത്മാവുബന്ധിച്ചുപോയ്.

കാമംപോൽ കലിതാദരം കളികളിൽ
കാലേനിമഗ്നം സുഖ—
സ്സ്വാമം ഹാ! പുതുസൗഹൃദംകലരുമ—
ക്കാലം കഴിഞ്ഞക്ഷണം
ഓമൽ സൗഹൃദമൊന്നുമാത്ര
മവശേഷിക്കുന്ന സ്വപ്നമാ—
യിന്നിന്നു മണിപ്രദീപമതുമാ—
നാത്മാർത്ഥമാം സൗഹൃദം

ലോകം ശൂന്യമതിന്നു വിശ്വപഥികൻ
ഞാനെന്നതിനായി വിധം
ശോകത്തിൻ നിഴൽ പാറിനിന്നു
വിലപിക്കുന്നു നിരാശാവശൻ
ഏകം ശാശ്വത സൗഖ്യമെന്നു കരുതി—
ത്തേടുന്നു മാറ്റും, നമു—
ക്കേകുന്നില്ലൊരു ശാന്തിയും
വിധിഹിതം വിശ്വത്തിൽ വിശ്വോത്തരം



# ഭാരതം എങ്ങോട്ട്

ജോസഫ് മൈക്കൽ വി. (ക്ലാസ്സ് III എക്കണോമിക്സ്)

ഭാരതം എങ്ങോട്ട് എന്നുള്ള ചോദ്യം ഇന്ന് ദേശസ്നേഹികളായ ഭാരതീയരുടെ ഹൃദയത്തിൽ ഉദിക്കുകയാണ്. ഭാരതം എന്ന പേർ കേൾക്കുമ്പോൾ അഭിമാനത്താൽ പുളകം കൊള്ളുന്ന നാം ഇന്ന് ഒരു തരം അവജ്ഞയോടെയാണ് ഈ പേരിനെ വീക്ഷിക്കുന്നത് എന്നത് ഒരു നഗ്നസത്യം മാത്രം ആണ്. സ്വാതന്ത്ര്യസമരത്തിൽ ഭാരതത്തിന്റെ സേനാനായകൻ ഗാന്ധിജി ആയിരുന്നു. അദ്ദേഹം ഉപയോഗിച്ച സമരതന്ത്രമായ 'അഹിംസ' ആറാണ്ടുകളായി ഭാരതസംസ്കാരം പഠിപ്പിച്ച ഒരു പ്രധാന തത്വം ആയിരുന്നു. എന്നാൽ പതിനേഴ് വർഷം ഭാരതത്തിന്റെ കപ്പിത്താനായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനുശേഷം ഭാരതത്തിൽ ചില വിള്ളലുകൾ ഉണ്ടാകാൻ തുടങ്ങി. പലരും ഇന്ന് ആ വിള്ളലുകൾ ഭാരതത്തെ ആകെ കീറിമുറിക്കുമോ എന്നു നോക്കി വിഷാദനിമഗ്നരായിരിക്കുകയാണ് ദേശസ്നേഹികളായ ഭാരതീയർ.

ഏകദേശം ഒരു വർഷം മുമ്പ് ഇന്ദിരാഗാന്ധിയെ ഇന്ത്യയുടെ പ്രധാന മന്ത്രിയായി തെരഞ്ഞെടുത്തപ്പോൾ, അതിനെ പലരും കഠിനമായി വിമർശിക്കുകയുണ്ടായി. വിമർശനകാരണം അവരും മുൻപ്രധാന മന്ത്രിമാരെപ്പോലെ ഉത്തരപ്രദേശത്തുകാരി എന്നുള്ളതായിരുന്നു. അന്ന് ശ്രീ നരസിംഹൻ ചോദിക്കുകയുണ്ടായി ഭാരതത്തിനു എന്തുപറ്റി എന്നും ഉത്തരപ്രദേശ് ഇന്ത്യയിൽ അല്ലേ എന്നും. അങ്ങനെ വിഭാഗീയ ചിന്തകൾ ഭാരതത്തെ നശിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. തെക്കനും വടക്കനും എന്ന ചിന്താഗതിയാണ്, ഭാരതീയനെന്നതിനെക്കാൾ മുന്നിട്ടു നില്ക്കുന്നത്. ഈ നിലയിൽ ഭാരതം എങ്ങോട്ട് എന്ന ചോദ്യം വീണ്ടും നമ്മുടെ മുമ്പിൽ ഉയർന്നു നില്ക്കുന്നു.

ഭാരതദേവിയുടെ ശരീരം മുഴുവൻ ഇന്ന് പല രോഗങ്ങളും ആക്രമിച്ചിരിക്കുകയാണ്. എവിടെ നോക്കിയാലും അഴിമതിയും കരി



ഞ്ചന്തയും. അഴിമതിയുടെ കാൽ പുരളാത്ത ഒരു മന്ത്രിപോലും നമുക്കില്ല. സാധനങ്ങൾ പൊതു വിപണികളിൽ കിട്ടാനില്ല. എന്നാൽ കരിഞ്ചന്തയിൽ എല്ലാം തന്നെ സുലഭമാണ്. എങ്ങ് നിരാശയാണ് ഒരു ഭാരതീയനു ഉണ്ടാകുന്നത്. ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ നാം ആസൂത്രണം ചെയ്ത പദ്ധതികൾ കാറ്റിൽ പറത്തപ്പെടുന്നു. എവിടെയും വെട്ടിപ്പും, വഞ്ചനയും മാത്രം. എന്നിട്ടും നമ്മുടെ നേതാക്കന്മാർ നാം പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്നു.

ഇന്ന് ഭാരതീയരിൽ ദേശീയബോധം എത്രത്തോളം അപകടനിലയിൽ എത്തിയിട്ടുണ്ടെന്ന് ചൈനയുടെ ആക്രമണം തെളിയിക്കുന്നു. അനവധി ഭാരതീയ വീരസന്താനങ്ങൾ ചീനക്കാരോട്ട് ഏറ്റു വീരചരമം

അടഞ്ഞു. എന്നിട്ടും ചൈന ഭാരതത്തെ ആക്രമിച്ചു എന്നുള്ള സത്യം ഇന്നു പറയാൻ മടിയുള്ള ഒരു തരം പൌരന്മാരെ നാം തീററിപ്പോററി വളർത്തുന്നു. ഭാരത പാക്കിസ്ഥാൻ സമരത്തിൽ നമ്മുടെ വിമാനത്താവളവും മററും വിദേശികൾക്കു കാണിച്ചുകൊടുക്കുവാൻ ഇവിടെ ആളുകൾ ഉണ്ടായിരുന്നു. ഭാരതത്തെ ഏതാനും നാണയങ്ങൾക്ക് ഒററിക്കൊടുക്കുവാൻ ഇവിടെ ആളുകൾ ഉണ്ട് എന്നാണല്ലോ ഇതിൻെറ അർത്ഥം.

ഭാരതത്തിലെ ജനങ്ങൾക്കു മാതൃക കാണിക്കേണ്ടുന്ന നമ്മുടെ ജനപ്രതിനിധി സഭകളുടെ ഇന്നത്തെ നില എന്താണ്? അവിടെ അച്ചടക്കം ഉണ്ടോ? അവിടെ സമാധാനം ഉണ്ടോ? ഇന്ന് നിയമസഭകളിൽ നമ്മുടെ പ്രതിനിധികൾ കാണിച്ചു കൂട്ടുന്ന കാര്യങ്ങൾ ഏതു ഭാരതീയനെയാണ് ദുഃഖത്തിൽ ആഴ്ത്താത്തത്? ഭാവി ഭാരതത്തിൻെറ ചുക്കാൻ പിടിക്കേണ്ട വിദ്യാർത്ഥികളുടെ ഇന്നത്തെ നില എന്താണ്? ഇന്നു വിദ്യാർത്ഥികൾക്കു പഠിക്കുവാൻ സമയം ഇല്ല. അവരുടെ സമയം മുഴുവൻ സമരങ്ങൾക്കു ചെലവാക്കാൻ ആണ് അവർ ശ്രമിക്കുന്നത്. ഇതൊക്കെ കാണുമ്പോൾ ഏതു ദേശസ്നേഹിയുടെയും ഹൃദയത്തിൽ ഈ ചോദ്യം ഉടലെടുക്കുന്നു. ഭാരതം എങ്ങോട്ട്? അങ്ങനെ എവിടെ നോക്കിയാലും ദേശസ്നേഹിയായ ഒരു ഭാരതീയന് ആശാവഹമല്ലാത്ത ഒരു ചിത്രം ആണ് ഭാരതത്തെക്കുറിച്ചു ലഭിക്കുന്നത്.

എന്താണ് ഭാരതത്തിനു ഇത്തരത്തിലുള്ള ഒരു നില വരാൻ കാരണം? സുപ്രസിദ്ധ സുവിശേഷപ്രാസംഗികനായ അക്ബർഹക്കിൻെറ അഭിപ്രായത്തിൽ 'നിരാശയും', 'അസംതൃപ്തി'യും ആണ് ഇതിൻെറ മുഖ്യ ഹേതുക്കൾ. ഭാരതത്തിലെ പ്രതിപക്ഷങ്ങൾ ഇന്നു നിരാശരാണ്. അവർക്കു അടുത്ത ഭാവിയിൽ ഭരണം ലഭിക്കാം എന്നുള്ളതു ഒരു വിദൂരസ്വപ്നം മാത്രം ആണ്. ആ നിരാശയിൽനിന്നു ഉടലെടുത്ത 'വികാരം' ആണ് അവർ നിയമസഭകളിൽ കാണിച്ചു കൂട്ടുന്നത്. ഇന്നു ഭാരതത്തിലെ എല്ലാ ജനങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിൽ അസംതൃപ്തരാണ്. പതിനെട്ടു വർഷം ഒരു ഗവൺമെൻറു ഭാരതം ഭരിച്ചിട്ടും നാം റേഷൻെറ കാലത്താണ് ജീവിക്കുന്നത്. ഒരു ഭാരതീയനു വിശപ്പടക്കാനുള്ള ആഹാരം കൊടുക്കുവാൻ നമുക്കു സാധിക്കുന്നില്ല. ഭാരതത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമ്മുടെ ഗവൺമെൻറു പരാജയപ്പെട്ടു എന്നുള്ളതു സത്യം മാത്രം ആണ്. അങ്ങനെ നിരാശയും അതൃപ്തിയും ഭാരതത്തിൽ അങ്ങോളം ഇങ്ങോളം വ്യാപിച്ചിരിക്കുന്നു.

ഈ ദോഷങ്ങൾക്കു എല്ലാം കാരണം ശരിയായ ദേശീയ ബോധം നമ്മളിൽ ഇല്ല എന്നുള്ളതാണ്. നമ്മുടെ നേതാക്കന്മാരുടെ വാക്കും പ്രവൃത്തിയും ഒരു പ്രത്യേക തരത്തിലുള്ളതാണ്. ഇതെല്ലാം ദേശീയബോധത്തിൻെറ അഭാവം ആണ് കാണിക്കുന്നത്.

ഏതായാലും ഭാരതത്തിനു ഒരു നല്ല ഭാവി ആഗ്രഹിക്കുന്ന ആരും നിരാശപ്പെടേണ്ടതില്ല. കാരണം ദേശസ്നേഹികളുടെ സംഘടിത പരിശ്രമംമൂലം ഭാരതത്തിൻെറ മുഖച്ഛായ തന്നെ നമുക്കു മാററുവാൻ കഴിയും. അതുകൊണ്ടു ഭാരതീയർ തെക്കനാം വടക്കനാം എന്ന ചിന്താഗതി കൈവിട്ടു ആദ്യവസാനം നാം ഭാരതീയർ എന്ന ചിന്താഗതി പുലർത്തി ഒരു നവീന ഭാരതം കെട്ടിപ്പടുക്കുവാൻ ശ്രമിക്കട്ടെ. ഗാന്ധിജി കാണിച്ചുതന്ന മാർഗ്ഗം നാം കൈവെടിയാതിരിക്കുക. ഭാരതത്തിൽ അഴിമതിക്കെതിരായും, വർഗ്ഗീയതക്കു എതിരായും ഗാന്ധിജി നമുക്കു ഒരു മാർഗ്ഗം കാണിച്ചു തന്നിട്ടുണ്ട്. ആ മാർഗ്ഗത്തിൽക്കൂടെ ഭാരതം മുന്നേറട്ടെ. നാം ഒരിക്കലും പരാജയപ്പെടുകയില്ല. ത്രിവർണ്ണപതാകയുടെ കീഴിൽ നമുക്കു അണിനിരക്കാം. നാം ഒന്ന് എന്ന ചിന്തയോടെ മുന്നേറാം. വിജയം നമ്മുടെ ഭാഗത്താണ്.

ജയ് ഹിന്ദ്.



ചെറുകഥ

# വികാരങ്ങൾ

എബ്രഹാം ചീറാക്, വാഴൂർ. (പൂർവ്വവിദ്യാർത്ഥി)

സാധാരണയിലും നേരത്തെ വീട്ടിൽ എത്തിച്ചേർന്നു. മേശപ്പുറത്തു ഒരു കത്തു കിടക്കുന്നു. അഡ്രസ്സു നോക്കി; തനിക്കുതന്നെ. ആരു അയച്ചതാണെന്നു കയ്യക്ഷരം കണ്ടപ്പോളെ മനസ്സിലായി. എത്ര നാളുകളായി ഈ കത്തിനുവേണ്ടി കാത്തിരിക്കുന്നു? എന്തൊക്കെ വിശേഷങ്ങൾ ഇതിൽകാണും? ഉടനെ വരുമോ, എന്നോ? തിടുക്കത്തിൽ കവർ പൊട്ടിച്ചു വായിക്കുവാൻ തുടങ്ങി.

പ്രിയപ്പെട്ട ഇന്ദിരേ !

വളരെ നാളുകൾക്കു ശേഷം എൻെറ ഒരു കത്ത് ഇന്ദിരയുടെ മുൻപിൽ പ്രത്യക്ഷപ്പെടുകയാണ്. ഞാനിവിടെ കുറിക്കുന്ന വാക്കുകൾ നിൻെറ ഹൃദയത്തെ തണുപ്പിക്കുവാൻ പര്യാപ്തമായവയാണോ എന്നു സംശയമാണ്. എങ്കിലും ഹൃദയാന്തർഭാഗത്തു നിന്നും ബഹിർഗമിക്കുന്ന വികാരങ്ങളെ ഈ കടലാസ്സിലേക്കു പകർത്തുകയാണ്. ഒരു തെരുവിലൂടെ അലഞ്ഞു നടന്ന എനിക്ക് അഭയം നൽകിയ നിൻെറ അപ്പനെയും അമ്മയെയും എന്നും സ്മരിക്കാതിരിക്കുവാൻ എനിക്കു സാധിക്കില്ല. അവരുടെ സ്നേഹപൂർവ്വമുള്ള പെരുമാററം എനിക്കു നവോന്മേഷം നൽകി. ഞാനൊരു പുതിയ സൃഷ്ടിയായി തീർന്നു എന്ന് അന്നെനിക്കുതോന്നി. ഇന്ന് അവർ എന്നെ വെറുക്കുന്നുണ്ടായിരിക്കാം. എനിക്കതിൽ പരിഭവമില്ല. എൻെറ ആരുമല്ലാതിരുന്നവർ എൻെറ അമ്മാവനും അമ്മായിയും ആയിത്തീർന്നതോടെ, ഇന്ദിരയും എൻെറ ആരോ ആയിത്തീർന്ന എന്നു ഞാൻ കരുതിപ്പോയി. ഇന്ദിരയുടെ ജീവിതത്തിലേക്കു കടന്നു വരുവാൻ ഞാൻ വെമ്പൽ പൂണ്ടു. ജീവിതം അർത്ഥമുള്ളതാണെന്ന് അന്നെനിക്കു തോന്നിത്തുടങ്ങി. ഇന്ദിരയോടൊപ്പം ഞാൻ പഠിച്ചു. ഞാനൊരു ഡിഗ്രിക്കാരനായിത്തീരണം എന്ന് എന്നേക്കാളധികമായി ആഗ്രഹിച്ചു ഇന്ദിരേ! നിന്നെ മറക്കുവാൻ എനിക്കെങ്ങനെ സാധിക്കും? സകലവും തകർന്നവനായി സ്വയം കരുതിയിരുന്ന ഞാൻ എല്ലാം ഉള്ളവനായിത്തീർന്നു. പരാജയങ്ങളുടേതു മാത്രമായിരുന്ന എൻെറ ജീവിതം വിജയങ്ങളുടെ പറുദീസയാണെന്ന എനിക്കു തോന്നി.



പക്ഷേ! അധിക കാലം വേണ്ടി വന്നില്ല എൻെറ പ്രതീക്ഷകളെല്ലാം തകരുവാൻ. അമ്മാവനും അമ്മായിക്കും എന്നിൽ സംശയമായി. അമ്മാവൻെറ മേശയിൽ നിന്നും നഷ്ടപ്പെട്ട രൂപയുടെ ഉത്തരവാദിത്വം എൻെറ തലയിൽ വച്ചു. ഇന്ദിരയുമായി എനിക്കെന്തോ കൂടുതലായ അടുപ്പം ഉണ്ടെന്നും അവർ ധരിച്ചു. അജ്ഞതയുടെ കരിനീലക്കടലിൽക്കിടന്നു മുങ്ങിക്കുളിക്കുന്നവനായി എന്നെ മുദ്രയടിച്ചു. മൂടുപടം ചാർത്തിയ രൂപങ്ങൾ എന്നെ ഇളിച്ചു നോക്കി നിന്നു. ഭാവിയുടെ മുഖത്ത് കനത്ത ഒരു കരിമ്പടം ആടിയുലഞ്ഞു. എൻെറ പഠിത്തം അവസാനിച്ചു. ഞാൻ സ്വയം നശിക്കുന്നതായിത്തോന്നി. കദനത്തിൻെറ കൊച്ചു ചുഴലിയിൽക്കിടന്നു കരകാണാതെ ഉഴന്നപ്പോൾ, ഇന്ദിരേ! നീയെന്നെ സ്നേഹപൂർവ്വം പരിശുദ്ധിയുടെ പരിമള പൂത്തിങ്കളിലേക്ക് ആനയിച്ചു. കാപട്യത്തിൻെറ

കരിങ്കുപ്പായമണിഞ്ഞവർ കരിങ്കല്ലുകൾ വീശി ഓങ്ങി നിന്നപ്പോഴും നിൻെറ കാരുണ്യമൂറുന്ന കൺകോണുകൾ എനിക്കഭയം നൽകി. ആ ദിവ്യകടാക്ഷം എൻെറ അന്തരാത്മാവിൻെറ അറകളിലേക്കു് ആഞ്ഞിറങ്ങി. ''ശശിച്ചേട്ടാ! ഇവിടെ നിന്നും ഓടി രക്ഷപെട്ടുകൊൾക. എവിടെ എങ്കിലും ചെന്നാൽ ഒരു ജോലി കിട്ടും. യാതൊരു ആപത്തും വരികയില്ല,'' എന്നു പറഞ്ഞു് എന്നെ ആശ്വസിപ്പിച്ചു് ജീവിക്കുവാൻ പ്രേരണ നൽകിയ ഇന്ദിരേ! നിൻെറ സ്നേഹത്തിനു മുൻപിൽ ഞാൻ തല കുനിക്കുന്നു. അങ്ങനെ നിരാലംബനായി ഞാൻ ഇറങ്ങിത്തിരിച്ചു. കറുത്തു തഴച്ച തരുത്തലപ്പുകൾ തമസ്സിൻെറ പുതപ്പണിഞ്ഞു് ഉറങ്ങി നിന്നപ്പോൾ, ഈ നിൻെറ ശശിച്ചേട്ടൻ നാടും വീടും വിട്ടു് പർവ്വതങ്ങളുടെ നാട്ടിലേക്കു യാത്രയായി. ഇന്ദിരയുടെ ആശംസകളുമായി തിരിച്ച എന്നെ ഈശ്വരൻ കൈവെടിഞ്ഞില്ല. സ്വന്തം നാടിനു വേണ്ടി പടപൊരുതുവാൻ ഈശ്വരൻ എന്നെ നിയോഗിച്ചു. കടമകൾ നിർവിഘ്നം നിർവ്വഹിച്ചപ്പോഴും, ജീവിക്കുവാൻ പ്രേരണ നൽകിയ ഇന്ദിരയെ ഓർക്കാതിരിക്കുവാൻ സാധിച്ചിരുന്നില്ല. ചീറിപ്പായുന്ന വെടിയുണ്ടകൾക്കിടയിൽ എത്രയെത്ര ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി.

ഇന്നു് ഈ മിലിററി ആസ്പത്രിയിൽ കിടന്നു് മരണത്തോടു മല്ലിട്ടു കഴിയുന്ന നിൻെറ ശശിച്ചേട്ടനെ ഇനിയും നീ കണ്ടെന്നുവരില്ല. കട്ടിലിൽത്തന്നെ കിടന്നു ദിനങ്ങൾ തള്ളിനീക്കുന്ന ഞാൻ നിന്നെ സ്മരണയിലൂടെ കാണുകയാണു്. ഇവിടെക്കിടന്നു് ഘോര വേദനകൾ അനുഭവിക്കുന്ന ഈ മനുഷ്യൻ ഇനിയും നാട്ടിലേക്കു മടങ്ങി വരില്ല. ഒരു കാലും ഒരു കണ്ണും നഷ്ടപ്പെട്ടു്, മുറിവുകളാൽ വിരൂപനായിത്തീർന്നു്, ഒരു അസ്ഥിക്കോലമായി അവശേഷിച്ചിരിക്കുന്ന ഈ മനുഷ്യനു് നാട്ടിലാരും സ്ഥാനം തരികയില്ല. ശരീരത്തിലെ മുറിവുകൾ വിങ്ങി വിങ്ങി വേദനിക്കുമ്പോഴും ശാന്തമായി സഹിക്കുവാൻ ഇന്നെനിക്കു സാധിക്കുന്നു. ആ സഹന ശക്തി എനിക്കു നൽകിയ ഇന്ദിരേ! നീ ഒരു മാലാഖയാണു്. രക്തദാഹം പൂണ്ട ചെന്നായ്ക്കൾ നമ്മുടെ നാടിനു ചുറ്റും കൂട്ടം കൂടി. നീതിയുംഅനീതിയും തമ്മിൽ ആയുധമേന്തിയ ഒരായോധനം! എൻെറ കണ്ണുകൾ നോക്കിനിന്ന ഭീകര രംഗങ്ങൾ!! ഹോ! സ്മരണകൾ തന്നെ ഭയാനകം.

പാടുവാനും വളരുവാനും പ്രചോദനം തന്ന പൈങ്കിളീ! നിന്നോടൊത്തിരുന്നു പാടുവാനുള്ള ആശയുടെ ആകാശക്കോട്ടകളെല്ലാം തകർന്നു്, മരണത്തിൻെറ വിളിയെയും പ്രതീക്ഷിച്ചു് ഇന്നിവിടെ കഴിയുകയാണു് നിൻെറ ശശിച്ചേട്ടൻ. എന്നെപ്പോലെ എത്രയെത്ര പേർ ഇവിടെക്കിടന്നു വേദന അനുഭവിക്കുന്നു! വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷം! വേദന തളം കെട്ടി നില്ക്കുന്ന മുറികൾ! മൂളലും, കരച്ചിലും, പല്ലുകടിയും എല്ലാം ഇവിടെയുണ്ടു്. സ്നേഹപൂർവ്വം സേവനം ചെയ്യുന്ന ഡോക്ടർമാരും നേഴ്സുമാരും മാത്രമാണു് ഇന്നൊരാശ്വാസം. ഇന്ദിരേ! നമ്മുടെ ആഗ്രഹങ്ങളെല്ലാം സഫലീകരിക്കാത്തവയായി അവശേഷിക്കട്ടെ... നിന്നെ ഒരു നോക്കു കാണുവാൻപോലും ഞാൻ ഭാഗ്യമില്ലാത്തവനായിപ്പോയി. ഹൃദയം നീറി നീറി ദഹിക്കുകയാണു്. നീയെന്നെ സ്നേഹിച്ചു. നിത്യസ്നേഹത്തിൻെറ സൗരഭ്യപൂരം എന്മേൽ പകർന്നു. വിറയ്ക്കുന്ന കൈക്കുമ്പിളിൽ, കരിഞ്ഞുണങ്ങിയ കുറച്ചു പൂക്കൾ കൂടി ഓർമ്മയുടെ ശവകുടീരത്തിലേക്കു് ഞാനിതാ അർപ്പിക്കുന്നു. സ്വീകരിച്ചാലും.. എന്നെ ആശീർവ്വദിച്ചാലും...കുറവുള്ളതെങ്കിലും കറപുരളാത്ത ഈ സ്നേഹബിന്ദുക്കൾ ഗ്രഹിച്ചു് പ്രീതയാവുക.

മരുന്നിൻെറ ദുർഗന്ധവുമായി കുളിർ കാറ്റു് ഓടിയെത്തുന്നു. ഈ ഗന്ധം എത്ര നാൾ കൂടി അനുഭവിക്കണം? എന്നെ വളർത്തിയ അമ്മാവനോടും അമ്മാവിയോടും ഞാനെന്നും കടപ്പെട്ടിരിക്കും എന്നു പറയുക. മരണത്തിൻെറ ശബ്ദം ഞാൻ കേൾക്കുന്നു. എൻെറ മുറിവുകളെല്ലാം കഠിനമാണു്. അവയൊന്നും ഒരിക്കലും സുഖപ്പെടുകയില്ല. എന്നെ കൊണ്ടുപോകുവാൻ മരണദൂതൻ വരുന്നതും കാത്തിരിക്കുകയാണു് ഞാൻ. ഇനിയും നീ എന്നെയും കാത്തിരിക്കരുതു്. ഹൃദയം വേദനിപ്പിക്കരുതു്. കഴിഞ്ഞതെല്ലാം ഓർക്കാതിരിക്കുവാൻ ശ്രമിക്കുക, സന്തോഷത്തോടെ എനിക്കു യാത്രാനുമതി നൽകിയാലും ... ദിവസങ്ങൾക്കകം ഞാൻ യവനികക്കുള്ളിൽ മറയും. ഇന്ദിരേ! ... നിനക്കു നന്മവരട്ടെ.

എന്നു്

ശശിച്ചേട്ടൻ.

ഇന്ദിരയുടെ കണ്ണുകൾ നിറഞ്ഞു. ഹൃദയം തുടിച്ചു. കണ്ണിലൂടെ ഇരുട്ടു കയറുന്നോ? കുഴഞ്ഞുമായി കട്ടിലിലേക്കു മറിഞ്ഞു. മനസ്സിലൂടെ പല വികാരങ്ങൾ കയറിയിറങ്ങിപ്പോകുന്നു. കണ്ണുനീർത്തുള്ളികൾ വീണു് കത്തിലെ അക്ഷരങ്ങൾ അവ്യക്തമായിക്കൊണ്ടിരുന്നു.

---



കണ്ണീർക്കടലിൽ നിന്നൊരു പുഞ്ചിരികരയണയുംപോലെ
വന്നിതു കന്നിൻചെരുവിൽ ചിങ്ങപ്പുലരിപ്പെൺപേ നീ!

*By* A. Bala Chandran, Final Year Chemistry